

"വാക്സിനേഷനിൽ ഭാരതം റെക്കോർഡ് തീർത്തിരിക്കുന്നു. വൈകാതെ ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ നിർമ്മാണ ഹബ്ബായി ഭാരതം മാറും"

അഭിമുഖം:കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രി മൻസുഖ് മാണ്ഡവ്യ പേജ് 22-25

വാല്യം 2, ലക്കം 8

# ന്യൂ ഇന്ത്യ സമാചാർ

ഒക്ടോബർ 16-31, 2021

സൗജന്യ വിതരണത്തിന്



## വാക്സിൻ രാജ്യത്തിന്റെ സംരക്ഷണ കവചം

കൊവിഡ് മഹാവ്യാധിക്കെതിരായ പോരാട്ടത്തിൽ പ്രതിരോധ കുത്തിവെപ്പിന്റെ ഒരു പുതിയ അളവുകോൽ തീർത്തിരിക്കുകയാണ് ഭാരതം,അർഹരായ 100% ആളുകൾക്കും വാക്സിൻ നൽകുക എന്ന ലക്ഷ്യത്തിലേക്ക് വേഗത്തിൽ മുന്നേറുകയാണ് രാജ്യം



# “ചെറിയ പരിശ്രമങ്ങൾ ചിലപ്പോൾ വലിയ മാറ്റങ്ങളുണ്ടാക്കുന്നു”

ചെറിയ പരിശ്രമങ്ങൾ രാജ്യത്തിന്റെ മാറ്റത്തിന്റെ യാത്രയെ മുന്നോട്ടു നയിക്കുകയാണ്-കൊറോണക്കെതിരായ പോരാട്ടം,പ്രാദേശിക ഉൽപ്പന്നങ്ങളോടുള്ള താൽപര്യം,ശുചിത്വം എന്ന ശീലം,നദികളുടെ പുനരുജ്ജീവനം, അറിയപ്പെടാത്ത നായകരുടെ കഥകളിലൂടെ ജനങ്ങൾക്ക് പ്രചോദനം നൽകൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം ടീം ഇന്ത്യ എന്ന ചിന്തയിൽ വലിയ മുന്നേറ്റങ്ങളാണ് രാജ്യം നടത്തുന്നത്.ഈ വിഷയങ്ങളിലെല്ലാം മൻ കി ബാത് പരിപാടിയിലൂടെ പ്രധാനമന്ത്രി ജനങ്ങളോട് സംസാരിച്ചു.പ്രസക്തഭാഗങ്ങൾ:

- **ശുചിത്വം ശീലമാകുന്നു:** മഹാത്മാഗാന്ധിക്ക് നൽകുന്ന ഏറ്റവും വലിയ ആദരാഞ്ജലിയാണ് ശുചിത്വം.ഇന്ന്,നിരവധി ദശാബ്ദങ്ങൾക്ക് ശേഷം ശുചിത്വ മുന്നേറ്റം രാജ്യത്തെ നവഭാരതം എന്ന സ്വപ്നത്തിലേക്ക് എത്തിച്ചിരിക്കുകയാണ്.ശുചിത്വം എന്നത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ ഉത്തരവാദിത്വമാണ്.ഇത് നാം വരും തലമുറകളിലേക്ക് പകർന്നുകൊടുക്കണം.അങ്ങനെ അത് നമ്മുടെ സമൂഹത്തിന്റെ ഭാഗമായി മാറും.
- **സാമ്പത്തിക ശുചിത്വം:**സാമ്പത്തിക ശുചിത്വത്തിൽ സാങ്കേതികവിദ്യക്ക് വലിയ പ്രാധാന്യമുണ്ട്.ഗ്രാമങ്ങളിൽ പോലും സാധാരണക്കാർ യുപിഐ ഉപയോഗിച്ച് പണമിടപാടുകൾ നടത്തുന്നു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്.അതിന്റെ പ്രാധാന്യം ദിനംപ്രതി വർദ്ധിച്ചുവരികയാണ്.ജൻ ധൻ അക്കൗണ്ടുകൾക്കായി രാജ്യത്തു നടത്തിയ ക്യാംപയിൻ സംബന്ധിച്ച് നിങ്ങൾക്ക് അറിവുണ്ടാകും,അതുവഴി അർഹതപ്പെട്ട പണം പാവപ്പെട്ടവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നു.ശൗചാലയങ്ങൾ പാവപ്പെട്ടവരുടെ അന്തസ്സ് വർദ്ധിപ്പിച്ചു,സമാനമായി സാമ്പത്തിക ശുചിത്വം പാവപ്പെട്ടവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നു.അവരുടെ ജീവിതം ആയാസരഹിതമാക്കുന്നു.
- **ദീൻദയാൽ ഉപാധ്യായ ജി യുടെ സാമ്പത്തിക വീക്ഷണം:**കഴിഞ്ഞ നൂറ്റാണ്ടിലെ മഹാൻമാരായ ചിന്തകരിൽ പ്രധാനിയാണ് ദീൻദയാൽ ഉപാധ്യായ ജി.അദ്ദേഹത്തിന്റെ സാമ്പത്തിക തത്വശാസ്ത്രം,നയങ്ങൾ എല്ലാം ലക്ഷ്യമിട്ടത് സമൂഹത്തിന്റെ ഉന്നമനമാണ്.അദ്ദേഹം കാണിച്ചു തന്ന അന്ത്യോദയയുടെ പാത ഇന്നും പ്രസക്തമാണ്,അത് സർക്കാർ നടപ്പിലാക്കുകയും ചെയ്തിരിക്കുന്നു.ഒരിക്കലും പിൻമാറരുത് എന്ന പാഠമാണ് അദ്ദേഹത്തിന്റെ ജീവിതം നമുക്ക് നൽകുന്നത്.പ്രതികൂലമായ രാഷ്ട്രീയ പ്രത്യയശാസ്ത്ര സാഹചര്യങ്ങളിലും സ്വദേശി,ഭാരതത്തിന്റെ വികസനത്തിന് സ്വദേശി മാതൃക എന്നുള്ള കാഴ്ച്ചപ്പാടുകളിൽ നിന്നും അദ്ദേഹം വ്യതിചലിച്ചില്ല.
- **വോക്കൽ ഫോർ ലോക്കൽ:**സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികമായ ഈ അമൃത് മഹോത്സവ കാലത്ത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ് ഖാദിക്ക് ലഭിച്ചിരിക്കുന്ന സ്വീകാര്യത.സ്വാതന്ത്ര്യസമര കാലത്ത് ഖാദിക്ക് എത്ര പ്രാധാന്യം ഉണ്ടായിരുന്നോ,അത്രയും പ്രാധാന്യം നമ്മുടെ യുവജനത ഖാദിക്ക് ഇന്ന് നൽകുന്നു.ഇനി ദീപാവലി ആഘോഷം വരികയാണ്,ദീപാവലി സമയത്ത് നിങ്ങൾ വാങ്ങുന്ന ഓരോ ഖാദി ഉൽപ്പന്നവും വോക്കൽ ഫോർ ലോക്കൽ ക്യാംപയിനെ ശക്തിപ്പെടുത്തും,അത് എല്ലാ റെക്കോഡുകളെയും ഭേദിക്കണം.
- **അറിയപ്പെടാത്ത നായകരെ അറിയാൻ യുവജനങ്ങൾ:**അമൃത് മഹോത്സവത്തിന്റെ ഈ സമയത്ത് അറിയപ്പെടാതെ പോയ വീരനായകരുടെ കഥകൾ ജനങ്ങളിലേക്കെത്തിക്കാനുള്ള ഒരു ക്യാംപയിൻ നടക്കുന്നുണ്ട്.ഇതിനായി വരുംകാല എഴുത്തുകാരെയും,രാജ്യത്തെ യുവജനങ്ങളെയും,ലോകത്താകമാനമുള്ളവരെയും ക്ഷണിച്ചിട്ടുണ്ട്.ഇതിൽ 14 വ്യത്യസ്തഭാഷകളിലായി 13000ത്തിലധികം ആളുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.5000ത്തിലധികം ഭാവി എഴുത്തുകാർ സ്വാതന്ത്ര്യ സമരത്തിന്റെ പോരാട്ടങ്ങളുടെ കഥ അന്വേഷിക്കുന്നു.
- **നദികളെ പുനരുജ്ജീവിപ്പിക്കുന്നു:**ഭാരതത്തിന്റെ എല്ലാ ഭാഗത്തും വർഷത്തിൽ ഒരിക്കലെങ്കിലും നദി ആഘോഷം സംഘടിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.നമുക്ക് നദികൾ ജീവനുള്ള ഒരു വസ്തുവാണ്.മൺസൂൺ കാലത്ത് ജലസംഭരണത്തിനായി ക്യാച്ച് ദി റെയിൻ ക്യാംപയിൻ നടത്തിയിരുന്നു.വറ്റിവരണ്ടുപോയ തമിഴ്നാട്ടിലെ നാഗനന്ദി നദി സ്ത്രീകളുടെ പങ്കാളിത്തത്തിൽ ഇന്ന് ജലസമൃദ്ധമായിരിക്കുന്നു.
- **സമ്മാനങ്ങളുടെ ഇ-ലേലം:**ഈ ദിവസങ്ങളിൽ ഒരു പ്രത്യേക ഇ-ലേലം നടന്നു.എനിക്ക് ആളുകൾ തന്ന സമ്മാനങ്ങളാണ് ലേലത്തിൽ വച്ചത്.ലേലത്തിൽ നിന്നും ലഭിക്കുന്ന മുഴുവൻ പണവും നമാമി ഗംഗെ പദ്ധതിയിലേക്ക് നൽകും.
- **ദിവ്യാംഗരുടെ ഉയർന്ന ആവേശം:**നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവുമുള്ള നമ്മുടെ ദിവ്യാംഗർ എല്ലാവർക്കും പ്രചോദനമാണ്.കഴിഞ്ഞ കുറച്ചുദിവസങ്ങൾക്ക് മുമ്പ് സിയാച്ചിനിലെ ദുർഘട സാഹചര്യത്തിൽ 8 അംഗങ്ങളുള്ള ദിവ്യാംഗരുടെ സംഘം കാണിച്ച അഭ്യാസം രാജ്യത്തെ ഓരോ പൗരനും അഭിമാനിക്കാവുന്ന കാര്യമാണ്.കരസേനയുടെ പ്രത്യേക സ്പെഷ്യൽ ഫോഴ്സിന്റെ പരിശ്രമഫലമായാണ് ഇത് സാധ്യമായത്.

മൻ കി ബാത്തിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 2 ലക്കം 8 ഒക്ടോബർ 16 – 31,2021

**എഡിറ്റർ**
**ജയദീപ് ഭട്നാഗർ**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ
പ്രസ് ഇൻഫർമേഷൻ ബ്യൂറോ
ന്യൂ ഡൽഹി

**കൺസൽട്ടിംഗ് എഡിറ്റർ**
**സന്തോഷ് കുമാർ**

**ടീം**
വിഭോർ ശർമ്മ
ചന്ദൻ കുമാർ ചൗധരി,
സുമിത് കുമാർ (ഇംഗ്ലീഷ്),
അനിൽ പട്ടേൽ(ഗുജറാത്തി),
നദീം അഹമ്മദ്(ഉറുദു),
സോനിത് കുമാർ ഗോസ്വാമി(ആസാമീസ്),
വിനയ പി എസ്(മലയാളം),
പൗലാമി രക്ഷിത്(ബംഗാളി)

**ഡിസൈൻ ടീം**
ശ്യാം ശങ്കർ തിവാരി
രവീന്ദ്ര കുമാർ ശർമ്മ
ദിവ്യ തൽവാർ
അഭയ് ഗുപ്ത

**പ്രസിദ്ധീകരിച്ച് അച്ചടിക്കുന്നത്**
**സത്യേന്ദ്ര പ്രകാശ്**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, ബിഒസി
ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ്
കമ്മ്യൂണിക്കേഷന് വേണ്ടി

**Printed at**
Infinity Advertising services Pvt.Ltd.
FBD-One Corporate Park,10th floor,
New Delhi-Faridabad Border,NH-1,
Faridabad-121003



**ബന്ധപ്പെടാനുള്ള വിലാസവും ഇ – മെയിലും**

റൂം നമ്പർ - 278, ബ്യൂറോ ഓഫ് ഔട്ട്
റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,
രണ്ടാം നില, സൂചന ഭവൻ,
ന്യൂ ഡൽഹി - 110003

response-nis@pib.gov.in



RNI No. : DELMAL/2020/78826


## അകത്തെ പേജുകളിൽ

### 'വാക്സിൻ സേവനം' ആരോഗ്യത്തിന്റെ സംരക്ഷണ കവചം




**കവർ സ്റ്റോറി**

കൊറോണ വാക്സിൻ കുത്തിവെപ്പിൽ പുതിയ റെക്കോഡ് സൃഷ്ടിച്ചിരിക്കുകയാണ് ഭാരതം.ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ യജ്ഞം ദീർഘവീക്ഷണത്തോടെയും കൃത്യമായ ആസൂത്രണത്തോടെയും നടപ്പാക്കുന്നതിന് ലോകരാജ്യങ്ങളിൽ നിന്ന് പ്രശംസ ഏറ്റുവാങ്ങുകയാണ് രാജ്യം.

പേജുകൾ 10-21

**സർദാർ വല്ലഭായി പട്ടേൽ: ഭാരതത്തെ ഏകീകരിച്ച ഉരുക്കുമനുഷ്യൻ**

ഉറച്ച തീരുമാനങ്ങളിലൂടെ ഇന്നത്തെ ഭാരതത്തിന്റെ തറക്കല്ലിടുകയും,ആത്മസമർപ്പണത്തിന്റെയും ശക്തിയുടെയും പാത ഭാവിതലമുറക്ക് കാണിച്ചു കൊടുക്കുകയും ചെയ്ത വ്യക്തിത്വമാണ് സർദാർ വല്ലഭായി പട്ടേൽ.



പേജുകൾ 06-07

**ഉഡാൻ**



ഉഡാൻ പദ്ധതി സാധാരണക്കാർക്ക് വിമാനയാത്ര സാധ്യമാക്കി

പേജുകൾ 38-40

**വാർത്തകൾ ചുരുക്കത്തിൽ** പേജുകൾ 04-05

**പുതിയ പ്രതിരോധ ഓഫീസ് സമുച്ചയം**
അതിശക്തമായ സേന-സ്വയംപര്യാപ്തതയിലേക്ക് മുന്നേറുന്നു — പേജുകൾ 08-09

**അഭിമുഖം**
കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രി മൻസുഖ് മാണ്ഡവ്യ — പേജുകൾ 22-25

**ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ**
-ഭാരതത്തിന്റെ പുതിയ ആരോഗ്യ മാതൃക — പേജുകൾ 26-27

**കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ**
ഓട്ടോമൊബൈൽ ഡ്രോൺ വ്യവസായങ്ങൾക്ക് പ്രോത്സാഹനം — പേജ് 28

**പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം**
ഭാരതത്തിന്റെ പുരോഗതിയിലാണ് ലോകത്തിന്റെ പുരോഗതി — പേജുകൾ 29-32

**കൃഷി**
കൃഷി മെച്ചപ്പെടുത്താൻ ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുന്നു — പേജുകൾ 36-37



**മാതൃഭൂമിയെ പരമപ്രധാനമായി കണ്ടവർ**
രാജ്യത്തെ പരമപ്രധാനമായി കണ്ട ധീരനായകരുടെ വീരകഥകൾ

പേജുകൾ 41-45

# മുഖപ്രസംഗം

സാദരം നമസ്കാരം,

നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് നടക്കുക
പ്രതിസന്ധികളെയെല്ലാം മറികടന്ന്
ഇരുട്ടിനെ അകറ്റാൻ
കാരണം ഇപ്പോൾ സൂര്യൻ ഉദിച്ചിരിക്കുന്നു

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കവി ഹൃദയത്തിൽ നിന്നുള്ള ഈ വാക്കുകൾ വികസനത്തിന്റെ പുതിയ അളവുകോലുകൾ സൃഷ്ടിക്കുന്ന നവഭാരതമെന്ന നിർണ്ണയത്തെ പ്രതിഫലിപ്പിക്കുന്നു.കൊവിഡ് മഹാവ്യാധി ലോകത്തെ ബാധിച്ച സമയത്ത്,ഇത്രയധികം ജനസംഖ്യയുള്ള ഭാരതം ഈ പ്രതിസന്ധിയെ മറികടക്കുമോ എന്നതായിരുന്നു ലോകത്തിന്റെ സംശയം.എന്നാൽ രാജ്യത്തെ ജനസംഖ്യയെ പ്രയോജനമുള്ള മാനവ വിഭവശേഷിയായി മാറ്റിയ കേന്ദ്രസർക്കാർ കൊവിഡിനെതിരായ യുദ്ധത്തിൽ വിജയിക്കുകയും ജവിതത്തിന്റെ എല്ലാ മേഖലകളിലും വേഗത്തിലുള്ള വികസനം ഉറപ്പുവരുത്തുകയും ചെയ്തു.ഇപ്പോൾ കൊവിഡ് വാക്സിനേഷനിൽ പുതിയ റെക്കോഡ് തീർത്തിരിക്കുകയാണ് ഭാരതം.സെപ്റ്റംബർ 17ന് 2.5 കോടി ആളുകൾക്ക് വാക്സിൻ നൽകി രാജ്യം ചരിത്രം കുറിച്ചു.

100 കോടി ആളുകൾക്ക് വാക്സിൻ നൽകുക എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ് രാജ്യം.ഒപ്പം തന്നെ രാജ്യത്ത് അർഹരായ എല്ലാവർക്കും വാക്സിൻ നൽകുക എന്ന ലക്ഷ്യത്തിലേക്കും വേഗത്തിൽ മുന്നേറുകയാണ് രാജ്യം.വേഗത്തിലുള്ള വാക്സിനേഷൻ ഭാരതം പോലെ വൈവിധ്യം നിറഞ്ഞ രാജ്യത്ത് എളുപ്പത്തിലുള്ള കാര്യമായിരുന്നില്ല.തദ്ദേശീയമായി 2 വാക്സിനുകൾ നിർമ്മിക്കുക,അവ വളരെ വേഗത്തിൽ ജനങ്ങളിലേക്ക് എത്തിക്കുക എന്നത് രാജ്യം കൈവരിച്ച സുപ്രധാനമായ നേട്ടമാണ്.

ഇത്രയും വേഗതയിൽ നടക്കുന്ന വാക്സിനേഷൻ യജ്ഞം ചരിത്രത്തിൽ അസാധാരണമാണ്.2014മുതൽ രാജ്യത്തെ ആരോഗ്യമേഖലയെ ഉടച്ചുവാർക്കാനായി സർക്കാർ നടത്തുന്ന പരിശ്രമങ്ങളുടെ ഫലമായി രാജ്യത്തെ ശാസ്ത്രജ്ഞരും മെഡിക്കൽ സംവിധാനവും ലോകത്തിന്റെ വിശ്വാസ്യത നേടി.രാജ്യത്തെ ഭരണനേതൃത്വത്തിനും ജനങ്ങൾക്കും സ്വയം വിശ്വാസമുണ്ടാകുമ്പോഴാണ് അത്തരം അഭിലാഷങ്ങൾ യാഥാർത്ഥ്യമാകുന്നത്.കൊവിഡ് മഹാവ്യാധി സമയത്ത് ജനങ്ങളുടെ ജീവനും ഉപജീവനവും സംരക്ഷിക്കുന്നതിൽ സർക്കാർ വിജയിച്ചു.സ്വപ്നസമാനമായ വേഗതയിൽ വിജയകരമായി പുരോഗമിക്കുന്ന ഭാരതത്തിന്റെ വാക്സിനേഷൻ യജ്ഞമാണ് ഇത്തവണത്തെ കവർ സ്റ്റോറി.ആരോഗ്യമേഖലക്ക് പ്രോത്സാഹനം നൽകിയ ക്യാബിനറ്റ് തീരുമാനവും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രിയുമായുള്ള അഭിമുഖവും ഈ ലക്കത്തിന്റെ സവിശേഷതകളാണ്.

ജൻമവാർഷികത്തിൽ സർദാർ വല്ലഭായി പട്ടേലിനെ രാജ്യം സ്മരിക്കുന്നു.രാജ്യത്തെ ഏകീകരിച്ച ഉരുക്കുമനുഷ്യന്റെ കഥ,അന്താരാഷ്ട്രതലത്തിൽ ഉയർന്നുവരുന്ന ഭാരതത്തിന്റെ സ്വീകാര്യത,കൊവിഡ് മഹാവ്യാധിക്കിടെ ഐക്യരാഷ്ട്രസഭയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗം തുടങ്ങിയവയാണ് മറ്റ് ആകർഷണങ്ങൾ.സാധാരണക്കാർക്ക് വിമാനയാത്ര സാധ്യമാക്കിയ ഉഡാൻ പദ്ധതി,സൻസദ് ടിവി എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളും വായിക്കാം.സ്വാതന്ത്ര്യസമര സേനാനികൾ-ജതീന്ദ്രനാഥ് ദാസ്,അഷ്ഫഖുള്ള ഖാൻ,കിറ്റൂരിലെ റാണി ചെന്നമ്മ,നിർമ്മല ദേശ്പാണ്ഡെ,സിസ്റ്റർ നിവേദിത,ആചാര്യ നരേന്ദ്ര ദേവ്,ശ്രീ കൃഷ്ണ സിങ് എന്നിവരുടെ ജീവിതകഥകളാണ് ആസാദി കാ അമൃത് മഹോത്സവത്തിൽ.

ഞങ്ങളെ പ്രതികരണങ്ങൾ അറിയിക്കുന്നത് തുടരുക


വിലാസം : റൂം നമ്പർ-278,ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,രണ്ടാം നില,സൂചന ഭവൻ, ന്യൂ ഡൽഹി-110003

ഇ-മെയിൽ : response-nis@pib.gov.in

(ജയദീപ് ഭട്നാഗർ)

# എഴുത്തുപെട്ടി




ജനങ്ങൾക്ക് പ്രയോജനകരമായ നിരവധി വിവരങ്ങൾ നൽകുന്ന മാസികയാണ് ന്യൂ ഇന്ത്യ സമാചാർ.മാസികയുടെ സ്ഥിരം വരിക്കാരനാണ് ഞാൻ.ഇത്രയധികം വിവരങ്ങൾ ഉൾക്കൊള്ളുന്നതും,എളുപ്പത്തിൽ ലഭ്യമാകുന്നതുമായ മാസിക പ്രസിദ്ധീകരിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും മാസികയുടെ എഡിറ്റോറിയൽ ടീം അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**പാർത്ഥ വസൻ**
**paarth26wassan@gmail.com**

## നിർദ്ദേശങ്ങൾ അയക്കുക

### വിലാസവും ഇ-മെയിലും

**റൂം നമ്പർ-278,ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ, രണ്ടാം നില, സൂചന ഭവൻ,ന്യൂഡൽഹി-110003**

**response-nis@pib.gov.in**

ന്യൂ ഇന്ത്യ സമാചാർ ഇ-മെയിലിൽ ലഭിക്കുമ്പോഴെല്ലാം എന്റെ മുഖത്ത് ഒരു പുഞ്ചിരി വിടരും.ഈ മാസിക വളരെ അധികം വിവിരങ്ങൾ നൽകുന്നതും പ്രചോദനകരവുമാണ്.ഇത് രാജ്യത്ത് സർക്കാർ നടപ്പാക്കുന്ന പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ എനിക്ക് നൽകുന്നു.അറിയപ്പെടാത്ത നായകരുടെ വീരകഥകൾ വിശദീകരിക്കുന്ന ആസാദി കാ അമൃത് മഹോത്സവ് പരമ്പര വലിയ പ്രചോദനം നൽകുന്നു.ഈ മാഗസിൻ വായിക്കുന്നത് അത്യധികം ആനന്ദകരമായ അനുഭവമാണ്.

**സി എ സഞ്ജീത്ത് കുമാർ**
**casanjeetkumar@gmail.com**

ഞാൻ ന്യൂ ഇന്ത്യ സമാചാറിന്റെ സ്ഥിരം വായനക്കാരനാണ്.വായനക്കാർക്ക് വളരെ പ്രയോജനകരവും ഉപകാരപ്രദവുമായ വിവരങ്ങൾ നൽകുന്ന മാസികയാണിത്.നിത്യജീവിതത്തിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഈ മാസികയിൽ ഉൾപ്പെടുത്തണം.അതുവഴി അത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും കഴിയും.

**ചൗധരി ശക്തി സിങ്**
**shaktisinghadv@gmail.com**

ന്യൂ ഇന്ത്യ സമാചാറിന്റെ തുടക്കം മുതൽ തന്നെ ഞാൻ മാസികയുടെ വായനക്കാരനാണ്.വിവരങ്ങളുടെ കാര്യത്തിൽ മാസിക ഒരിക്കലും എന്നെ നിരാശപ്പെടുത്തിയിട്ടില്ല.ഈ മാസികക്ക് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും എന്റെ നന്ദി

**അജയ് മജൂംദാർ**
**ajaymajumder675@gmail.com**

വിവിധ മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്ന വ്യക്തിയാണ് ഞാൻ.മെയിൻ പരീക്ഷകളെഴുതാൻ ഈ മാസിക വളരെയധികം സഹായകരമാണ്.ഈ മാസികയുടെ അച്ചടിച്ച പതിപ്പ് എനിക്ക് അയക്കാമോ?

**നാസിർ ഖാൻ**
**nazir@ddn.amarujala.com**

വാർത്തകൾ ചുരുക്കത്തിൽ



## രാജ്യത്തെ ഏറ്റവും നീളമുള്ള ഡൽഹി -മുംബൈ എക്സ്പ്രസ് വെ 2023 മാർച്ചിൽ പൂർത്തിയാകും

സാമ്പത്തിക പുരോഗതി,നവീകരണ ചിന്ത,യുവത്വം നിറഞ്ഞ സ്വപ്നങ്ങൾ എന്നിവക്ക് ചിറക് നൽകുന്നതിനൊപ്പം ലോകനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുകയാണ് നവഭാരതം.98000 കോടി ചിലവിൽ നിർമ്മിക്കുന്ന 1380 കിലോമീറ്റർ നീളമുള്ള ഡൽഹി-മുംബൈ എക്സ്പ്രസ് വെ ആണ് രാജ്യത്തെ ഏറ്റവും നീളമുള്ള എക്സ്പ്രസ് വെ.ഭാരത്മാല പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായാണ് ഇത് നിർമ്മിക്കുന്നത്.ഡൽഹി,ഹരിയാന,രാജസ്ഥാൻ,മധ്യപ്രദേശ്,ഗുജറാത്ത്,മഹാരാഷ്ട്ര എന്നീ 6 സംസ്ഥാനങ്ങളിലൂടെയാണ് എക്സ്പ്രസ് വെ കടന്നുപോകുന്നത്. ഡൽഹിക്കും മുംബൈക്കും ഇടയിലുള്ള ദൂരത്തിൽ 130 കിലോമീറ്റർ കുറക്കാൻ എക്സ്പ്രസ് വെ സഹായിക്കും.എക്സ്പ്രസ് വെ ക്ക് ഇരുവശങ്ങളിലുമായി വ്യാവസായിക ഇടനാഴി പണിയാനും പദ്ധതിയുണ്ട്.ഇത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.എക്സ്പ്രസ് വെ വരുന്നതോടെ ഇന്ധന ഉപയോഗത്തിൽ 320 മില്യൺ ലിറ്ററിന്റെ കുറവ് വരും.കാർബൺ ഡൈ ഓക്സൈഡ് വിസർജ്ജനത്തിൽ 850 മില്യൺ കിലോഗ്രാമിന്റെ കുറവ് വരും.ഇത് 40 മില്യൺ മരങ്ങൾ നടുന്നതിന് തുല്യമാണ്.ഇത് പരിസ്ഥിതിക്ക് വളരെയധികം ഗുണം ചെയ്യും.ഹൈവെയിൽ എല്ലാ 500 മീറ്ററിലും മഴവെള്ള സംഭരണികൾ ഉണ്ടാകും.ഹൈവെ യുടെ ഇരുവശങ്ങളിലും 40 ലക്ഷം മരങ്ങൾ നട്ടുപിടിപ്പിക്കാൻ പദ്ധതിയുണ്ട്.പാതയിൽ മൃഗങ്ങൾക്കും മറ്റു വന്യജീവികൾക്കും അണ്ടർപാസ് നിർമ്മിച്ചിട്ടുള്ള രാജ്യത്തെ ആദ്യ നിർമ്മിതിയാണ് ഇത്.അത്തരം 5 അണ്ടർപാസുകൾ ഈ പാതയിലുണ്ടാകും.

**ഡൽഹി-മുംബൈ എക്സ്പ്രസ് വെ ടൈംലൈൻ**

| 214 | 100 | 250 |
|---|---|---|
| കി.മീ | കി.മീ | കി.മീ |
| ഡൽഹി-ദൗസ | വഡോദര-അങ്കലേശ്വർ | കോട്ട-രത്‌ലം |
| (മാർച്ച്, 2022) | (മാർച്ച്, 2022) | (നവംബർ, 2022) |

ബാക്കിയുള്ളവ 2023 മാർച്ചിനുള്ളിൽ പൂർത്തിയാകും.

## കൊറോണക്കാലത്ത് തൊഴിൽ മേഖലയിൽ നല്ലവാർത്ത; ജൂലായിൽ ഇപിഎഫ്ഒ യിൽ ചേർന്നത് 14.65 ലക്ഷം അംഗങ്ങൾ

കേന്ദ്രസർക്കാരിന്റെ നയങ്ങളുടെ ഫലമായി രാജ്യത്ത് യുവജനങ്ങൾക്കുള്ള തൊഴിലവസരങ്ങൾ വർദ്ധിച്ചു വരികയാണ്.ജൂലായിൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ(ഇപിഎഫ്ഒ) ചേർന്നവരുടെ എണ്ണത്തിൽ റെക്കോഡ് വർദ്ധനയുണ്ടായി.14.65 ലക്ഷം അംഗങ്ങളാണ് ജൂലായിൽ ചേർന്നത്.നെറ്റ് പെ-റോളിൽ കഴിഞ്ഞ 4 വർഷത്തിലുണ്ടായ വർദ്ധനവും തൊഴിൽ വർദ്ധനവാണ് കാണിക്കുന്നത്.ജൂൺ 2021നെ അപേക്ഷിച്ച് ജൂലായ് 2021ൽ നെറ്റ് സബ്സ്ക്രൈബർ എണ്ണത്തിൽ 31.28 ശതമാനത്തിന്റെ വർദ്ധനയുണ്ടായി.ജൂണിൽ 11.16ലക്ഷം അംഗങ്ങളാണ് പുതുതായി വന്നതെങ്കിൽ ജൂലായിൽ 14.65 ലക്ഷം അംഗങ്ങൾ




വന്നു,അതിൽ തന്നെ 9.02ലക്ഷം അംഗങ്ങൾ ഇപിഎഫ്ഒ സാമൂഹ്യ സുരക്ഷ പരിരക്ഷയിൽ വരുന്നവരാണ്.ഇതാദ്യമായാണ് ഇത്രയും പേർ സാമൂഹ്യ സുരക്ഷ പരിരക്ഷയിൽ വരുന്നത്.പുറത്തുപോയ 5.63 ലക്ഷം സബ്സ്ക്രൈബർമാർ അതേ സ്ഥാപനങ്ങളിൽ തന്നെ ജോലിമാറി തിരിച്ചെത്തി.ജൂലായ് 2021ലെ കണക്ക് പ്രകാരം ഇപിഎഫ്ഒ യിൽ ചേരുന്ന ആളുകളുടെ എണ്ണത്തിൽ ആദ്യമായി 6 ശതമാനം വർദ്ധനയുണ്ടായി.

# ആഗോള നവീകരണ സൂചികയിൽ ഭാരതത്തിന്റെ കുതിച്ചുചാട്ടം, 2015ലെ 81-ാം സ്ഥാനത്തുനിന്ന് 2021ൽ 46ലേക്ക്

സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുകയെന്ന നവീകരണ സംസ്ക്കാരം ഭാരതത്തിൽ ശക്തിപ്പെടുകയാണ്. കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും സ്വയംപര്യാപ്ത ഭാരതമെന്ന നേട്ടത്തിലേക്ക് രാജ്യം കുതിക്കുന്നു. 2021ലെ ആഗോള നവീകരണ സൂചികയിൽ(ഗ്ലോബൽ ഇന്നവേഷൻ ഇൻഡക്സ്-ജിഐഐ) വലിയ നേട്ടമാണ് ഭാരതം കൈവരിച്ചത്. 2015ൽ 81-ാം സ്ഥാനത്തായിരുന്ന ഭാരതം ഇത്തവണ 46-ാം സ്ഥാനത്തേക്ക് എത്തി. വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ(ഡബ്ല്യുഐപിഒ) ആണ് എല്ലാ വർഷവും രാജ്യങ്ങളുടെ റാങ്കിംഗ് നിശ്ചയിക്കുന്നത്. രാഷ്ട്രീയ സാഹചര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, ബിസിനസ് അന്തരീക്ഷം എന്നിവയെല്ലാം കണക്കിലെടുത്താണ് റാങ്കിംഗ് തയ്യാറാക്കുന്നത്. "സർക്കാർ -സ്വകാര്യ ഗവേഷണ സ്ഥാപനങ്ങളും മികച്ച സ്റ്റാർട്ട് അപ്പ് അന്തരീക്ഷവുമാണ് ഭാരതത്തിന്റെ റാങ്കിംഗ് നേട്ടത്തിന് സഹായിച്ചത്.




ആണവോർജ്ജ വകുപ്പ്, ശാസ്ത്ര സാങ്കേതിക മന്ത്രാലയം, ബയോടെക്നോളജി വകുപ്പ്, ബഹിരാകാശ മന്ത്രാലയം എന്നിവയെല്ലാം ഭാരതത്തിന്റെ ആഗോള നവീകരണ സൂചിക ശക്തിപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്, ഡബ്ല്യുഐപിഒ പ്രസ്താവിച്ചു.

## ശുദ്ധ അന്തരീക്ഷത്തിനായി നൂതന സംരംഭങ്ങൾ; രാജ്യത്തെ ആദ്യ ആന്റി സ്മോഗ് ടവർ ഡൽഹിയിൽ

അന്തരീക്ഷ മലിനീകരണം ഇല്ലാതാക്കുകയെന്നത് വെറും ആശങ്കകൾ മാത്രമായല്ല സുപ്രധാന ആവശ്യമായാണ് പരിഗണിക്കേണ്ടത്. ഈ ദിശയിൽ പുതിയ തുടക്കമാണ് രാജ്യതലസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. ശീതകാലത്തെ വായൂമലിനീകരണ തോത് ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യത്തെ ആദ്യത്തെ സ്മോഗ് ടവർ ഡൽഹിയിലെ ആനന്ദ് വിഹാറിൽ സ്ഥാപിച്ചു. സപ്തംബർ 7ന് കേന്ദ്രപരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനവകുപ്പ് മന്ത്രി ഭൂപേന്ദ്ര യാദവ് ടവറിന്റെ ഉദ്ഘാടനം നിർവഹിച്ചു. ടവറിലെ വായൂ ശുദ്ധീകരണ സംവിധാനം തയ്യാറാക്കിയത് മിനിസോട്ട സർവ്വകലാശാലയാണ്. സെക്കന്റിൽ ആയിരം എം3 വായൂസഞ്ചാരം ഉറപ്പാക്കുന്നതിനായി 40 വലിയ ഫാനുകളാണ് ടവറിന് മുകളിൽ സ്ഥാപിച്ചിരിക്കുന്നത്. ദേശീയ ശുദ്ധ വായൂ പദ്ധതി(എൻസിഎപി) പ്രകാരം അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ പ്രാണ എന്ന പോർട്ടലും ആരംഭിച്ചിട്ടുണ്ട്.



## ഇലക്ട്രോണിക്സിൽ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞരെ സർക്കാർ ആദരിക്കുന്നു

ഇ-ഗവേണൻസ് വഴി കേന്ദ്ര ഇലക്ട്രോണിക്സ്-ഇൻഫർമേഷൻ മന്ത്രാലയം പൗരന്മാരെ ശക്തിപ്പെടുത്തുന്നതിനായി വലിയ ദൗത്യമാണ് നിർവഹിച്ചത്. നമ്മുടെ ഐടി, ഇലക്ട്രോണിക്സ് മേഖലയിലെ ശാസ്ത്രജ്ഞരും വിദഗ്ധരും ഭാരതത്തിന്റെ ഖ്യാതി ലോകം മുഴുവൻ എത്തിച്ചവരാണ്. ഇത് ഏതെങ്കിലും ചുരുങ്ങിയ നാൾകൊണ്ട് ഉണ്ടായതല്ല. മറിച്ച് ഐടി, വിവര സാങ്കേതിക മേഖലയിലെ നമ്മുടെ സാങ്കേതിക വിദഗ്ധരുടെ ദീർഘദർശിത്വമുള്ള വീക്ഷണത്തിലൂടെ സൃഷ്ടിക്കപ്പെട്ടതാണ്. സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവത്തിൽ ആദ്യമായി അത്തരം ടാലന്റുകളെ ആദരിക്കുകയാണ് കേന്ദ്രസർക്കാർ.75 വർഷത്തിനിടെ ഈ മേഖലയിൽ പ്രധാന സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞൻമാരെ നിർദ്ദേശിക്കാൻ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം അറിയിപ്പ് ഇറക്കിയിട്ടുണ്ട്.www.innovateindia.mygov.in എന്ന വെബ്സൈറ്റിൽ രാജ്യത്തെവിടെ നിന്നും നാമനിർദ്ദേശങ്ങൾ നൽകാം.സെപ്റ്റംബർ 15നാണ് നാമനിർദ്ദേശം ആരംഭിച്ചത്,നവംബർ 7 ആണ് അവസാന തീയ്യതി. ■



# സർദാർ വല്ലഭായ് പട്ടേൽ: ഐക്യഭാരതം കെട്ടിപ്പെടുത്തിയ ഉരുക്കുമനുഷ്യൻ

**ജനനം ഒക്ടോബർ 31,1875/ മരണം ഡിസംബർ 15,1950**

ഇന്ന് നമുക്ക് കച്ച് മുതൽ കൊഹിമ വരെയും കശ്മീർ മുതൽ കന്യാകുമാരി വരെയും സ്വതന്ത്രമായി സഞ്ചരിക്കാനാവും;അത് സാധ്യമാക്കിയത് സർദാർ വല്ലഭായ് പട്ടേലും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുമാണ്. സർദാർ വല്ലഭായ് പട്ടേൽ അദ്ദേഹത്തിന്റെ ഇച്ഛാശക്തി പ്രകടിപ്പിച്ചിരുന്നില്ല എന്നു വിചാരിക്കുക. എങ്കിൽ നമുക്കെങ്ങനെ ഗിർ വനങ്ങളിലെ സിംഹത്തെയും ഹൈദരാബാദിലെ ചാർമിനാറും കാണാനാവുമായിരുന്നു. സോമനാഥ ക്ഷേത്രത്തിൽ പ്രാർത്ഥിക്കാൻ വരുന്നതിന് മറ്റു സ്ഥലങ്ങളിലെ ശിവഭക്തർക്ക് വിസ ആവശ്യമായി വരുമായിരുന്നില്ലേ. അദ്ദേഹമില്ലായിരുന്നെങ്കിൽ കശ്മീർ മുതൽ കന്യാകുമാരി വരെ തീവണ്ടി ഓടിക്കുന്ന കാര്യം നമുക്ക് ചിന്തിക്കാൻ സാധിക്കുമായിരുന്നില്ല.

1947ൽ ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ രാജ്യത്തിന്റെ ഭാവിയെപ്പറ്റി ലോകത്തിന് വലിയ പ്രതീക്ഷകളൊന്നുമുണ്ടായിരുന്നില്ല. ഭാരതത്തിന്റെ വൈവിധ്യങ്ങൾ കൊണ്ടു തന്നെ അതു പലതായി ചിതറിപ്പോകുമെന്നായിരുന്നു ഏവരുടേയും വിലയിരുത്തൽ. നിരാശയുടെ അക്കാലത്ത് പ്രതീക്ഷയുടെ കിരണമായി ഉയർന്നുവന്ന കരുത്തനായ നേതാവാണ് സർദാർ വല്ലഭായ് പട്ടേൽ.ഉണ്ടായിരുന്ന 562 നാട്ടുരാജ്യങ്ങളെ ഭാരതത്തിൽ ലയിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ ഉദ്ഗ്രഥനത്തിന് അദ്ദേഹം തുടക്കമിട്ടു. ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന സങ്കൽപ്പത്തിന്റെ തുടക്കം അതായിരുന്നു. ഭാരതത്തിന്റെ ഉരുക്കുമനുഷ്യന്റെ ഉറച്ച തീരുമാനങ്ങൾ രാജ്യത്തിന് അടിത്തറയിടുക മാത്രമായിരുന്നില്ല ഭാവിയിലേക്കുള്ള ശക്തിയും സമർപ്പണവും നമ്മെ കാണിച്ചു തരികയും ചെയ്തു. അതിനാൽ തന്നെ ആധുനിക ഭാരതത്തിന്റെ ശിൽപ്പി എന്ന് സർദാർ വല്ലഭായ് പട്ടേലിനെ വിശേഷിപ്പിക്കാം.

ഗുജറാത്തിലെ നാദിയാദിലെ തന്റെ മാതൃഭവനത്തിൽ 1875 ഒക്ടോബർ 31നാണ് വല്ലഭായ് പട്ടേൽ ജനിച്ചത്. ഖേഡ ജില്ലയിലെ കർമ്സദിൽ താമസമാക്കിയ ഝാവർഭായ് പട്ടേലിന്റെയും ലഡ്ബ പട്ടേലിന്റെയും നാലാമത്തെ മകനായിരുന്നു വല്ലഭായ്. പതിമൂന്നാം വയസ്സിൽ ഝാവർ ബായെ വല്ലഭായ് വിവാഹം കഴിച്ചു. നിയമ പഠനം പൂർത്തിയാക്കിയ അദ്ദേഹം ജില്ലാ അറ്റോർണി പരീക്ഷ പാസായി വക്കീലായി ജോലിയും ആരംഭിച്ചു. പട്ടേലിന് 33 വയസ്സുള്ളപ്പോൾ ക്യാൻസർ വന്ന് ഝാവർ ബാ അന്തരിച്ചു. 1909ൽ ഝാവർ ബാ ബോംബയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ പട്ടേൽ കേസുകളുടെ തിരക്കിലായിരുന്നു. കേസ് വാദിക്കുന്നതിനിടെയാണ് ഝാവർ ബാ മരിച്ച വിവരം വല്ലഭായ് പട്ടേലിനെ ആരോ അറിയിക്കുന്നത്. ആ കുറിപ്പ് വാങ്ങി പോക്കറ്റിൽ ഇട്ട് അദ്ദേഹം കേസിലെ വാദം തുടരുകയും കേസ് വിജയിക്കുകയും ചെയ്തു. അതിന് ശേഷം മാത്രമാണ് ഭാര്യ മരിച്ച വിവരം അദ്ദേഹം മറ്റെല്ലാവരോടും പറയുന്നത്. ഭാര്യയുടെ മരണ ശേഷം അദ്ദേഹം പഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോയി.

1913ൽ ഭാരതത്തിൽ തിരിച്ചെത്തിയ വല്ലഭായ് പട്ടേൽ അഭിഭാഷക ജോലി പുനരാരംഭിച്ചു. എന്നാൽ ഇംഗ്ലീഷ് സംസാരിക്കുന്ന,സമ്പന്നനായ,കോട്ടും സ്യൂട്ടും ധരിച്ചു നടന്ന അഭിഭാഷകൻ ഗാന്ധിജിയുടെ ആഹ്വാന പ്രകാരം ഖാദിയിലേക്ക് മാറുന്നതാണ് പിന്നീട് കണ്ടത്. 1918ലെ ഈ മാറ്റത്തിന് ശേഷം ഖേഡയിലെ കർഷക പ്രക്ഷോഭത്തിന്റെ നേതൃത്വത്തിലേക്ക് വല്ലഭായ് പട്ടേൽ ഉയർന്നു. മോശം വിളവെടുപ്പിനെ തുടർന്ന് നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന കർഷകരുടെ ആവശ്യം ബ്രിട്ടീഷുകാർ തള്ളിയിരുന്നു. ഇതെതുടർന്ന് ആരംഭിച്ച കർഷക പ്രതിഷേധം നയിക്കാൻ ഗാന്ധിജി പട്ടേലിനോട് നിർദ്ദേശിച്ചു. വല്ലഭായ് പട്ടേൽ അദ്ദേഹത്തിന്റെ അനുയായികൾക്കൊപ്പം ഗുജറാത്ത് മുഴുവൻ വ്യാപിച്ച പ്രക്ഷോഭമാണ് ആരംഭിച്ചത്. നികുതിനിഷേധമെന്ന സമരമുറ വ്യാപിച്ചതോടെ ബ്രിട്ടീഷ് ഭരണകൂടം ഖേഡയിലെ കർഷകരുടെ ആവശ്യം അംഗീകരിച്ചു. ഇതോടെ ഖേഡയിലെ കർഷകരുടെ നായകനായി വല്ലഭായ് പട്ടേൽ ഉയരുകയായിരുന്നു. പിന്നീട് ബർദോലി സത്യാഗ്രഹത്തിനും വല്ലഭായ് പട്ടേൽ നേതൃത്വം വഹിച്ചു. 1928ൽ നടന്ന ഈ സമരവും നികുതി നിഷേധ പ്രക്ഷോഭമായിരുന്നു.

ബ്രിട്ടീഷ് വൈസ്രോയിക്ക് പിന്നീട് തീരുമാനം പുന:പരിശോധിക്കേണ്ടിവന്നു. ബർദോലി സത്യാഗ്രഹത്തോടെ വല്ലഭായ് പട്ടേലിന്റെ പേര് പ്രശസ്തമായിത്തുടങ്ങി. ഈ പ്രക്ഷോഭം വിജയിച്ചതോടെ സ്ത്രീകൾ അദ്ദേഹത്തിന് സർദാർ എന്ന വിശേഷണം കൂടി ചാർത്തിനൽകി. 1922,1924,1927 വർഷങ്ങളിൽ അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷന്റെ അധ്യക്ഷനായി വല്ലഭായ് പട്ടേൽ തെരഞ്ഞെടുക്കപ്പെട്ടു. നിസ്സഹരണ പ്രക്ഷോഭം,സ്വരാജ് പ്രക്ഷോഭം,ദണ്ഡി യാത്ര, ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം തുടങ്ങിയ സമരങ്ങളിലെല്ലാം സുപ്രധാന പങ്ക് വല്ലഭായ് പട്ടേലിനുണ്ടായിരുന്നു. 1931ലെ കറാച്ചി സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായി വല്ലഭായ് പട്ടേലിനെ തെരഞ്ഞെടുത്തു.ഭഗത് സിങ്,സുഖ്ദേവ്,രാജ്ഗുരു എന്നീ ധീരന്മാരുടെ വധശിക്ഷ നടപ്പാക്കിയതിനെ തുടർന്ന് ഭാരതം മുഴുവൻ പ്രതിഷേധാഗ്നിയിൽ ഇളകി മറിഞ്ഞ സമയമായിരുന്നു അത്.

സ്വാതന്ത്ര്യ ലബ്ദ്ധിയുടെ തൊട്ടു മുമ്പും കോൺഗ്രസിന്റെ അധ്യക്ഷ പദവി വല്ലഭായ് പട്ടേലിനെ തേടിയെത്തി.എന്നാൽ ഗാന്ധിജിയുടെ നിർദ്ദേശ പ്രകാരം വല്ലഭായ് പട്ടേൽ അതിൽ നിന്ന് പിന്മാറുകയും ജവഹർലാൽ നെഹ്രു അധ്യക്ഷനാവുകയും ചെയ്തു. സ്വാതന്ത്ര്യത്തിന് ശേഷം ഭാരതത്തിന്റെ ആദ്യ ആഭ്യന്തരമന്ത്രിയും ഉപപ്രധാനമന്ത്രിയുമായി വല്ലഭായ് പട്ടേൽ മാറി.ഭാരതം വിവിധങ്ങളായ നാട്ടുരാജ്യങ്ങളായി വേർപെട്ടു കഴിയുന്ന കാലമായിരുന്നു അത്.562 നാട്ടുരാജ്യങ്ങളാണ് ഭാരതമെന്ന സങ്കൽപ്പത്തിൽ നിന്ന് വേറിട്ട് സ്വന്തം രാജ്യങ്ങളായി മാറാൻ ആഗ്രഹിച്ചത്. ഇതു വല്ലഭായ് പട്ടേലിനെ വലിയതോതിൽ അസ്വസ്ഥനാക്കി.ഒറീസയിലെ 23 നാട്ടുരാജാക്കന്മാരുമായി നടത്തിയ യോഗത്തിൽ വല്ലഭായ് പട്ടേൽ ഇപ്രകാരം പറഞ്ഞു, 'കിണറ്റിലെ തവളകളായി കഴിയാതെ വിശാലമായ സമുദ്രത്തെ നിങ്ങൾ കാണാൻ തയ്യാറാവൂ'. ഒറീസയിലെ ജനങ്ങൾ സ്വതന്ത്ര ഭാരതത്തിന്റെ ഭാഗമാവാൻ ആഗ്രഹിച്ചിരുന്നു. വല്ലഭായ് പട്ടേലിന്റെ കർശനമായ വാക്കുകൾ കൂടി ആയതോടെ രാജാക്കന്മാർ തങ്ങളുടെ നാട്ടുരാജ്യങ്ങളെ യൂണിയനിൽ ലയിപ്പിക്കാൻ തയ്യാറായി. ഒറീസയിൽ നിന്ന് നാഗ്പൂരിലേക്കാണ് പട്ടേൽ പോയത്. നാഗ്പൂരിലെ 38 രാജാക്കന്മാരും യൂണിയനിൽ തങ്ങളുടെ രാജ്യങ്ങളെ ലയിപ്പിക്കാമെന്ന് അറിയിച്ചു.

കത്യവാറിൽ പട്ടേൽ എത്തുമ്പോഴേക്കും രാജ്യത്തെ 250 നാട്ടുരാജാക്കന്മാർ ലയനത്തിന് തയ്യാറായിക്കഴിഞ്ഞിരുന്നു.അതിന് ശേഷം മുംബൈ, പഞ്ചാബ് രാജ്യങ്ങളും യൂണിയനിൽ ലയിച്ചു. എന്നാൽ പഞ്ചാബിലെ ഫരീദ്കോട്ട് രാജാവ് മാത്രം ഭാരതത്തിൽ ലയിക്കുന്നതിന് തയ്യാറായില്ല. വല്ലഭായ് പട്ടേലിന്റെ ശക്തമായ ഇച്ഛാശക്തിക്ക് മുന്നിൽ പിടിച്ചുനിൽക്കാൻ ഫരീദ്കോട്ട് രാജാവിനുമായില്ല.കശ്മീർ,ഹൈദരാബാദ്,ജുനഗട്ട് എന്നിവയെല്ലാം ഭാരതത്തിന്റെ ഭാഗമായത് പട്ടേലിന്റെ ഉരുക്കുമുഷ്ടി ഒന്നുകൊണ്ടു മാത്രമാണ്.കശ്മീർ രാജാവ് ലയനത്തിന് തയ്യാറായപ്പോൾ ജുനഗട്ട് നവാബ് ഭീതിയോടെ പാക്കിസ്ഥാനിലേക്ക് കടന്നു.

> കൗടില്യന്റെ നയതന്ത്രവും ശിവാജി മഹാരാജാവിന്റെ ധൈര്യവും ഒത്തുചേർന്ന വ്യക്തിത്വമായിരുന്നു സർദാർ പട്ടേലിന്റെത്.ഭാരതത്തിന്റെ ദൗർബല്യമായി ലോകം കണ്ടതിനെ,ഭാരതത്തിന്റെ ശക്തിയാക്കി മാറ്റി രാജ്യത്തിന് മുന്നോട്ടുള്ള പാത കാണിച്ചുതന്നു സർദാർ പട്ടേൽ.ഒരു കാലത്ത് ഭാരതത്തെ ആശങ്കയോടെ കണ്ടിരുന്ന ലോകം ഇന്ന് ഭാരതത്തിന്റെ സ്വന്തം നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുകയാണ്.ഇതെല്ലാം സാധ്യമായത് ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച സർദാർ പട്ടേൽ നൽകിയ മഹത്തായ സംഭാവനകൾ കാരണമാണ്.
>
> **നരേന്ദ്ര മോദി,പ്രധാനമന്ത്രി**



ഏറ്റവും ബുദ്ധിമുട്ട് ഹൈദരാബാദ് ലയനമായിരുന്നു. സ്വന്തം അധികാരം നിലനിർത്താൻ  എന്തിനും തയ്യാറായിരുന്നു ഹൈദരാബാദ് നൈസാം.ഒടുവിൽ സൈനിക നടപടിയോടെയാണ് ഹൈദരാബാദും യൂണിയനിൽ ലയിക്കുന്നത്.ഭാരതത്തിന്റെ ഏകീകരണം സാധ്യമാക്കിയത് വല്ലഭായ് പട്ടേലിന്റെ ഉറച്ച നിലപാടുകളാണ്. അതുകൊണ്ടാണ് ഗാന്ധിജി അദ്ദേഹത്തെ ഉരുക്കുമനുഷ്യൻ എന്നു വിശേഷിപ്പിച്ചത്.ഇന്ത്യൻ സിവിൽ സർവ്വീസിന്റെ പുനസംഘടനയും പട്ടേലിന്റെ നേട്ടമായിരുന്നു.എന്നാൽ 1950 ഡിസംബർ 15ന് സർദാർ വല്ലഭായ് പട്ടേൽ ഏവരേയും സങ്കടത്തിലാക്കി യാത്രയായി.എല്ലാവിധ പ്രോട്ടോക്കോളുകളും ലംഘിച്ച് രാഷ്ട്രപതി ഡോ.രാജേന്ദ്രപ്രസാദ് മുംബൈയിലേക്ക് പോയി പട്ടേലിന് ആദരാഞ്ജലിയർപ്പിച്ചു. സ്വയംപര്യാപ്ത ഭാരതം എന്നതിലേക്കുള്ള യാത്രയിൽ ഏകഭാരതം ശ്രേഷ്ഠ ഭാരതം എന്ന പട്ടേലിന്റെ സങ്കൽപ്പമാണ് അടിത്തറയായി മാറിയത്. 2014 ഒക്ടോബർ 31 മുതൽ ഭാരതം ആ ദിവസത്തെ ദേശീയ ഏകതാ ദിനമായി ആചരിച്ചു തുടങ്ങി. രാജ്യത്തെ ഏറ്റവും കരുത്തനായ നേതാവിനെ ഓർമ്മിക്കാനുള്ള ദിവസമാണ് ഒക്ടോബർ 31. ലോകത്തിലെ ഏറ്റവും ഉയരമുള്ള പ്രതിമയായ ഏകതാ പ്രതിമ ഗുജറാത്തിലെ കെവാഡിയയിൽ അനാച്ഛാദനം ചെയ്ത ദിവസം കൂടിയാണ് 2018 ഒക്ടോബർ 31. ■



പുതിയ പ്രതിരോധ ഓഫീസ് സമുച്ചയം

## സൈന്യത്തിന് പുതിയ പ്രതിരോധ സമുച്ചയം ലഭിച്ചു

# സ്വയംപര്യാപ്തതയിലേക്ക് മുന്നേറുന്ന അതിശക്തമായ സൈന്യം

ഏതൊരു രാജ്യത്തിന്റെയും തലസ്ഥാനം ചിന്തകളുടേയും ഇച്ഛാശക്തിയുടേയും കരുത്തിന്റെയും സംസ്കാരത്തിന്റെയും അടയാളങ്ങൾ കൂടിയാണ്.എന്നാൽ കഴിഞ്ഞ നൂറാണ്ടുകൾക്കിടയിൽ ജനസംഖ്യയിൽ അടക്കമുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് തലസ്ഥാന നഗരത്തിൽ വത്യാസങ്ങളൊന്നും സംഭവിച്ചിരുന്നില്ല എന്നത് നിരാശാജനകമായിരുന്നു.ബ്രിട്ടീഷ് കാലത്ത് നിർമ്മിച്ച കുതിരാലയങ്ങളിൽ പോലും സൈനികർക്ക് ജോലി ചെയ്യേണ്ട അവസ്ഥ ഇത്രവർഷങ്ങൾക്കിപ്പുറവും ഡൽഹിയിലുണ്ടായിരുന്നു. ഇത്തരം നിരവധി സാഹചര്യങ്ങൾ പരിഗണിച്ചാണ് ജനസൗഹൃദ തലസ്ഥാന നഗര പദ്ധതിയായ സെൻട്രൽ വിസ്തയുമായി കേന്ദ്രസർക്കാർ മുന്നോട്ട് നീങ്ങിയത്. അതിന്റെ ഭാഗമായി പുതിയ ആധുനിക സംവിധാനങ്ങളോട് കൂടിയ പ്രതിരോധ ഓഫീസ് സമുച്ചയം സൈനികർക്കും ലഭിച്ചു.മുമ്പ് സൈനികാവശ്യങ്ങൾക്ക് ഉപയോഗിച്ച ഓഫീസിന്റെ അഞ്ചിലൊന്ന് സ്ഥലം മാത്രമാണ് പുതിയ ആധുനിക ഓഫീസിന് വേണ്ടിവന്നത് എന്നതും ശ്രദ്ധേയമായി.

ബ്രിട്ടീഷ് ഭരണകാലത്തെ കുടിലിലും കുതിരാലയത്തിലുമായി ഏഴായിരത്തോളം സൈനികർ ഇത്രകാലവും ജോലി ചെയ്യേണ്ടിവന്നു എന്ന യാഥാർത്ഥ്യം ആരെയും ആശ്ചര്യഭരിതമാക്കും. ഇത്രയും ദീർഘമായ കാലം ഇവർ ഇത്തരം സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവന്നു എന്നത് ഏറെ ദുഖകരമാണ്. കുതിരാലയങ്ങളെ ഓഫീസാക്കി രൂപമാറ്റം വരുത്തുകയും സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യുകയും ചെയ്തു.നല്ലതിനായി മാറ്റങ്ങൾ വരുത്തേണ്ട സമയമാണ് ഇത് എന്നതിനാൽ തന്നെ അതുസംഭവിച്ചു.അഭിമാനകരമായ സെൻട്രൽ വിസ്ത പദ്ധതി ദേശീയ തലസ്ഥാനത്തിന്റെ രൂപമാറ്റത്തിന് വഴിതുറക്കുകയാണ്. പുതിയ പാർലമെന്റ് മന്ദിരവും രാജ്പഥിന്റെ ഇരുവശവും തലസ്ഥാനത്തിന്റെ മുഖമായി മാറും. ഈ പദ്ധതിയുടെ തന്നെ ഭാഗമായാണ് പുതിയ പ്രതിരോധ ആസ്ഥാനം സെപ്റ്റംബർ 16ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവഹിച്ചത്.നയവും ഉദ്ദേശവും ശുദ്ധമാണെങ്കിൽ എന്തും സാധ്യമാണെന്ന് പ്രതിരോധമന്ത്രാലയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി വ്യക്തമാക്കി.

> **"ഡൽഹി ഭാരതത്തിന്റെ തലസ്ഥാനമായിട്ട് നൂറിലേറെ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ജനസംഖ്യ അടക്കമുള്ള മറ്റു കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ നൂറുവർഷങ്ങൾക്കിടെ നിരവധി അസന്തുലിതമായ സാഹചര്യങ്ങളാണുണ്ടായിട്ടുള്ളത്.നാം തലസ്ഥാനഗരത്തെപ്പറ്റി പറയുമ്പോൾ അതുവെറുമൊരു നഗരം മാത്രമല്ല. തലസ്ഥാനമെന്നത് ചിന്തകളുടേയും ഇച്ഛാശക്തിയുടേയും കരുത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രം കൂടിയാണ്. ജനാധിപത്യത്തിന്റെ മാതാവാണ് ഭാരതം. രാജ്യത്തെ ജനങ്ങളുടെ കേന്ദ്രമായി തലസ്ഥാന നഗരം മാറേണ്ടതുണ്ട്".**
>
> **- നരേന്ദ്ര മോദി, പ്രധാനമന്ത്രി**







സൈന്യത്തിന്റെ ആധുനികവൽക്കരണവും അതിർത്തികളിലെ അടിസ്ഥാന സൗകര്യവികസനവും മികച്ച ആയുധങ്ങളുടെ ലഭ്യതയും അടക്കം ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സൈന്യമായി മാറ്റാനുള്ള നിരവധി നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്.മൂന്നു സൈനിക വിഭാഗങ്ങളുടേയും മികച്ച ഏകോപനം സാധ്യമാക്കുന്നതിനായി ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് എന്ന പദവിയും സൃഷ്ടിച്ചു.ഇത്തരം പുതിയ സാഹചര്യങ്ങളിൽ നൂറ്റാണ്ടു പഴക്കമുള്ള കുതിരാലയങ്ങളിലെ ഓഫീസുകളിൽ തന്നെ തുടർന്നും ജോലി സാധ്യമാവില്ല.ആധുനിക സംവിധാനങ്ങൾ, താമസ ക്രമീകരണങ്ങൾ,അടുക്കള,ക്യാന്റീൻ, ആശുപത്രി തുടങ്ങി നിരവധി സൗകര്യങ്ങളാണ് ഇരുപത്തിനാലു മണിക്കൂറും രാജ്യം കാക്കുന്ന സൈനികർക്കായി പുതിയ പ്രതിരോധ സമുച്ചയത്തിലുള്ളത്.

2014ൽ അധികാരത്തിലെത്തുമ്പോൾ തന്നെ രാജ്യതലസ്ഥാനത്തിന്റെ കെട്ടുംമട്ടും മാറ്റാനുള്ള നടപടികളുമായ പ്രധാനമന്ത്രി മുന്നോട്ട് യാത്ര ആരംഭിച്ചിരുന്നു. നവഭാരതത്തിന്റെ ചരിത്രം വർണ്ണാഭമായി മാറുക തന്നെ ചെയ്യും.■

## പുതിയ പ്രതിരോധ സമുച്ചയത്തിലെ സംവിധാനങ്ങൾ

- സെൻട്രൽ വിസ്ത പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചപ്പോഴാണ്,62 ഏക്കർ വിശാലമായ പഴയ കുതിരാലയത്തിൽ പ്രവർത്തിക്കുന്ന സൈനികാസ്ഥാനത്തെ ആധുനിക സംവിധാനത്തിലേക്ക് മാറ്റണമെന്ന ആശയവും ഉദിക്കുന്നത്.
- ലഫ്.ജനറൽ വരെ റാങ്കിലുള്ള 7,000 സൈനികരാണ് രണ്ടാം ലോക മഹായുദ്ധ കാലത്ത് നിർമ്മിച്ച പഴയ കുതിരാലയത്തെ രൂപമാറ്റം വരുത്തി തയ്യാറാക്കിയ ഓഫീസിനുള്ളിൽ പ്രവർത്തിച്ചിരുന്നത്.
- എന്നാലിപ്പോൾ കസ്തൂർബാ ഗാന്ധി മാർഗ്ഗിലും ആഫ്രിക്ക അവന്യുവിലുമായി നിർമ്മിച്ച 13 ഏക്കർ പ്രദേശത്തെ ഓഫീസ് സമുച്ചയം 12-13 മാസത്തിനുള്ളിലാണ് പൂർത്തീകരിച്ചത്.ആധുനിക സാങ്കേതിക വിദ്യയായ ലൈറ്റ് ഗേജ് സ്റ്റീൽ ഫ്രേം ഉപയോഗിച്ചായിരുന്നു നിർമ്മാണം.
- മേൽക്കൂരയിൽ സോളാർ പാനലുകളുണ്ട്. മഴവെള്ള സംഭരണിയും മാലിന്യ മുക്ത പരിസരവും ആധുനിക പാർക്കിംഗ് സംവിധാനങ്ങളുമുണ്ട്.
- ആശുപത്രി, ആധുനിക ബാരക്ക്, 24 മണിക്കൂർ റെസ്റ്റോറന്റ്, വെടിക്കോപ്പുകളുടെ ശേഖര കേന്ദ്രം, ഉന്നത സുരക്ഷാ സംവിധാനം, കേന്ദ്രീകൃത നിരീക്ഷണം, മുഖം തിരിച്ചറിയാനുള്ള പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയുണ്ട്.
- ആയിരക്കണക്കിന് വിരമിച്ച സൈനികരാണ് ഇവിടേക്ക് വിവിധ ആവശ്യങ്ങളുമായി എത്തുന്നത്. അവർക്കാവശ്യമായ സൗകര്യങ്ങളും സമുച്ചയത്തിൽ ക്രമീകരിച്ചിട്ടുണ്ട്.
- കൊവിഡിന്റെ ദുരന്ത കാലത്ത് ആത്മനിർഭർ ഭാരത് പദ്ധതിപ്രകാരം 6.5 ലക്ഷം തൊഴിൽ ദിനങ്ങളാണ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയത്. 8,000 ടൺ സിമന്റും 9,000 ടൺ സ്റ്റീലും ഈ സമുച്ചയ നിർമ്മാണത്തിന് വേണ്ടിവന്നു.
- ഓഫീസ് സമുച്ചയ നിർമ്മാണത്തിനായി ഒരു മരം പോലും മുറിക്കേണ്ടി വന്നില്ല. പരിസ്ഥിതി സൗഹാർദ്ദ ഓഫീസുകളാണ് നിർമ്മിച്ചിരിക്കുന്നത്.

പ്രതിരോധ സമുച്ചയം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തിനായി ക്യുആർ കോഡ് സ്കാൻ ചെയ്യുക.




# 'വാക്സിൻ സേവനം'

## ആരോഗ്യത്തിന്റെ രക്ഷാകവചം

**സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം നാം ആഘോഷിച്ചപ്പോൾ കൊവിഡ് വാക്സിനേഷനിലും പുതിയ റെക്കോർഡ് സൃഷ്ടിക്കപ്പെട്ടു. ഭാരതത്തിലെ കൊവിഡ് പ്രതിരോധ കുത്തിവെയ്പ്പ് അതിന്റെ വലുപ്പം കൊണ്ടും തയ്യാറെടുപ്പുകൾ കൊണ്ടും ലോകത്തിലെ തന്നെ ഏറ്റവും വലിയ വാക്സിനേഷൻ പ്രോഗ്രാമായി മാറി. രാജ്യത്തെ ആരോഗ്യ മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ മാറ്റങ്ങളാണ് ഇത്രവലിയ ദൗത്യം വിജയകരമായി നടപ്പാക്കാൻ ഭാരതത്തെ സഹായിച്ചത്. എട്ടുമാസം കൊണ്ട് 92 കോടിയിലധികം പേർക്ക് വാക്സിൻ നൽകാൻ രാജ്യത്തിനായി. അതിവേഗത്തിൽ നീങ്ങുന്ന പ്രതിരോധ കുത്തിവെയ്പ്പിന്റെ അടുത്ത ലക്ഷ്യം അർഹരായ എല്ലാ പൗരന്മാർക്കും വാക്സിൻ എത്രയും പെട്ടെന്ന് ലഭ്യമാക്കുക എന്നതാണ്......**

> “എന്റെ മനസ്സിലെ ചിന്തകൾ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുകയാണ്.നിരവധി ജന്മദിനങ്ങൾ വരികയും പോവുകയും ചെയ്തുകഴിഞ്ഞു.ഇത്തരം ആഘോഷങ്ങളിൽ നിന്ന് അകലം പാലിക്കുകയാണ് സാധാരണ പതിവ്.എന്നാൽ ഈ സെപ്റ്റംബർ 17 വളരെ വൈകാരികമായി മാറിയിരിക്കുകയാണ്.ജന്മദിനം ആഘോഷിക്കാൻ വിവിധങ്ങളായ മാർഗ്ഗങ്ങളുണ്ട്.ജന്മദിനം ആഘോഷിക്കപ്പെടുന്നതിൽ തെറ്റുണ്ടെന്ന് വിശ്വസിക്കുന്ന ആളല്ല ഞാൻ.എന്നാൽ നിങ്ങളുടെയെല്ലാം പരിശ്രമങ്ങൾ മൂലം ഈ സെപ്റ്റംബർ 17 എനിക്ക് വളരെ പ്രത്യേകതയുള്ളതായിത്തീർന്നു”.

**നരേന്ദ്ര മോദി**
**പ്രധാനമന്ത്രി**



ഭാരതത്തിലെ ഏറ്റവും വലിയ ജില്ലയായ കച്ച് 45,674 ചതുരശ്ര കിലോമീറ്റർ ദൂരമാണ് വ്യാപിച്ചുകിടക്കുന്നത്.റാൻ ഓഫ് കച്ച് എന്നറിയപ്പെടുന്ന ഈ പ്രദേശം ഭൂരിഭാഗവും താർ മരുഭൂമിയുടെ ഭാഗമായ ഉപ്പുനിലമാണ്.പത്തു താലൂക്കുകളും 924 പഞ്ചായത്തുകളുമാണ് ജില്ലയിലുള്ളത്. ഭൂമിശാസ്ത്രപരമായ പ്രതിബദ്ധങ്ങൾ മൂലം എല്ലായിടത്തും എത്തിച്ചേരുകയെന്നത് കൊവിഡ് കാലത്ത് ഏറെ ബുദ്ധിമുട്ടുണ്ടാക്കി. ഓരോ താലൂക്കുകളും തമ്മിൽ നൂറുകണക്കിന് കിലോമീറ്റർ ദൂരമാണ്.എന്നാൽ ഇത്തരം പ്രതിസന്ധികളെല്ലാം തരണം ചെയ്തുകൊണ്ട് സർക്കാർ സംവിധാനങ്ങൾ എല്ലാ താലൂക്കുകളിലും ഗ്രാമങ്ങളിലും എത്തി സമയത്തുതന്നെ വാക്സിനേഷൻ സംവിധാനങ്ങൾ ആരംഭിച്ചു.എല്ലാ മേഖലയിലും എന്തു പ്രതിബദ്ധം താണ്ടിയും വാക്സിനേഷൻ നടപ്പാക്കുമെന്ന ഇച്ഛാശക്തിയാണ് ഈ വലിയ ദൗത്യം വിജയിക്കാൻ സഹായിച്ചത്.

രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗങ്ങളെ എത്തിച്ചേരാൻ സാധിക്കാത്ത പ്രദേശങ്ങളായാണ് പൊതുവെ കണക്കാക്കുന്നത്.അരുണാചൽ പ്രദേശിലെ കാരാ ദാദി അടക്കമുള്ള ഉൾനാടൻ ജില്ലകളെ വാക്സിനേഷൻ ശൃംഖലയുമായി ബന്ധിപ്പിക്കുന്നത് വലിയ പരിശ്രമത്തിലൂടെയാണ്.മലകളും വെള്ളച്ചാട്ടങ്ങളും അപകടകരമായ പുഴകളും ഇടുങ്ങിയ വഴികളും താണ്ടി വാക്സിനേഷൻ സംഘങ്ങൾ ഇവിടങ്ങളിലെല്ലാം എത്തി.

ഹിമാചൽ പ്രദേശിലെ ലാഹോൾ-സ്പിതി ജില്ല എത്തിച്ചേരാൻ ഏറ്റവും ദുർഘടമായ സ്ഥലമാണ്. വർഷത്തിൽ ഭൂരിഭാഗം മാസവും മഞ്ഞുമൂടിക്കിടക്കുന്ന ഇവിടെ താപനില മിക്കപ്പോഴും പൂജ്യത്തിന് താഴെയാണ്.ഹിമാചലിലെ മറ്റു പ്രദേശങ്ങളിലെ പോലെ തന്നെ നൂറുശതമാനം വാക്സിനേഷൻ ലാഹോൾ സ്പിതിയിലും പൂർത്തിയായിക്കഴിഞ്ഞു.അടൽ ടണൽ നിർമ്മിക്കുന്നതിന് മുമ്പ് ഈ പ്രദേശം ബഹുഭൂരിപക്ഷം സമയവും രാജ്യത്തിന്റെ മറ്റുഭാഗങ്ങളുമായി ബന്ധം വേർപെട്ട് കഴിഞ്ഞിരുന്നതാണ്.എന്നാൽ അടൽ ടണൽ വന്നതോടെ വാക്സിനേഷൻ പ്രക്രിയയുടെ വേഗതയും വർദ്ധിച്ചു.ബീഹാറിലെ പ്രളയ മേഖലയായ ദർഭംഗ ജില്ലയിലെ കുശേശ്വർ സ്ഥാൻ വാക്സിനേഷൻ പ്രക്രിയ പൂർത്തിയാക്കാൻ ഏറെ പ്രയാസങ്ങൾ അനുഭവിച്ചു. ഇവിടെ മാത്രമല്ല ബീഹാറിലെ മുസാഫർപൂർ അടക്കമുള്ള മറ്റിടങ്ങളിലും പ്രളയത്തെ തുടർന്ന് ബോട്ടുകളിൽ ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തിയാണ് വാക്സിനേഷൻ പൂർത്തീകരിച്ചത്. ബോട്ട് ആംബുലൻസുകൾ ആരോഗ്യ പ്രവർത്തകരുമായി നിരന്തരം സർവ്വീസ് നടത്തി. കൊവിഡിനെതിരായ പോരാട്ടത്തിന്റെ അടയാളമായി ബോട്ട് ആംബുലൻസുകൾ ബീഹാറിൽ മാറി.

മഹാപ്രളയങ്ങൾ,വൻമലകൾ,ഉൾനാടൻ വനമേഖലകൾ,ഭാഷാ-മതവൈവിധ്യങ്ങൾ, വാക്സിനേഷനെതിരായ ദുഷ്പ്രചാരണങ്ങൾ എന്നിവയെല്ലാം സർക്കാരിനും ആരോഗ്യ പ്രവർത്തകർക്കും മുന്നിൽ പ്രതിസന്ധികളായി ഉണ്ടായിരുന്നു.കൊവിഡ് ആഞ്ഞടിച്ചപ്പോൾ അതിനെ അതിജീവിക്കാൻ നമുക്കാവുമോ എന്നായിരുന്നു ലോകരാജ്യങ്ങളുടെ സംശയം.എന്നാൽ ഇത്തരം പ്രതിസന്ധികളെയെല്ലാം മറികടന്ന് ഭാരതം വിജയകരമായി മുന്നോട്ട് കുതിക്കുകയാണ്.ഇത്രയധികം വൈവിധ്യങ്ങളും ഭൂമിശാസ്ത്ര വ്യത്യാസങ്ങളുമുള്ള രാജ്യത്ത് വാക്സിനേഷൻ പ്രക്രിയ വിജയകരമായി മാറിയതിന് പിന്നിലെ പ്രധാന കാരണം ജനങ്ങളുടെ സഹകരണവും പങ്കാളിത്തവുമാണ്.

# ഓരോ ദിവസവും ഓരോ സെക്കന്റിലും




ഒൻപതു മാസമെന്ന ചെറു കാലയളവിൽ ഭാരതം തദ്ദേശീയമായ രണ്ടു കൊവിഡ് വാക്സിനുകൾ ഉൽപ്പാദിപ്പിച്ചു എന്നതു മാത്രമല്ല, എൺപതു കോടിയോളം പേർക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുകയും ചെയ്തു. ഭാരതം അതിന്റെ തന്നെ റെക്കോർഡുകൾ തകർത്തുകൊണ്ടാണ് പുതിയ നാഴികക്കല്ലുകൾ താണ്ടിയത്.

**വിജയകരമായ പ്രവർത്തനത്തിന് അടിസ്ഥാനം ആത്മവിശ്വാസം**

ഏതൊരു വിജയകരമായ പ്രചരണത്തിനും ദേശീയതലത്തിൽ ആത്മവിശ്വാസം ശക്തിപ്പെടുത്തുക എന്നത് പ്രധാനമാണ്. നിലവിലെ ഭരണാധികാരികൾ നൽകുന്ന ആത്മവിശ്വാസം വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള അതിന്റെ ശക്തി വർദ്ധിപ്പിക്കുന്നു.

# ലോകരാജ്യങ്ങളിൽ വാക്സിനേഷനിൽ മികച്ചത് ഭാരതം




ഡിജിറ്റൽ സാങ്കേതിക വിദ്യയെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രോത്സാഹിപ്പിക്കുകയും നമ്മുടെ ദേശീയ നയത്തിന്റെ ഭാഗമാക്കി മാറ്റിയതും സമാനതകളില്ലാത്ത നടപടിയാണ്. ജനുവരി 16ന് രാജ്യത്ത് കൊവിഡ് വാക്സിനേഷൻ ആരംഭിക്കുമ്പോൾ ആശങ്കകളുടെ അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. മുൻനിര പോരാളികൾക്ക് മാത്രമായിരിക്കും വാക്സിൻ ലഭിക്കുക എന്നുപോലും പ്രചരിച്ചിരുന്നു. ആദ്യത്തെ പത്തുകോടി പേർക്ക് വാക്സിൻ നൽകുന്നതിന് നമുക്ക് 85 ദിവസമാണ് വേണ്ടിവന്നത്. എന്നാൽ അതിന് ശേഷം വാക്സിനേഷൻ പ്രക്രിയയുടെ വേഗത വർദ്ധിച്ചു.

# 6 സംസ്ഥാനങ്ങളിൽ 100% വാക്സിനേഷൻ

## ആറ് സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിൽ മുഴുവൻ പേർക്കും ആദ്യ ഡോസ് കൊവിഡ് വാക്സിൻ ലഭ്യമാക്കി




**ലഡാക്ക്**
**1.97**
ലക്ഷം ഡോസുകൾ നൽകി

**ലക്ഷദ്വീപ്**
**53499**
ഡോസുകൾ നൽകി

**ഹിമാചൽ പ്രദേശ്**
**55.74**
ലക്ഷം ഡോസുകൾ നൽകി

**സിക്കിം**
**5.10**
ലക്ഷം ഡോസുകൾ നൽകി

**ഗോവ**
**11.83**
ലക്ഷം ഡോസുകൾ നൽകി

**ദാദ്ര-നാഗർ ഹവേലി-ദാമൻ ദിയു**
**6.26**
ലക്ഷം ഡോസുകൾ നൽകി

## ദിവ്യാംഗർക്കും മറ്റു പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കും വീടുകളിൽ എത്തി വാക്സിൻ നൽകുന്ന പദ്ധതിയും നടപ്പാക്കി.

എന്നാൽ 20കോടി ആളുകൾക്ക് 45 ദിവസത്തിനുള്ളിലും 30കോടി ആളുകൾക്ക് അടുത്ത 29 ദിവസത്തിനുള്ളിലും വാക്സിൻ നൽകാൻ സാധിച്ചു. പിന്നീട് 24 ദിവസം കൊണ്ട് 40 കോടിയിലേക്കും 20 ദിവസം കൊണ്ട് 50 കോടിയിലേക്കും 19 ദിവസം കൊണ്ട് 60 കോടിയിലേക്കും എത്തി. 70 കോടി തികയാൻ വെറും 13 ദിവസമാണ് വേണ്ടിവന്നത്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളിലേക്ക് രാജ്യം കടന്ന മാസമായ സപ്തംബറിൽ രാജ്യം 75 കോടി വാക്സിനുകൾ തികച്ചു. പ്രതിരോധ കുത്തിവെയ്പ്പിന്റെ വേഗത ആറിരട്ടി വർദ്ധിപ്പിച്ചുകൊണ്ട് നൂറുകോടിയിലേക്കുള്ള യാത്രയിലാണ് രാജ്യം.

**സെപ്തംബർ 17 സുപ്രധാന ദിനം**

ഭാരതത്തിൽ നടക്കുന്ന പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം ഓരോ ദിവസവും പുതിയ പുതിയ റെക്കോർഡുകൾ സൃഷ്ടിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 71-ാം ജന്മദിനമായ സപ്തംബർ 17ന് ഒറ്റദിവസം കൊണ്ട് 2.5 കോടി പേർക്ക് കൊവിഡ് വാക്സിനേഷൻ നൽകി ചരിത്ര ദിനമാക്കി ആരോഗ്യ പ്രവർത്തകർ മാറ്റി. എല്ലാ മണിക്കൂറിലും 15 ലക്ഷം ഡോസ് കുത്തിവെയ്പ്പുകൾ നടന്നു. ഓരോ മിനുറ്റിലും 26,000 കുത്തിവെയ്പ്പുകൾ. ഓരോ സെക്കന്റിലും 425 പേർക്ക് രാജ്യത്ത് വാക്സിൻ നൽകിയ ദിനമായിരുന്നു അത്. ലോകത്തിലെ ആധുനികവും സമ്പന്നവുമായ രാജ്യങ്ങൾക്ക് പോലും ചിന്തിക്കാനാവാത്ത നേട്ടമായിരുന്നു ആദിനം ഭാരതം കൈവരിച്ചത്. ലോകത്തിലെ മറ്റു ഭാഗങ്ങളുമായി ഭാരതത്തിന്റെ പ്രതിരോധ കുത്തിവെയ്പ്പ് പ്രക്രിയയെ താരതമ്യപ്പെടുത്തിയാൽ നാം വളരെ മികച്ച പ്രകടനമാണ് കാഴ്ചവെയ്ക്കുന്നതെന്ന് വ്യക്തമാകും.

# ലോകത്തിലെ ഏറ്റവും വലിയ പ്രതിരോധ കുത്തിവെയ്പ്പ് ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ



- 2020 ഏപ്രിലിൽ ഡോ. കെ വിജയരാഘവന്റെയും നീതി ആയോഗ് (ആരോഗ്യം) അംഗം ഡോ. വി.കെ പോളിന്റെയും നേതൃത്വത്തിൽ ഒരു കർമ്മ സമിതി രൂപീകരിച്ചു. വാക്സിൻ നൽകലുമായി ബന്ധപ്പെട്ട ദേശീയതലത്തിലെ വിദഗ്ധ സംഘത്തെ 2020 ആഗസ്റ്റിലും നിയമിച്ചു.
- വാക്സിന്റെ സംഭരണം, വിതരണ സംവിധാനം, ശീതീകരണ സംവിധാനം, ശേഖരണം, ഗതാഗതം തുടങ്ങിയ കാര്യങ്ങൾ ഈ സമിതിയുടെ അനുമതിയോടെയാണ് നിർവഹിച്ചത്. ജനുവരി 14 ന് തന്നെ തെരഞ്ഞെടുക്കപ്പെട്ട ഇടങ്ങളിൽ വാക്സിൻ വിതരണം പൂർത്തിയാക്കിയിരുന്നു.
- ജനുവരി 16ന് ആരോഗ്യ പ്രവർത്തകരിൽ കൊവിഡ് വാക്സിനേഷൻ പ്രക്രിയ ആരംഭിച്ചു. മുൻനിര പോരാളികൾക്ക് ഫെബ്രുവരി 2 മുതലും അറുപത് വയസ്സിന് മുകളിൽ പ്രായമായവർക്ക് മാർച്ച് 1 മുതലും വാക്സിനുകൾ നൽകി. 45-59 പ്രായ പരിധിയിലുള്ള രോഗബാധിതർക്ക് ഏപ്രിൽ 1 മുതൽ വാക്സിൻ വിതരണം ചെയ്തു.
- രണ്ടാം തരംഗം ശക്തിപ്പെട്ട സമയം കേന്ദ്രസർക്കാർ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും വാക്സിനേഷൻ ഏർപ്പെടുത്തി.

**45 വയസ്സിന് മുകളിലുള്ളവർക്ക് ജോലി സ്ഥലത്ത് എത്തി വാക്സിനേഷൻ നൽകുന്ന രീതി ഏപ്രിൽ 12ന് തുടങ്ങി.**

**18 വയസ്സിന് മുകളിൽ പ്രായമായ എല്ലാവർക്കും വാക്സിൻ നൽകുന്ന മൂന്നാംഘട്ടം മെയ് 1ന് രാജ്യത്ത് ആരംഭിച്ചു.**

- പ്രതിരോധ കുത്തിവെയ്പ്പിന്റെ മുഴുവൻ ചുമതലയും നേരിട്ടേറ്റെടുത്ത കേന്ദ്രസർക്കാർ ജൂൺ 21 മുതൽ പ്രായപൂർത്തിയായവർക്കുള്ള ലോകത്തിലെ ഏറ്റവും വലിയ സൗജന്യ വാക്സിനേഷൻ പ്രക്രിയയ്ക്ക് ആരംഭം കുറിച്ചു.
- കൊവാക്സിൻ, കൊവിഷീൽഡ് എന്നിവയ്ക്കൊപ്പം റഷ്യയുടെ സ്പുട്നിക്-വിയ്ക്ക് കൂടി അംഗീകാരം നൽകിയതോടെ വാക്സിൻ വിതരണത്തിന്റെ വേഗത ഉയർന്നു. പന്ത്രണ്ട് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് നൽകുന്ന സൈഡസ് കാഡില വാക്സിനും അനുമതി നൽകി.

# വാക്സിൻ മൈത്രി വഴി 6.5 കോടി ഡോസ് വാക്സിനുകൾ ലോകത്തിലെ 95 രാജ്യങ്ങൾക്ക് നൽകി

സെപ്റ്റംബർ 17ന് പതിനാറു മണിക്കൂറിനിടെ വിതരണം ചെയ്തത് 2.5 കോടി വാക്സിൻ ഡോസുകളാണ്. അതിന് മുമ്പ് ശരാശരി 54 ലക്ഷം ഡോസുകൾ മാത്രമാണ് ദിവസം വിതരണം ചെയ്യാൻ സാധിച്ചിരുന്നത്.സെപ്റ്റംബർ 17ന് വിതരണം ചെയ്ത വാക്സിനുകൾ ഓസ്ട്രേലിയയുടെ ജനസംഖ്യയ്ക്ക് തുല്യമാണ്. കാനഡയുടെ ജനസംഖ്യയുടെ മൂന്നിൽ രണ്ടും ന്യൂസിലാന്റിന്റെ അഞ്ചിരട്ടിയുമാണിത്. സപ്തംബർ 17ന് ഭാരതത്തിൽ നടന്ന വാക്സിനേഷൻ ലോകത്തിലെ നൂറോളം രാജ്യങ്ങളുടെ ജനസംഖ്യയ്ക്ക് തുല്യമാണ്.

ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ഭാരതം വാക്സിൻ വിതരണത്തിൽ പുതിയ റെക്കോർഡ് സ്ഥാപിച്ചു. ജി-7 രാജ്യങ്ങളിലെ ജനസംഖ്യയേക്കാൾ കൂടുതൽ വാക്സിനുകളാണ് ഇക്കാലയളവിൽ രാജ്യത്ത് വിതരണം ചെയ്തത്. ഇതുമാത്രമല്ല, യുപി, ഹരിയാന, മധ്യപ്രദേശ്, കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ നടന്ന വാക്സിനേഷനുകൾ പോലും പല പരാജ്യങ്ങളിലെയും ജനസംഖ്യയേക്കാൾ കൂടുതലായിരുന്നു. യൂറോപ്യൻ യൂണിയൻ, അറബ് ലീഗ്, നാറ്റോ, ജി-7, ആസിയാൻ രാജ്യങ്ങളേക്കാൾ ഏറെ മുന്നിലാണ് ഭാരതത്തിന്റെ വാക്സിനേഷൻ യജ്ഞം.

പ്രതിരോധ കുത്തിവയ്പ്പിന്റെ ഇത്രവലിയ മുന്നേറ്റത്തിന് കാരണം തദ്ദേശീയമായി രണ്ട് വാക്സിനുകൾ ഉൽപ്പാദിപ്പിക്കാൻ സാധിച്ചതും വാക്സിൻ വിതരണത്തിന്റെ വിപുലമായ ശൃംഖലയും നൈപുണ്യമുള്ള ആരോഗ്യ ജീവനക്കാരുമാണ്. ഭാരതത്തിന്റെ ശേഷി ലോകത്തിനാകെ കാണിച്ചുനൽകാൻ ഇതുവഴി സാധിച്ചു. ഈ നേട്ടം ഓരോ ഭാരതീയനും അഭിമാനം നൽകുന്നതാണ്.

**ദുർഘടമായ വാക്സിനേഷന്റെ പാത**

ഇത്ര വലിയ പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം ഒരിക്കലും രാജ്യത്തുണ്ടായിട്ടില്ല. ഈ യജ്ഞത്തിന്റെ വലുപ്പം ആദ്യഘട്ടത്തിൽ തന്നെ വ്യക്തമായിരുന്നു.

# ആഗസ്റ്റ്-സെപ്റ്റംബറിലെ അതിവേഗ വാക്സിനേഷൻ

അതിവേഗ വാക്സിനേഷൻ പ്രക്രിയ സാധ്യമാണെന്ന് തെളിയിച്ച മാസങ്ങളായിരുന്നു ആഗസ്റ്റ്- സെപ്റ്റംബർ. ആഗസ്റ്റിൽ രാജ്യത്ത് വിതരണം ചെയ്തത് 18 കോടി വാക്സിനുകളാണ്. എല്ലാ ജി-7 രാജ്യങ്ങളുടേയും വാക്സിനേഷന് തുല്യമാണിത്. കാനഡയും യുകെയും യുഎസും ഇറ്റലിയും ജർമനിയും ഫ്രാൻസും ജപ്പാനും ചേർന്ന് ആഗസ്റ്റിൽ നൽകിയത് ഇതിലും താഴെ വാക്സിനുകൾ മാത്രമാണ്.

അതോടൊപ്പം സെപ്റ്റംബർ 17ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനത്തിൽ രണ്ടരക്കോടി പേർക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകി ഭാരതം വീണ്ടും ചരിത്രം സൃഷ്ടിച്ചു. മണിക്കൂറിൽ 15.62 ലക്ഷം വാക്സിനുകൾ, അല്ലെങ്കിൽ മിനുറ്റിൽ 26,000 വാക്സിനുകൾ, അല്ലെങ്കിൽ സെക്കന്റിൽ 434 പേർക്ക് ഭാരതം ആ ദിവസം വാക്സിനുകൾ നൽകി.




**കൊവിഷീൽഡിനും കൊവാക്സിനും ശേഷം ഭാരതം തദ്ദേശിയമായി വികസിപ്പിച്ചെടുത്ത സൈകോവ് ഡി എന്ന വാക്സിനും പ്രതിരോധ കുത്തിവെയ്പ്പ് പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്നു.**

എത്ര വലിയ യജ്ഞത്തിനാണ് ഭാരതം തുടക്കമിടുന്നതെന്ന് വാക്സിനേഷന്റെ ആദ്യ ഘട്ടത്തിൽ തന്നെ വ്യക്തമായിരുന്നു. ആദ്യ ഘട്ടത്തിൽ മൂന്നുകോടി ആരോഗ്യ-മുന്നണി പ്രവർത്തകർക്കും 27 കോടിയോളം വരുന്ന മുതിർന്നവർക്കും ഗുരുതര രോഗബാധിതർക്കും വാക്സിനേഷൻ നൽകാൻ തീരുമാനിച്ചു. മൂന്നു കോടിയിൽ താഴെ ജനസംഖ്യയുള്ള നൂറിലേറെ രാജ്യങ്ങളാണ് ലോകത്തുള്ളത്. എന്നാൽ വാക്സിനേഷന്റെ ആദ്യ ഘട്ടത്തിൽ തന്നെ മൂന്നുകോടി പേർക്ക് ഭാരതം വാക്സിൻ നൽകി. ജനുവരി 16ന് വാക്സിനേഷൻ ആരംഭിക്കുമ്പോൾ വിദഗ്ധരുടെ അഭിപ്രായം 7-8 മാസങ്ങൾ എടുത്താൽ മാത്രമേ 30 കോടി പേർക്ക് വാക്സിൻ നൽകാൻ സാധിക്കൂ എന്നായിരുന്നു. എന്നാൽ ഇക്കാലം കൊണ്ട് ഭാരതം 92 കോടിയിലധികം വാക്സിനുകൾ നൽകിക്കഴിഞ്ഞു. കൊവിഡിനെതിരായ ഭാരതത്തിന്റെ പോരാട്ട വേഗതയെയാണ് ഇതു സൂചിപ്പിക്കുന്നത്.

ആസാദി കാ അമൃത് മഹോത്സവ് രാജ്യത്തെ കൊവിഡ് വാക്സിനേഷൻ പ്രക്രിയയെ വേഗത്തിലാക്കി. സാധാരണക്കാരായ ജനങ്ങൾ വലിയ ആവേശത്തോടെയും അഭിമാനത്തോടെയും പ്രതിരോധ കുത്തിവെയ്പ്പിന്റെ ഭാഗമായി മാറി. ആഗസ്റ്റ് മാസത്തിൽ മാത്രം ഭാരതത്തിൽ 18.6 കോടി പേർക്ക് വാക്സിനുകൾ നൽകാൻ സാധിച്ചു. ആഗസ്റ്റിലെ അവസാന ദിവസം 1.30 കോടി പേർക്കാണ് വാക്സിൻ ലഭ്യമാക്കിയത്.




അക്കാലത്ത് ഒരുദിവസം നൽകിയ ഏറ്റവും ഉയർന്ന വാക്സിനായിരുന്നു അത്. ആഗസ്റ്റ് 26 ആയപ്പോഴേക്കും രാജ്യത്ത് വാക്സിന് അർഹരായ ആളുകളിൽ പകുതി പേർക്ക് വാക്സിനുകൾ നൽകാൻ രാജ്യത്തിനായി. ജനങ്ങളുടെ ജീവൻ രക്ഷിക്കുകയെന്നതായിരുന്നു കേന്ദ്രസർക്കാരിന്റെ ഏറ്റവും മുൻഗണന. അതിനാൽ തന്നെ കൊവിഡ് രാജ്യത്തേക്ക് എത്തുന്നതിന് മുമ്പ് തന്നെ തയ്യാറെടുപ്പുകളും ആരംഭിച്ചിരുന്നു.

ശാസ്ത്രത്തേയും സാങ്കേതികവിദ്യയേയും കൊവിഡിനെതിരായ പോരാട്ടത്തിൽ പ്രാധാന്യത്തോടെ മുന്നിൽ നിർത്താനാണ് ഭാരതത്തിന്റെ ഭരണ നേതൃത്വം തീരുമാനിച്ചത്. പ്രതിരോധ കുത്തിവെയ്പ്പ് പ്രക്രിയയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കുന്നതിനും കൊവിഡ് കാലത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശീയ വാക്സിനുകളുടെ കണ്ടുപിടുത്തത്തിനുമെല്ലാം കേന്ദ്രസർക്കാർ ശാസ്ത്രത്തേയും സാങ്കേതിവിദ്യയേയുമാണ് ആശ്രയിച്ചത്. കൊവിഡ് രാജ്യത്തെത്തി ഒരുമാസം പിന്നിട്ട 2020 ഏപ്രിലിൽ തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദി കൊവിഡ് വെല്ലുവിളികളെ നേരിടാൻ പ്രത്യേക കർമ്മസമിതിയെ പ്രഖ്യാപിച്ചു. രാജ്യത്തിന്റെ പ്രിൻസിപ്പൽ ശാസ്ത്ര ഉപദേശകൻ കെ. വിജയരാഘവനും നിതി ആയോഗ് അംഗം ഡോ. വി. കെ പോളിനുമാണ് കർമ്മസമിതിയുടെ മുഖ്യ ചുമതലകൾ നൽകിയത്. ശാസ്ത്രീയ വിലയിരുത്തലുകൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുകയെന്നതായിരുന്നു അവരുടെ പ്രധാന ദൗത്യം. ഇതുവഴി വാക്സിൻ നിർമ്മാണത്തിന് പ്രോത്സാഹനം ലഭിച്ചു. 2020 ആഗസ്റ്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റൊരു ദൗത്യം ഏറ്റെടുത്തു. ദിനാഷണൽ എക്സ്പേർട്ട് ഗ്രൂപ്പ് ഓൺ വാക്സിൻ അഡ്മിനിസ്ട്രേഷൻ ഫോർ കൊവിഡ്-19(എൻഇജിവിഎസി) രൂപീകരിച്ച് മന്ത്രാലയങ്ങൾ തമ്മിലുള്ള ഏകോപനം കുറ്റമറ്റതാക്കി. സാങ്കേതിക വിദഗ്ധരും അഞ്ചു സംസ്ഥാനങ്ങളിലെ പ്രതിനിധികളും അടങ്ങുന്നതാണ് സമിതി. ഫെഡറൽ സംവിധാനത്തിന്റെ മികവുറ്റ മാതൃകയായി മാറിയ സംവിധാനമായിരുന്നു ഇത്.



## രണ്ട് ഡോസ് വാക്സിൻ നൽകിയതിൽ ചൈനക്കും അമേരിക്കക്കും ശേഷം ഭാരതമാണ് മുന്നിൽ.

കൊവിഡ് പ്രതിസന്ധിയെ അവസരമായി കണക്കാക്കി മുഖ്യമന്ത്രിമാരെ വിശ്വാസത്തിലെടുത്ത് പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർത്തത് ഒരു ഡസനിലേറെ തവണയാണ്. വാക്സിൻ കണ്ടുപിടിക്കുന്നതിന് മുമ്പ് തന്നെ ഈ സംഘം സംഭരണം, ശേഖരണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാക്കിയിരുന്നു. ജനങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ വാക്സിൻ നൽകുന്നതടക്കമുള്ള വിഷയങ്ങളിൽ നേരത്തെ തന്നെ ധാരണയായിരുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടേയും സഹായത്തോടെ ചുരുങ്ങിയ കാലയളവിൽ തന്നെ മികച്ച വാക്സിനുകൾ തയ്യാറാക്കാൻ സാധിച്ചു എന്നതു മാത്രമല്ല, കൃത്യമായ നിരീക്ഷണത്തോടെ വാക്സിൻ അവസാന വ്യക്തിയിൽ വരെ എത്തുന്നുവെന്ന് ഉറപ്പാക്കാനുള്ള സംവിധാനവും ക്രമീകരിച്ചിരുന്നു. ഭാരതത്തിന്റെ കൊവിൻ പ്ലാറ്റ്ഫോം ഇന്ന് ലോകത്തിനാകെ മാതൃകയാണ്.

### എല്ലാവർക്കും സൗജന്യ വാക്സിനേഷൻ

കൊവിഡ് മഹാമാരി അപ്രതീക്ഷിതമായിരുന്നതിനാൽ തന്നെ എല്ലാ രാജ്യങ്ങളെയും പോലെ ഭാരതത്തെയും അതു ഗുരുതരമായി ബാധിച്ചു. എന്നാൽ ഭാരതം ഈ മഹാമാരിയെ ബഹുമുഖ തന്ത്രത്തിലൂടെയാണ് നേരിട്ടത്. കൊവിഡ് ആശുപത്രികൾ നിർമ്മിക്കുന്നതിലൂടെയും ഐസിയു കിടക്കകളുടെ എണ്ണം ഉയർത്തുന്നതിലൂടെയും വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിലൂടെയും പരിശോധനാ ലാബുകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെയുമെല്ലാം ഭാരതം അതിന്റെ ശേഷി തെളിയിച്ചു. കൊവിഡ് 19ന്റെ രണ്ടാം തരംഗമുണ്ടായ ഏപ്രിൽ, മെയ് മാസങ്ങളിൽ മെഡിക്കൽ ഓക്സിജന്റെ ആവശ്യകത രാജ്യത്ത് വൻതോതിലുണ്ടായി. രാജ്യ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ലാത്ത വിധം മെഡിക്കൽ ഓക്സിജന്റെ ആവശ്യകത ഉയർന്നു. ഓക്സിജൻ സിലിണ്ടർ ദൗർലഭ്യം ഇല്ലാതാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചത്. ഓക്സിജൻ റെയിൽ ആരംഭിക്കുകയും വ്യോമസേനയെയും നാവികസേനയെയും ഓക്സിജൻ സിലിണ്ടറുകളുടെ വേഗത്തിലുള്ള വിതരണത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്തു. വളരെ ചെറിയ സമയത്തിനുള്ളിലാണ് ദ്രവീകൃത മെഡിക്കൽ ഓക്സിജന്റെ ആവശ്യകത പത്തിരട്ടിയായി ഉയർന്നത്. ലോകത്തിലെ എല്ലാ മൂലയിൽ നിന്നും ഓക്സിജൻ സിലിണ്ടറുകൾ എത്തിക്കാനുള്ള പരിശ്രമങ്ങൾ നടത്തി. അവശ്യ മരുന്നുകളുടെ ഉൽപ്പാദനം വൻതോതിൽ ഉയർത്തുകയും വിദേശത്തുനിന്നടക്കം ആവശ്യമായ മരുന്നുകൾ എത്തിക്കുകയും ചെയ്തു.

കൊവിഡിനെതിരായ പോരാട്ടത്തിൽ ഏറ്റവും വലിയ പരിചയെന്നത് പ്രതിരോധ കുത്തിവെയ്പ്പാണ്. കഴിഞ്ഞ അമ്പതറുപത് വർഷത്തെ ചരിത്രം പരിശോധിച്ചാൽ, വിദേശത്തുനിന്ന് വാക്സിനുകൾ ഭാരതത്തിൽ എത്തിച്ചേരാൻ എടുത്തിട്ടുള്ളത് പതിറ്റാണ്ടുകളാണെന്ന് നമുക്ക് മനസ്സിലാവും. വിദേശ രാജ്യത്തെ വാക്സിൻ പ്രക്രിയ പൂർണ്ണമായും അവസാനിച്ച ശേഷം മാത്രമേ നമുക്ക് അവർ വാക്സിനുകൾ നൽകിയിരുന്നുള്ളൂ. 2014ൽ ഭാരതത്തിലെ വാക്സിനേഷൻ അറുപത് ശതമാനം മാത്രമേ പൂർത്തിയായിരുന്നുള്ളൂ. ആ കണക്ക് അനുസരിച്ചാണെങ്കിൽ ഇനിയും നാൽപ്പതു വർഷം കൂടി എടുത്താൽ മാത്രമേ രാജ്യത്തെ വാക്സിനേഷൻ പ്രക്രിയ പൂർത്തീകരിക്കാനാവുമായിരുന്നുള്ളൂ.

# വാക്സിൻ നിങ്ങളിലേക്ക് എത്തിയത് ഇപ്രകാരം




**സെപ്റ്റംബർ 23 വരെ ഭാരതത്തിൽ നടന്നത് 55 കോടിയിലേറെ കൊവിഡ് പരിശോധനകളാണ്. വിവിധ ലോകരാജ്യങ്ങളുടെ ജനസംഖ്യ ചേർത്തുവെയ്ക്കുന്നതിനേക്കാൾ അധികമാണിത്.**

എന്നാൽ വെറും 5-6 വർഷം കൊണ്ട് അറുപത് ശതമാനത്തിൽ നിന്ന് 90 ശതമാനത്തിലധികമായി ഭാരതത്തിലെ വാക്സിനേഷൻ പ്രക്രിയ ഉയർന്നു. മിഷൻ ഇന്ദ്രധനുഷ് എന്ന കേന്ദ്രസർക്കാർ പദ്ധതിയാണ് ഇതു സാധ്യമാക്കിയത്.

ആത്മനിർഭർ ഭാരത് പാക്കേജിന് കീഴിൽ മിഷൻ കൊവിഡ് സുരക്ഷ വഴി വാക്സിൻ കമ്പനികൾക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകി. ജനുവരി 16 മുതൽ ഏപ്രിൽ അവസാനം വരെ രാജ്യത്തെ വാക്സിനേഷൻ പ്രക്രിയ പരിപൂർണ്ണമായും കേന്ദ്രസർക്കാരിന്റെ മേൽനോട്ടത്തിലാണ് മുന്നോട്ട്പോയത്. എല്ലാവർക്കും സൗജന്യ വാക്സിനേഷൻ എന്ന ലക്ഷ്യത്തിലേക്കാണ് രാജ്യം മുന്നോട്ട് നീങ്ങിയത്. എന്നാൽ ചില സംസ്ഥാനങ്ങൾ അവർക്ക് അവരുടെ കൂടി അധിക പരിശ്രമത്താൽ വാക്സിനേഷൻ പ്രക്രിയയുടെ വേഗത ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് അവർക്കും വാക്സിനേഷൻ പ്രക്രിയയിൽ പങ്കാളിത്തം ലഭിച്ചു. ഇതേ തുടർന്ന് മെയ് 1 മുതൽ 25 ശതമാനം വാക്സിനേഷൻ ചുമതല സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. എന്നാൽ രണ്ടാം തരംഗത്തോടെ പഴയ സംവിധാനം തന്നെ മതിയെന്ന് സംസ്ഥാന സർക്കാരുകൾ ആവശ്യപ്പെട്ടു. ഇതേ തുടർന്ന് ജൂൺ 7ന് രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്രമോദി പഴയ സംവിധാനം പുനസ്ഥാപിക്കുന്നതായി പ്രഖ്യാപിച്ചു. ഇതോടെ വാക്സിനേഷൻ വിതരണത്തിന്റെ പൂർണ്ണ ചുമതല കേന്ദ്രസർക്കാർ വീണ്ടും ഏറ്റെടുത്തു. അന്താരാഷ്ട്ര യോഗാ ദിനമായ ജൂൺ 21ന് ഏവർക്കും സൗജന്യ വാക്സിനേഷൻ എന്ന പ്രചാരണ പരിപാടി ആരംഭിച്ചു. വാക്സിനേഷൻ വേഗത വർദ്ധിപ്പിക്കുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ വാക്സിൻ ഉൽപ്പാദനവും ആരംഭിച്ചു. ഇതോടെ വാക്സിനേഷന്റെ വേഗത ഉയർന്നു.

**'ജാൻ ഹേ തോ ജാൻ ഹേ' യും 'ജാൻ ഭീ ജഹാൻ ഭീ' യും മാർഗ്ഗ നിർദ്ദേശങ്ങളായി**

കഴിഞ്ഞ വർഷം മാർച്ചിൽ വിവിധ ലോകരാജ്യങ്ങളിലെ കൊവിഡ് കേസുകൾ ക്രമാതീതമായി ഉയർന്നപ്പോൾ തന്നെ 102 വർഷങ്ങൾക്ക് മുമ്പ് വന്ന സ്പാനിഷ് ഫ്ളൂ മഹാമാരിയെപ്പറ്റി ഭാരതം വിശദമായ പഠനങ്ങൾ നടത്തി. ലോക്ഡൗൺ നടപ്പാക്കിയാൽ കേസുകളുടെ എണ്ണം കുറയ്ക്കാമെന്നും മരണസംഖ്യ കുറയ്ക്കാമെന്നും മനസ്സിലാക്കി.

# ആരോഗ്യം എല്ലാവർക്കും

**വലിയ ശ്രദ്ധയൊന്നും ലഭിക്കാതെ കിടന്ന രാജ്യത്തിന്റെ ആരോഗ്യ മേഖലയിലെ സമഗ്ര മാറ്റങ്ങൾ 2014 മുതലാണ് ആരംഭിച്ചത്. പുതിയ ആശുപത്രികളും മെഡിക്കൽ കോളേജുകളും പാവപ്പെട്ടവർക്കുള്ള സൗജന്യ ചികിത്സയുമെല്ലാം ഗ്രാമങ്ങൾ മുതൽ ചെറു പട്ടണങ്ങളിലും വലിയ നഗരങ്ങളിലും സാധ്യമായി. രാജ്യത്തെ ആരോഗ്യ സംവിധാനങ്ങൾ അതോടെ അഭിവൃദ്ധിപ്പെട്ടു.**

രാജ്യത്തെ ആരോഗ്യ മേഖലയിലെ സേവനങ്ങൾ ലഭ്യമാക്കാനോ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനോ പലപ്പോഴും കേന്ദ്രീകൃത സംവിധാനങ്ങളുടെ അഭാവം നിമിത്തം സാധ്യമായിരുന്നില്ല. ഉൾനാടുകളിൽ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ മികച്ച ജീവനക്കാരുടേയും നല്ല അടിസ്ഥാനസൗകര്യങ്ങളുടേയും അഭാവം തടസ്സമായിരുന്നു. ഇതെല്ലാം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ പൊതുബജറ്റിൽ ആരോഗ്യമേഖലയ്ക്ക് വൻ തുകകൾ വകയിരുത്തിയത്. മുമ്പത്തേക്കാൾ 137 ശതമാനം അധിക തുക വകയിരുത്തിയതിന്റെ ലക്ഷ്യം തന്നെ രാജ്യത്തെ ആരോഗ്യ മേഖലയുടെ സമഗ്രമായ മാറ്റമാണ്. 2020 ജനുവരി 30ന് രാജ്യത്തെ ആദ്യ കൊവിഡ് കേസ് റിപ്പോർട്ട് ചെയ്യുമ്പോൾ കൊവിഡ് പരിശോധനാ സംവിധാനമുണ്ടായിരുന്നത് പൂനയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാത്രമായിരുന്നു. എന്നാലിന്ന് രാജ്യത്തെ 2,486 ലാബുകളിൽ ഈ പരിശോധന സാധ്യമാണ്. രോഗത്തെ തടയുന്നതിനായി കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളുടെ വ്യാപ്തി വ്യക്തമാക്കുന്ന കണക്കാണിത്. 2021-22 ബജറ്റിൽ പ്രഖ്യാപിച്ച പ്രധാനമന്ത്രി ആത്മനിർഭർ സ്വാസ്ഥ് ഭാരത് യോജനയിൽ പ്രത്യേക പാക്കേജുകളും ഇതിനായി പ്രഖ്യാപിച്ചിരുന്നു.

**എല്ലാ കുട്ടികൾക്കും വാക്സിൻ ലഭ്യമാക്കണം**




പന്ത്രണ്ട് രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വാക്സിനുകളാണ് മിഷൻ ഇന്ദ്രധനുഷ് പദ്ധതി പ്രകാരമുള്ളത്. പൊതുബജറ്റിൽ തദ്ദേശീയമായി തയ്യാറാക്കിയ ന്യൂമോകോക്കൽ വാക്സിൻ രാജ്യവ്യാപകമായി എത്തിക്കാൻ പ്രചാരണം ആരംഭിച്ചു. പ്രതിവർഷം 50,000 കുട്ടികളുടെ ജീവനാണ് ഇതുവഴി രക്ഷിക്കാനാവുന്നത്.

**3.70**

**കോടി കുട്ടികൾക്കും 92 ലക്ഷം സ്ത്രീകൾക്കുമാണ് മിഷൻ ഇന്ദ്രധനുഷ് പ്രകാരം പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയത്.**

സാമ്പത്തിക പുനരേകീകരണം ദീർഘകാലാടിസ്ഥാനത്തിൽ സാധിക്കുമെന്നും മനസ്സിലാക്കി. ലോക്ഡൗൺ സാമ്പത്തികാവസ്ഥയെ ബാധിക്കുമെങ്കിലും പിന്നീടതിൽ വലിയ തിരിച്ചുവരവ് സാധ്യമാണ്. ജിഡിപിയിൽ ആഘാതമുണ്ടായാലും മനുഷ്യ ജീവനുകൾക്കാണ് പ്രാധാന്യമെന്ന് രാജ്യം തീരുമാനിച്ച നിമിഷങ്ങളായിരുന്നു അത്. ഈ ലക്ഷ്യത്തോടെയാണ് ജാൻ ഹേ തോ ജാൻ ഹേയും പിന്നീട് ജാൻ ഭീ ജഹാൻ ഭീയും സന്ദേശവാക്യങ്ങളായി ഉപയോഗിച്ചത്. 137 കോടി ജനങ്ങളുള്ള ഭാരതത്തിൽ ഉണ്ടായേക്കാവുന്ന കൊവിഡ് വ്യാപനത്തിന്റെ ഭീതിജനകമായ തോത് കണക്കിലെടുത്താണ് ലോക്ഡൗൺ നടപ്പാക്കിയത്. ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ പഠനം വ്യക്തമാക്കുന്നത് ഭാരതത്തിലെ ലോക്ഡൗൺ ബ്രിട്ടണിൽ നടപ്പാക്കിയ ലോക്ഡൗണിനേക്കാൾ 15 ശതമാനം അധികം ശക്തമായിരുന്നുവെന്നാണ്.

മേൽപ്പറഞ്ഞ രണ്ടു വാക്യങ്ങൾ കേന്ദ്രീകരിച്ചാണ് കേന്ദ്രസർക്കാർ കൊവിഡ് പ്രതിരോധ തന്ത്രങ്ങൾ രൂപീകരിച്ചത്. ആസമയത്ത് ഭാരതം സ്വയം വാക്സിൻ ഉൽപ്പാദിപ്പിക്കുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നുപോലുമില്ല. അമേരിക്ക ആദ്യം വാക്സിൻ ഉൽപ്പാദിപ്പിക്കുമെന്നും അതവർ അവരുടെ ജനങ്ങൾക്ക് പൂർണ്ണമായും നൽകിയ ശേഷം മറ്റു ലോകരാജ്യങ്ങൾക്ക് എത്തിക്കുമെന്നുമായിരുന്നു അന്നത്തെ പ്രതീക്ഷ. എന്നാൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സമഗ്ര ചിന്തകളാണ് വലിയ മാറ്റത്തിനായി രാജ്യത്തെ പ്രാപ്തമാക്കിയത്. വാക്സിൻ ഉൽപ്പാദനത്തിനാവശ്യമായ വഴിയൊരുക്കാൻ ലക്ഷ്യമിട്ട് രാജ്യം ആദ്യം കർമ്മസേന രൂപീകരിച്ചു. പൂനയിലെയും ഗുജറാത്തിലെയും ഹൈദരാബാദിലെയും മരുന്നു കമ്പനികളുടെ ഫാക്ടറികളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ടെത്തി പ്രോത്സാഹനം നൽകി. ഇതവർക്ക് വാക്സിൻ വിജയകരമായി ഉൽപ്പാദിപ്പിക്കുന്നതിന് പ്രചോദനമായി മാറി. ഇത്തരം നടപടികളുടെ ഫലമായി ഒന്നിനു പകരം രണ്ട് വാക്സിനുകൾ-കൊവിഷീൽഡും കൊവാക്സിനും ഭാരതം ഉൽപ്പാദിപ്പിച്ചു. വാക്സിൻ വിതരണത്തിനും സംഭരണത്തിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം തന്നെ നേരത്തെ തന്നെ നിർവഹിച്ചിരുന്നു. വാക്സിൻ തയ്യാറായപ്പോൾ ആരോഗ്യ പ്രവർത്തകർക്ക് ആദ്യം വിതരണം ചെയ്യാമെന്നാണ് തീരുമാനിച്ചത്.

# ആരോഗ്യ സംവിധാനങ്ങളുടെ അഴിച്ചുപണി

**ആരോഗ്യ മേഖലയ്ക്ക് പൊതുബജറ്റിൽ ഇത്രയധികം വർദ്ധനവ് അനുവദിച്ച ആദ്യ സർക്കാർ**

**137%**

**700**

**കോടി രൂപ പിഎം – ജൻ ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം ചികിത്സയ്ക്കായി ചെലവഴിച്ചു.**

### പാവപ്പെട്ടവർക്ക് ഇപ്പോൾ സൗജന്യ ചികിത്സ

- 10.74 കോടി കുടുംബങ്ങളിലെ 50 കോടി പേർക്ക് അഞ്ചുലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പിഎം ജൻ ആരോഗ്യ ആയുഷ്മാൻ ഭാരത് പദ്ധതി ആരംഭിച്ചു.
- പദ്ധതിക്ക് കീഴിൽ 16 കോടി ഇ-കാർഡുകൾ വിതരണം ചെയ്തു. ഇതുവരെ 1.79 കോടി ആളുകൾക്ക് പദ്ധതിക്കുകീഴിൽ സൗജന്യ ചികിത്സ ലഭ്യമാക്കി.
- 90 ശതമാനം വരെ വിലക്കുറവിൽ അവശ്യ മരുന്നുകൾ ലഭിക്കുന്ന 7,676 ജൻഔഷധി കേന്ദ്രങ്ങൾ ആരംഭിച്ചു. ഒരു രൂപയ്ക്ക് ഇവിടെ സാനിറ്ററി നാപ്കിനുകളും ലഭ്യമാക്കി.
- ബേർ മെറ്റൽ സ്റ്റെന്റുകൾ 7,260 രൂപയ്ക്ക് നൽകി. ഇതോടെ സ്റ്റെന്റുകളുടെ വിലയിൽ 86 ശതമാനമാണ് വില കുറഞ്ഞത്. ജമ്മു കശ്മീരിലെ എല്ലാവർക്കും സേഹത് എന്ന പേരിലുള്ള ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭിച്ചു.
- പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 22 സംസ്ഥാനങ്ങളിൽ അമ്പതിലധികം പദ്ധതികൾ ആരംഭിച്ചു. പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പ്രകാരം ഗർഭിണികൾക്ക് 6,000 രൂപ ലഭിക്കും. പ്രതിവർഷം 51 ലക്ഷം സ്ത്രീകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

### ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ശ്രദ്ധിക്കുന്ന നാല് കാര്യങ്ങൾ




**01** രോഗങ്ങൾ വരാതിരിക്കാൻ ശുചിത്വം.

**02** പാവപ്പെട്ടവർക്ക് മികച്ചതും ചിലവു കുറഞ്ഞതുമായ ചികിത്സ

**03** അടിസ്ഥാന സൗകര്യമേഖലയിലെയും വിദഗ്ധരുടേയും ഗുണാത്മകത ഉയർത്തുക.

**04** പ്രതിസന്ധികളെ തരണം ചെയ്യാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുക.

**15** പുതിയ എയിംസുകളാണ് രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ചത്. 2 എയിംസും 9 പുതിയ മെഡിക്കൽ കോളേജുകളുമാണ് 370-ാം വകുപ്പ് റദ്ദാക്കിയതിന് പിന്നാലെ ജമ്മു കശ്മീരിൽ ആരംഭിച്ചത്.

- 2025 ഓടെ ഭാരതത്തിൽ നിന്ന് ടിബി ഇല്ലാതാക്കാൻ ലക്ഷ്യം.

- കൊവിഡ് കാലത്ത് രാജ്യത്ത് അമ്പതിനായിരം ആരോഗ്യ ക്ഷേമ കേന്ദ്രങ്ങൾ ആരംഭിച്ചു. 1.2 കോടി ആളുകളാണ് ടെലി മെഡിസിൻ സേവനങ്ങൾ നേടിയത്.
- 2014ൽ 52,000 മെഡിക്കൽ ബിരുദ സീറ്റുകളും 30,000 മെഡിക്കൽ പിജി സീറ്റുകളുമാണ് രാജ്യത്തുണ്ടായിരുന്നത്. നിലവിൽ 85,000ത്തിലധികം ബിരുദ സീറ്റുകളും 46,000ത്തിലധികം പി.ജി സീറ്റുകളും മെഡിക്കൽ വിദ്യാഭ്യാസത്തിനായി ഉറപ്പാക്കിയിട്ടുണ്ട്.
- 1947നും 2014നും ഇടയിൽ 381 മെഡിക്കൽ കോളേജുകളാണ് രാജ്യത്താരംഭിച്ചത്. എന്നാൽ കഴിഞ്ഞ ആറുവർഷം കൊണ്ട് മാത്രം 184 പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങി.

തുടർന്ന് മറ്റുള്ളവർക്കും വാക്സിനുകൾ ലഭ്യമാക്കി.

**മികച്ച ആരോഗ്യ സംവിധാനങ്ങൾ നിർണ്ണായകം**

ഭാരതത്തിലെ ആരോഗ്യ മേഖലയിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടപ്പായ സമഗ്ര മാറ്റമാണ് ആരോഗ്യ പ്രവർത്തകർ, ശാസ്ത്രജ്ഞർ, ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ആശാ വർക്കേഴ്സ്, അംഗണവാടി ജീവനക്കാർ, അധ്യാപകർ, മറ്റു പ്രധാന ദൗത്യങ്ങൾ നിർവഹിക്കുന്നവർ എന്നിവർക്ക് വിജയകരമായി വാക്സിനേഷൻ ലഭ്യമാക്കാൻ സഹായിച്ചത്. മുൻകാലത്ത് ആരോഗ്യ മേഖലയ്ക്ക് ഇത്രയധികം പ്രധാന്യം ലഭിച്ചിരുന്നില്ല. എന്നാൽ ഇതാദ്യമായി ഒരു കേന്ദ്രസർക്കാർ ആരോഗ്യമേഖലയെ അതിന്റെ തന്ത്രപ്രധാന ഘടകമായി പ്രഖ്യാപിച്ചിരിക്കുന്നു. പൊതുബജറ്റിൽ ആരോഗ്യ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുന്നതിനാൽ എല്ലാവർക്കും ആരോഗ്യ സേവനങ്ങളും ലഭ്യമാകുന്നു. 2014 മുതൽ പുതിയ 6 എയിംസുകളാണ് പൂർണ്ണമായും പ്രവർത്തന ക്ഷമമായത്. 16 എയിംസുകൾ അതിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിലാണ്. എംബിബിഎസ് സീറ്റുകളിൽ 53 ശതമാനത്തിന്റെ വർദ്ധനവും മെഡിക്കൽ പി.ജി സീറ്റുകളിൽ 80 ശതമാനം വർദ്ധനവുമാണ് ഇതിനകം വരുത്തിയിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആയുഷ് വകുപ്പ് വഴിയുള്ള രോഗപ്രതിരോധ സംവിധാനങ്ങൾ എന്നിവയാണ് സർക്കാരിന്റെ പ്രധാന മുൻഗണനാ വിഷയങ്ങൾ. ഇതു നടപ്പായതോടെ ഉൾനാടുകളിൽ പോലും മികച്ച ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്താനും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ താഴേത്തട്ടുവരെ സമഗ്രമായി നടപ്പാക്കാനും സാധിച്ചു. ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നിരന്തര പരിശ്രമങ്ങളാണ് കൊവിഡ് വാക്സിനേഷൻ പ്രക്രിയയെ റെക്കോർഡ് വേഗത്തിലാക്കിയത്. ഭാവിയിൽ വന്നേക്കാവുന്ന മഹാമാരികളെ ഫലപ്രദമായി പ്രതിരോധിക്കാൻ പ്രാപ്തമാക്കുന്ന മികച്ച ആരോഗ്യ സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിലാണ് ഇപ്പോൾ കേന്ദ്രസർക്കാർ ശ്രദ്ധിക്കുന്നത്. കൊവിഡ് വാക്സിനേഷൻ പ്രക്രിയയിൽ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങൾ സൂപ്പർ മാസങ്ങളായി മാറിക്കഴിഞ്ഞു. ഈ വേഗത ഇനി കുറയില്ല. ഈ വർഷം തന്നെ രാജ്യത്ത് അർഹതപ്പെട്ട എല്ലാവർക്കും വാക്സിനേഷൻ നൽകാൻ സാധിക്കുമെന്നാണ് ഈ വേഗത വ്യക്തമാക്കുന്നത്.■

# “വാക്സിനേഷനിൽ ഭാരതം റെക്കോർഡ് തീർത്തിരിക്കുന്നു.വൈകാതെ ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ നിർമ്മാണ ഹബ്ബായി ഭാരതം മാറും”



സെപ്റ്റംബർ 17ന് 2.5കോടി വാക്സിൻ നൽകിയ ഭാരതം സ്വപ്നസമാനമായ നേട്ടമാണ് കൈവരിച്ചത്.കൊവിഡ് രണ്ടാം തരംഗത്തിനിടെ,18വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ കുത്തിവയ്പ്പ് തുടങ്ങിയപ്പോൾ,വാക്സിൻ ദൗർലഭ്യത്തെപ്പറ്റി നിരവധിപേർ പരാതിപ്പെട്ടിരുന്നു.വാക്സിന്റെ ലഭ്യതക്കുറവ് പരിഹരിച്ച സർക്കാർ ആഗസ്റ്റിനും സെപ്റ്റംബറിനുമിടയിൽ 6 തവണയിൽ കൂടുതൽ പ്രതിദിനം 1 കോടിയിലധികം വാക്സിൻ എന്ന ലക്ഷ്യം മറികടന്നിട്ടുണ്ട്.ലോകത്തിലെ ഏറ്റവും വലിയ സൗജന്യ വാക്സിൻ വിതരണ യജ്ഞമാണ് ഭാരതത്തിൽ നടക്കുന്നത്.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കഴിവുറ്റ നേതൃത്വത്തിലൂടെ ഒരോ ദിവസവും ഇതിൽ പുതിയ റെക്കോർഡുകൾ തീർത്ത് ലോകത്തിനാകെ മാതൃകയാകുകയാണ് ഭാരതം.കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി മൻസുഖ് മാണ്ഡവ്യ നിശ്ചയ ദാർഢ്യത്തോടെ പറഞ്ഞു,"വൈകാതെ രാജ്യത്തെ 93 ശതമാനം പ്രായപൂർത്തിയായവരുടെയും വാക്സിനേഷൻ നാം പൂർത്തിയാക്കും.വാക്സിൻ മൈത്രിയിലൂടെ ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ നിർമ്മാണ ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ് ഭാരതം".ന്യൂ ഇന്ത്യ സമാചാർ കൺസൾട്ടിംഗ് എഡിറ്റർ സന്തോഷ് കുമാർ,അസിസ്റ്റന്റ് കൺസൾട്ടിംഗ് എഡിറ്റർ വിഭോർ ശർമ്മ എന്നിവരുമായി നടത്തിയ സംഭാഷണത്തിൽ രാജ്യത്തെ വാക്സിൻ ക്യാംപയിനിന്റെ മുഴുവൻ വിശദാംശങ്ങളും കേന്ദ്രമന്ത്രി ചർച്ചചെയ്തു.സംഭാഷണത്തിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ ഇവിടെ വായിക്കാം

**Q ലോകത്തെ ഏറ്റവും വലിയ വാക്സിനേഷൻ ക്യാംപയിനിന്റെ ഇതുവരെയുള്ള യാത്രയെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

**A** ഒരു ദിവസം 2.5കോടി ആളുകൾക്ക് വാക്സിൻ നൽകി.ഇങ്ങനെ ഒരു കാര്യം ലോകത്ത് എവിടെയെങ്കിലും സംഭവിച്ചതായി നിങ്ങൾ ഇതുവരെ കേട്ടിട്ടുണ്ടോ?പ്രധാനമന്ത്രിയുടെ പിറന്നാൾ ദിവസം രാജ്യം ഈ റെക്കോർഡ് നേട്ടം കൈവരിച്ചു.എന്നാൽ എവിടെയെങ്കിലും വാക്സിനേഷന്റെ വേഗത കുറഞ്ഞു എന്ന് ഇതിന് അർത്ഥമില്ല.സെപ്റ്റംബർ 16ന് 66 ലക്ഷത്തോളം ആളുകൾക്ക് വാക്സിൻ കുത്തിവച്ചു.സെപ്റ്റംബർ 18ന് 88 ലക്ഷത്തിലധികം ആളുകൾക്ക് വാക്സിൻ നൽകി.ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ 6 തവണയിൽ കൂടുതൽ പ്രതിദിനം 1 കോടിയിലധികം വാക്സിൻ എന്ന ലക്ഷ്യം മറികടന്നിട്ടുണ്ട്.നമ്മുടെ പ്രതിദിന ശരാശരിക്ക് സ്ഥിരതയുണ്ട്.ഇതുവരെ ആവശ്യപ്പെട്ട സംസ്ഥാനങ്ങൾക്കെല്ലാം ഞങ്ങൾ വാക്സിൻ നൽകിയിട്ടുണ്ട്.

> “കൊവിഡിൽ നിന്നുള്ള സംരക്ഷണത്തിൽ വാക്സിനേഷൻ സുപ്രധാനമാണ്.എന്തെങ്കിലും കാരണങ്ങൾകൊണ്ട് ഇതുവരെയും വാക്സിൻ എടുക്കാത്തവരോട് ഞാൻ പറയുകയാണ്,നിങ്ങളുടെ ആരോഗ്യത്തിനൊപ്പം,ചുറ്റുമുള്ളവരുടെ ആരോഗ്യത്തിലും നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്.അതുകൊണ്ട് എത്രയും വേഗത്തിൽ വാക്സിൻ കുത്തിവെയ്പ്പെടുക്കുക.വാക്സിനെടുത്ത് രാജ്യത്തിന്റെ കൊവിഡിനെതിരായ ക്യാംപയിനിന്റെ ഭാഗമാവുക.
>
> **മൻസുഖ് മാണ്ഡവ്യ**
> **കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രി**

**Q ജനങ്ങൾക്ക് വാക്സിൻ എത്തിക്കുന്നതിന്റെ വേഗത അടിസ്ഥാനമാക്കിയാണ് ലോകം ഭരണനേതൃത്വത്തിന്റെ കഴിവ് വിലയിരുത്തുന്നത്.അങ്ങ് എന്താണ് കരുതുന്നത്?രാജ്യത്ത് വാക്സിനേഷൻ എപ്പോൾ പൂർത്തിയാകും?എന്തെങ്കിലും ടാർഗറ്റ് ഉണ്ടോ?**

**A** സെപ്റ്റംബർ അവസാനത്തോടെ ഏകദേശം 89കോടി ആളുകൾക്ക് വാക്സിൻ ആദ്യ ഡോസ് നൽകിയിട്ടുണ്ട്.രാജ്യത്തെ അർഹരായ 70ശതമാനത്തോളം ആളുകൾക്ക് വാക്സിൻ ആദ്യ ഡോസ് ലഭിച്ചു.25 ശതമാനത്തിലധികം ആുകൾ രണ്ട് ഡോസും എടുത്തുകഴിഞ്ഞു.ലോകത്തെ മറ്റു രാജ്യങ്ങളിൽ നടക്കുന്ന വാക്സിൻ കുത്തിവെയ്പ്പിന്റെ കണക്കുകൾ പരിശോധിക്കു.വികസിത രാജ്യങ്ങളിൽ പോലും 80 ശതമാനത്തിലധികം ആളുകൾക്ക് ആദ്യ ഡോസ് ലഭിച്ചിട്ടില്ല.അമേരിക്കയിൽ 57 ശതമാനത്തോളം ആളുകൾക്കാണ് ആദ്യ ഡോസ് ലഭിച്ചിട്ടുള്ളത്.80 ലക്ഷം മാത്രം ജനസംഖ്യയുള്ള ഇസ്രയേലിൽ 82ശതമാനം ആളുകൾക്കാണ് വാക്സിൻ ലഭിച്ചിട്ടുള്ളത്.രാജ്യത്തെ 93കോടിയോളം വരുന്ന പ്രായപൂർത്തിയായവർക്ക് വാക്സിന്റെ രണ്ടു ഡോസും നൽകാനുള്ള നടപടികളുമായി വേഗത്തിൽ മുന്നോട്ടു കുതിക്കുകയാണ് ഭാരതം.ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ ക്യാംപയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ മുന്നോട്ട് കുതിക്കുന്നു.എത്രയും വേഗത്തിൽ ആളുകൾക്ക് വാക്സിൻ കുത്തിവയ്പ്പ് നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.അതിനായി കൃത്യമായ ഒരു തീയ്യതി പറയാൻ പറ്റില്ല,അത് ജനങ്ങളെയും ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.കേന്ദ്ര സംസ്ഥാന സർക്കാരുകൾ പൊതു അവബോധം വളർത്തുന്നതിനായി നിരന്തരം പരിശ്രമങ്ങൾ നടത്തുന്നുണ്ട്.ഇതിന്റെ ഭാഗമായി ജനങ്ങൾ വേഗത്തിൽ വാക്സിൻ എടുക്കുന്നുണ്ടെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

**Q വാക്സിൻ നിർമ്മാണം ദീർഘമായ പ്രക്രിയയാണ്.തദ്ദേശീയമായി ഭാരതം ഇത്രവേഗത്തിൽ വാക്സിൻ നിർമ്മിച്ചത് പല ലോകരാജ്യങ്ങളെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.വാക്സിൻ നിർമ്മാണത്തിന്റെ ഈ യാത്ര അങ്ങയുടെ കാഴ്ച്ചപ്പാടിൽ എങ്ങനെയാണ്?**

**A** കൊവിഡ് വാക്സിൻ സംബന്ധിച്ചു രാജ്യത്തുണ്ടായ എല്ലാ സംഭവവവികാസങ്ങളും നിങ്ങൾ മനസിലാക്കണം.സാധാരണയായി ഒരു വാക്സിൻ നിർമ്മിച്ചു കഴിഞ്ഞാൽ 10 വർഷത്തിനുള്ളിലാണ് അതിന്റെ പരീക്ഷണങ്ങൾ പൂർത്തിയാകുന്നത്.അതിന് ശേഷം മാത്രമാണ് അത് ജനങ്ങളിൽ ഉപയോഗിക്കാൻ അനുമതി നൽകുക. പ്രധാനമന്ത്രി നരേന്ദ്ര മോദി ദീർഘവീക്ഷണത്തോടെ എടുത്ത നടപടിയാണ് രാജ്യത്തിന് തുണയായത്.രാജ്യത്ത് ആദ്യത്തെ ലോക്ക്ഡൗൺ പ്രഖ്യാപിച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം ഗരീബ് കല്യാൺ യോജന പ്രഖ്യാപിച്ചിരുന്നു.അതിനൊപ്പം തന്നെ വാക്സിൻ ഗവേഷണത്തിനും ഉൽപ്പാദനത്തിനുമായി സർക്കാർ 900 കോടി അനുവദിച്ചു.ബയോടെക്നോളജി വിഭാഗം ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.വാക്സിൻ നിർമ്മാണ കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകി.ഗവേഷണത്തിൽ ഐസിഎംആർ സഹായവും നൽകുകയുണ്ടായി.അതിന്റെ ഫലമായി നമ്മൾ കൊവാക്സിൻ വികസിപ്പിച്ചു.ആസ്ട്രസെനിക്ക സിറം ഇൻസ്റ്റിസ്റ്റ്യൂട്ടുമായി കരാർ ഉണ്ടായിരുന്നു.അതിന്റെ ഭാഗമായി അവർ അസംസ്കൃത വസ്തുക്കളും സാങ്കേതികവിദ്യയും സിറത്തിന് നൽകി.അതിന്റെ ഫലമാണ് കൊവിഷീൽഡ്.ഈ പ്രവർത്തനങ്ങളെല്ലാം പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് വിലയിരുത്തിയിരുന്നു.അദ്ദേഹം നേരിട്ട് മരുന്ന് നിർമ്മാണ കമ്പനികളുടെ പ്ലാന്റുകളിൽ പോവുകയും ശാസ്ത്രജ്ഞർക്ക് പ്രചോദനം നൽകുകയും ചെയ്തു.

**Q രണ്ടാം തരംഗത്തിനിടെ,18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ സർക്കാർ പ്രഖ്യാപിച്ചപ്പോൾ,അതായത് മെയ് 1 മുതൽ,വാക്സിൻ ലഭിക്കുന്നില്ലെന്ന് നിരവധി ആളുകൾ പരാതി പറഞ്ഞിരുന്നു.ഇന്ന് കോടികളിലാണ് ദിവസവും വാക്സിനേഷൻ നടക്കുന്നത്.ഈ വെല്ലുവിളിയെ നിങ്ങൾ എങ്ങനെയാണ് നേരിട്ടത്?**

**A** ഏപ്രിൽ 10ന് വാക്സിനെടുക്കാനായി ഞാൻ ഡൽഹിയിലെ റാം മനോഹർ ലോഹ്യ ആശുപത്രിയിൽ പോയിരുന്നു.അന്ന് അവിടെ വാക്സിനെടുക്കാൻ ആരും ഉണ്ടായിരുന്നില്ല.വാക്സിൻ ഉപയോഗമില്ലാതെ കിടക്കുകയായിരുന്നു.ഇവിടെ എല്ലാത്തിലും രാഷ്ട്രീയമാണ്.പ്രധാനമന്ത്രി എന്തുകൊണ്ട് വാക്സിൻ എടുക്കുന്നില്ല?ഇനി അദ്ദേഹം വാക്സിൻ എടുത്തു എങ്കിൽ എന്തിനാണ്? ഇതെല്ലാമായിരുന്നു ചോദ്യങ്ങൾ.അങ്ങനെയിരിക്കുമ്പോഴാണ് പെട്ടെന്ന് രണ്ടാം തരംഗം ഉണ്ടാകുന്നത്.അപ്പോൾ ജനങ്ങൾക്ക് വാക്സിനേഷന്റെ ആവശ്യം ബോധ്യപ്പെട്ടു.അതിന്റെ ഫലമായി വാക്സിനേഷൻ കേന്ദ്രങ്ങളിൽ വലിയ തിരക്കുണ്ടാകാൻ തുടങ്ങി.ഞങ്ങൾ വാക്സിൻ നിർമ്മിച്ചു കഴിഞ്ഞു,ഇനി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഉള്ളത്.

## Q&A

**വാക്സിനേഷൻ ക്യാംപയിനിന്റെ വിജയത്തിനായി ലോജിസ്റ്റിക്സ് പിന്തുണ അനിവാര്യമാണ്.അതാതയത് ലാബിൽ നിന്നും വാക്സിൻ ജനങ്ങളിലേക്കെത്തുന്നതിന് ഇടയിലായി നിരവധി നടപടികളുണ്ട്.വാക്സിൻ വികസിപ്പിക്കുന്നതിന് മുമ്പ് തന്നെ ഭാരതം മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കിയിരുന്നു എന്നാണ് പറയപ്പെടുന്നത്?**

ഇത് സുപ്രധാനമാണ്.ഇത് അത്യധികം സൂക്ഷ്മത ആവശ്യമുള്ള കാര്യമാണ്.ലോജിസ്റ്റിക്സ്,സംസ്ഥാനങ്ങൾക്കുള്ള വിതരണം,കോൾഡ് ചെയിൻ കൈകാര്യം,മേൽനോട്ടം ഇവയെല്ലാം വാക്സിനേഷൻ ആരംഭിക്കുന്നതിന് മുമ്പെ തന്നെ വിശദമായി പഠനവിധേയമാക്കി.ഏത് പ്രായക്കാർക്ക് ആദ്യം വാക്സിൻ നൽകണം എന്നതെല്ലാം ആദ്യമേ തീരുമാനിച്ചിരുന്നു.അതുകൊണ്ടാണ് കോൾഡ് ചെയിൻ പ്രശ്നങ്ങൾ കാരണം ഒരു ഡോസ് വാക്സിൻ പോലും പാഴായിപ്പോയി എന്നൊരു വാർത്ത നിങ്ങളാരും ഇതുവരെ കേൾക്കാതിരുന്നത്.വിമാനത്താവളത്തിൽ നിന്നുള്ള വിതരണം,1ലക്ഷത്തി പതിനായിരം വാക്സിനേഷൻ കേന്ദ്രങ്ങളിൽ അവ എത്തിക്കുന്നത് തുടങ്ങി ഏതുതരത്തിലുള്ള വെല്ലുവിളികളും നേരിടാൻ ഞങ്ങൾ തയ്യാറായിരുന്നു.അതുകൊണ്ടാണ് അത് വിജയകരമായി പൂർത്തിയാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്.

Q&A




**സാങ്കേതികവിദ്യ സംബന്ധിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ച്ചപ്പാട് വളരെ വ്യക്തമാണ്.എല്ലാ പദ്ധതിയിലും സാങ്കേതികവിദ്യക്ക് അദ്ദേഹം പ്രാധാന്യം നൽകുന്നു.ക്യാംപയിനെ മൊത്തമായി എങ്ങനെയാണ് വിലയിരുത്തുന്നത്,പ്രത്യേകിച്ചു ലോകം മുഴുവനും അഭിനന്ദിച്ച കൊ-വിൻ സംവിധാനം?**

സാങ്കേതികവിദ്യയുടെ പിന്തുണ എല്ലായിടത്തുമുണ്ട്.കൊ-വിൻ നമുക്ക് നൽകിയ സഹായം വളരെ അഭിനന്ദനമർഹിക്കുന്നു.2.5കോടി വാക്സിൻ ഒരു ദിവസം നൽകി,കൊ-വിൻ ഇല്ലായിരുന്നു എങ്കിൽ ഈ കണക്കുകൾ നമുക്ക് എങ്ങനെ ലഭിക്കുമായിരുന്നു?നിങ്ങൾക്ക് വാക്സിൻ സർട്ടിഫിക്കറ്റ് വേണം,അതെങ്ങെനെ ലഭിക്കും?ആരെങ്കിലും വിമാനത്താവളത്തിൽ വച്ച് നിങ്ങളോട് വാക്സിൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടാൽ ആപ്പിൽ നിന്നും പെട്ടെന്ന് തന്നെ നിങ്ങൾക്കത് നൽകാൻ കഴിയും.നിങ്ങൾ ഒരു ഡോസ് വാക്സിൻ മാത്രമാണ് എടുത്തതെങ്കിൽ അടുത്ത ഡോസിന്റെ സമയമാവുമ്പോൾ നിങ്ങൾക്ക് അറിയിപ്പ് ലഭിക്കും.ഇത് വളരെയധികം ഉപകാരപ്രദമായ സങ്കേതികവിദ്യയാണ്.ലോകത്തിന്റെ ഭാവിയിരിക്കുന്നത് സാങ്കേതിക വിദ്യയിലാണ്,അതുകൊണ്ടാണ് പ്രധാനമന്ത്രി അതിന് വലിയ പ്രാധാന്യം നൽകുന്നത്.

ഞാൻ നേരിട്ട് മരുന്ന് നിർമ്മാണ കമ്പനി പ്ലാന്റുകളിൽ പോയി,കാര്യങ്ങൾ നേരിട്ട് കണ്ട് വിലിരുത്തി,അവർക്ക് എന്തൊക്കെ കാര്യങ്ങളിലാണ് സഹായം വേണ്ടതെന്ന് നേരിട്ട് മനസിലാക്കി.അതിന് ശേഷം അവർക്ക് ആവശ്യമായതെല്ലാം നൽകി.ഭാരത് ബയോടെക്കിന് 1 കോടി വാക്സിൻ ഉൽപ്പാദനശേഷിയാണ് ഉള്ളത്,മറ്റുള്ള നിർമ്മാതാക്കളുമായി ധാരണയിലെത്താൻ ഞങ്ങൾ അവരെ സഹായിച്ചു.ഇത് ഉൽപ്പാദനത്തിൽ വലിയ വർദ്ധനയുണ്ടാക്കാൻ സഹായിച്ചു.അതിന്റെ ഫലമായി സെപ്റ്റംബറിൽ നമുക്ക് 23.51 കോടി ഡോസ് വാക്സിൻ ലഭിച്ചു.ഒക്ടോബറിൽ 29കോടിയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.ഇതിൽ 22 കോടി സിറവും,60 മില്യൺ ഡോസുകൾ ഭാരത് ബയോടെക്കും,10 മില്യൺ സൈഡസ് കാഡിലയും നൽകും.അതായത് നമുക്ക് ഒരു ദിവസം 1 കോടി വാക്സിൻ കുത്തിവെയ്ക്കാൻ കഴിയും.ഞാൻ വളരെയധികം ആത്മവിശ്വാസത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്,ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ കയറ്റുമതി രാജ്യമായി വൈകാതെ ഭാരതം മാറും.വാക്സിൻ വിപണിയിൽ നമുക്ക് കൂടുതൽ പ്രാധാന്യം ലഭിക്കും,നമ്മുടെ വാക്സിൻ ചിലവ് 2.5 ഡോളറാണ്,മറ്റുകമ്പനികളുടേത് 10-20 ഡോളറാണ്.വാക്സിൻ മൈത്രി പദ്ധതിയുടെ ഭാഗമായി നാം വാക്സിൻ കയറ്റുമതി ആരംഭിക്കുകയാണ്.നവംബറിലും ഡിസംബറിലും കൂടുതൽ വാക്സിനുകൾ കയറ്റി അയക്കാൻ നമുക്ക് കഴിയും.

**Q** **കൊറോണക്കെതിരായി വാക്സിൻ വികസിപ്പിച്ചതിന് ലോകരാജ്യങ്ങളിൽ നിന്നെല്ലാം ഭാരതം പ്രശംസ ഏറ്റുവാങ്ങുകയാണ്.അതിനെ അങ്ങ് എങ്ങനെ കാണുന്നു?**

**A** ലോകം ഭാരതത്തെ പ്രശംസിക്കുന്നതിന് കാരണമുണ്ട്.1-വാക്സിൻ നിർമ്മാണ സമയത്ത് പ്രധാനമന്ത്രി നടത്തിയ ഇടപെടലുകൾ.2-രാജ്യം അതിന്റെ ശാസ്ത്രജ്ഞരെ വിശ്വസിച്ചു.3-ഞങ്ങൾ നമ്മുടെ കമ്പനികളെ വിശ്വസിച്ചു.നമ്മുടെ കമ്പനികൾ വലിയ തോതിൽ നമുക്ക് വാക്സിൻ തന്നു.ഡിസംബറോടെ എല്ലാ മാസവും 40 കോടി ഡോസുകൾ ലഭ്യമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.ഇന്ന് ലോകം ഒരു പ്രതിസന്ധിയെ നേരിടുന്നുണ്ട്.നിരവധി കമ്പനികളുണ്ടെങ്കിലും അവരുടെ ഉൽപ്പാദനം പരിമിതമാണ്.സിറം കമ്പനി മാത്രം പ്രതിമാസം 22 കോടി ഡോസ് നൽകുന്നുണ്ട്.കൊവാക്സിൻ ഉൽപ്പാദനം വർദ്ധിപ്പിച്ചു.ലോകത്തിന് കൊവിഡ് വാക്സിൻ വേണം,അതുകൊണ്ട് ഭാരതത്തെ പ്രശംസിക്കുന്നു.

> “ **വാക്സിന് അംഗീകാരം നൽകുന്നതിന് മുമ്പായി,ലോജിസ്റ്റിക്സ്, കോൾഡ് ചെയിൻ തുടങ്ങി വാക്സിൻ നിർമ്മാണത്തിന് നമ്മുടെ കമ്പനികൾക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് വിലയിരുത്തി.അതുകൊണ്ടാണ് നമ്മുടെ വാക്സിനേഷൻ ശരാശരി മറ്റു നിരവധി രാജ്യങ്ങളേക്കാൾ മെച്ചപ്പെട്ടതായത്.**

**Q** **ഒന്നാം തരംഗത്തിന്റെ സമയത്ത് ലോകത്തിന്റെ ഫാർമസിയായി ഭാരതം.എല്ലാ ലോകവേദികളിലും ഇത് പ്രശംസിക്കപ്പെട്ടു.പക്ഷേ രണ്ടാം തരംഗത്തിനിടെ,മരുന്നുകൾ അത്യാവശ്യമായി വന്നപ്പോൾ,അത് എങ്ങനെയാണ് മറികടന്നത്?**

**A** ഒന്നാം തരംഗം വന്നപ്പോൾ നമുക്ക് രണ്ട് സാഹചര്യങ്ങളാണ് ഉണ്ടായിരുന്നത്.1-ലോകത്ത് അന്ന് മരുന്ന് ഉണ്ടായിരുന്നില്ല,കാരണം പെട്ടെന്നായിരുന്നു ഒന്നാം തരംഗത്തിന്റെ വരവ്,പലരാജ്യങ്ങളിലും പാരസെറ്റമോൾ പോലും ആവശ്യത്തിന് ഉണ്ടായിരുന്നില്ല.അങ്ങനെ വന്നപ്പോൾ മറ്റുരാജ്യങ്ങൾക്കും മരുന്നുകൾ കൊടുക്കണം,ഒപ്പം ആഭ്യന്തര ആവശ്യവും നിറവേറ്റണം.ആ സമയത്ത് രാജ്യത്ത് ലോക്ക്ഡൗൺ ആയിരുന്നു.




ഉൽപ്പാദനത്തിനായി ലോക്ക്ഡൗണിലും ഫാർമ കമ്പനികൾ പ്രവർത്തിക്കണം.ഫാർമ കമ്പനി തൊഴിലാളികൾക്ക് പ്രത്യേക പാസ് നൽകിയാണ് ഇത് സാധ്യമാക്കിയത്.ഒപ്പം ഫാർമ കമ്പനികളുടെ പ്രവർത്തനം ഉറപ്പാക്കാനായി ജില്ലാ ഭരണകൂടങ്ങൾ പ്രത്യേകം ശ്രദ്ധനൽകി.നാം ഉൽപ്പാദനം തുടർന്നു,രാജ്യത്തിന്റെ ആവശ്യം നിവർത്തിച്ചുകൊണ്ടു തന്നെ 123 രാജ്യങ്ങൾക്ക് മരുന്നുകൾ നൽകുകയും ചെയ്തു.ആ സമയത്ത് 64 രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങൾ മോദി ജിക്ക് നന്ദി അറിയിച്ച് ട്വീറ്റ് ചെയ്തിരുന്നു.ചിലരൊക്കെ അദ്ദേഹത്തെ നേരിട്ട് വിളിക്കുകയും നിരവധിപേർ കത്തുകളെഴുതുകയും ചെയ്തു.രണ്ടാം തരംഗം വരികയും,കേസുകൾ വർദ്ധിക്കുകയും ചെയ്തപ്പോൾ റെംഡെസിവർ ഇഞ്ചക്ഷന്റെ ആവശ്യം വർദ്ധിച്ചു,ആ സമയത്ത് റെംഡെസിവിർ ഉൽപ്പാദിപ്പിക്കുന്ന 7 കമ്പനികൾക്ക് ലൈസൻസ് നൽകി.7 കമ്പനികൾക്കും കൂടി പ്രതിദിനം 25000-30000 ആയിരുന്നു ശേഷി,20 പ്ലാന്റുകളാണ് ഉണ്ടായിരുന്നത്.ഈ കമ്പനികളുമായി സഹകരിച്ച് ഞങ്ങൾ പ്രതിദിന ഉൽപ്പാദനം 3ലക്ഷത്തി ഇരുപത്തിഅയ്യായിരമാക്കി ഉയർത്തി.മെയ് 15 വരെ ഇതുതുടർന്നു.ഒരു രാത്രികൊണ്ട് പുതിയ പ്ലാന്റുകൾക്ക് അനുമതി നൽകി.ഫലമായി 64 പ്ലാന്റുകൾ കമ്മീഷൻ ചെയ്യപ്പെട്ടു.എല്ലാ കമ്പനികൾക്കും അസംസ്കൃത വസ്തുക്കൾ എത്തിച്ചുനൽകി.ജനങ്ങൾ പൂഴ്ത്തിവയ്പ്പ് ആരംഭിച്ച ഒരു ചെറിയ കാലയളവിൽ രാജ്യത്ത് റെംഡെസിവർ ലഭ്യതയിൽ കുറവുവന്നു.അങ്ങനെ ഇരുപ്പോഴും ആവശ്യമുള്ളവർക്കെല്ലാം ഇഞ്ചക്ഷൻ എത്തിക്കാൻ സാധിച്ചു.

അതിന് ശേഷം കൊവിഡ് ബാധിച്ചവർ നിരവധി മരുന്നുകൾ എടുത്തുതുടങ്ങി.പ്രതിരോധശക്തി കുറഞ്ഞപ്പോൾ ബ്ലാക്ക് ഫംഗസ് രോഗം വർദ്ധിച്ചു.ഇതിനായി ആംഫൊടെറിസിൻ-ബി ഇഞ്ചക്ഷൻ വേണമായിരുന്നു.4000-5000 കേസുകൾ പ്രതിവർഷം വന്നിരുന്ന സ്ഥാനത്ത്,ഒരാഴ്ച്ചയിൽ 5000 കേസുകളായി വർദ്ധിച്ചു.അതുകൊണ്ട് മരുന്നുകൾ ലഭ്യമായിരുന്നില്ല.അതിന്റെ ഫോർമുലയും ലഭ്യമല്ലായിരുന്നു.ഒരു രോഗിക്ക് 50-150 ഇഞ്ചക്ഷനുകൾ വേണം.ഒരു ഇഞ്ചക്ഷന്റെ വില 6000-7000 ആണ്.അത് ഉൽപ്പാദിപ്പിക്കുന്ന 3 കമ്പനികളാണ് രാജ്യത്തുണ്ടായിരുന്നത്.നമ്മൾ 5 കമ്പനികൾക്ക് കൂടി ലൈസൻസ് നൽകി.ഇതിനായുള്ള അസംസ്കൃത വസ്തുക്കൾ പുറത്തുനിന്നും കൊണ്ടുവരണമായിരുന്നു.ലോകത്ത് എവിടെയെല്ലാം ആംഫൊടെറിസിൻ ലഭ്യമാണോ അവിടെനിന്നെല്ലാം ഞങ്ങൾ അത് കൊണ്ടുവന്നു.1.2 മില്യൺ ഇഞ്ചക്ഷനുകൾ രാജ്യത്തു കൊണ്ടുവന്നു.ആ സമയത്ത് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ പറഞ്ഞു,ഒന്നാം തരംഗത്തിന്റെ സമയത്ത് ഭാരതം ഞങ്ങൾക്ക് നൽകിയ സഹായം ഞങ്ങൾ മറക്കില്ല,രണ്ടാം തരംഗത്തിൽ സാധ്യമായ എല്ലാ സഹായങ്ങളും ഞങ്ങൾ ഭാരതത്തിന് നൽകും.മറ്റു നിരവധി മരുന്നുകൾ ആവശ്യമായി വന്നു,ഞങ്ങളത് രോഗികൾക്ക് എത്തിച്ചുനൽകി.അവയുടെ പുരോഗതി ഞങ്ങൾ നിരന്തരമായി നിരീക്ഷിക്കുന്നുണ്ട്.

**Q കുട്ടികൾക്കുള്ള വാക്സിനേഷനായി എന്തെല്ലാം ഒരുക്കങ്ങളാണ് നടക്കുന്നത്?**

**A** ഇപ്പോൾ നമ്മുടെ ഒരു കമ്പനി കുട്ടികൾക്കുള്ള വാക്സിൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.2 വയസിന് മുകളിലുള്ള കുട്ടികൾക്കുള്ള കൊവാക്സിൻ പരീക്ഷണം ആരംഭിച്ചിട്ടുണ്ട്.നോവവാക്സ് പരീക്ഷണവും നടക്കുന്നു.ഇതിന്ശേഷം വിദഗ്ധരുടെ അഭിപ്രായം പരിഗണിച്ച് നമുക്ക് തീരുമാനമെടുക്കാം.ആദ്യം കുറച്ച് മുതിർന്ന കുട്ടികൾക്ക് വാക്സിൻ നൽകും.പിന്നീട് താഴ്ന്ന പ്രായക്കാരിലേക്ക് വാക്സിനേഷൻ വ്യാപിപ്പിക്കും.

**Q ആരോഗ്യമന്ത്രി എന്ന നിലയിൽ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്തവരോട് എന്താണ് പറയാനുള്ളത്?**

**A** കൊവിഡിൽ നിന്നുള്ള സംരക്ഷണത്തിന് വാക്സിനേഷൻ സുപ്രധാനമാണ്.എന്തെങ്കിലും കാരണങ്ങൾ കൊണ്ട് ഇതുവരെയും വാക്സിൻ എടുക്കാത്തവരോട് ഞാൻ പറയുകയാണ്,നിങ്ങളുടെ ആരോഗ്യത്തിനൊപ്പം,ചുറ്റുമുള്ളവരുടെ ആരോഗ്യത്തിലും നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്.അതുകൊണ്ട് എത്രയും വേഗത്തിൽ വാക്സിൻ കുത്തിവയ്പ്പെടുക്കുക.വാക്സിനെടുത്ത് രാജ്യത്തിന്റെ കൊവിഡിനെതിരായ ക്യാംപയിനിന്റെ ഭാഗമാവുക. ■




## ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ

# ഭാരതത്തിന്റെ പുതിയ ആരോഗ്യ മാതൃക

**സൗജന്യ ചികിത്സ,മിതമായ നിരക്കിൽ മരുന്നുകൾ,രാജ്യത്തെവിടെ നിന്നും റേഷൻ,ഭരണനിർവഹണത്തിൽ പങ്കാളിത്തം എന്നിവയെല്ലാം ജനങ്ങൾക്ക് ലഭ്യമാക്കിയതിന് പിന്നിൽ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗമാണ്. കഴിഞ്ഞ 7 വർഷങ്ങളായി സാങ്കേതിവിദ്യ അടിസ്ഥാനമാക്കി നിരവധി പരിഷ്ക്കാരങ്ങൾ സർക്കാർ കൊണ്ടുവന്നു. ഇതിന്റെ തുടർച്ചയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ രാജ്യത്തിനായി സമർപ്പിച്ചു. രാജ്യത്തെ ആരോഗ്യ സംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന ആരോഗ്യ സേവനദാതാക്കളുടെയും രോഗികളുടെയും ജീവിതം ആയാസരഹിതമാക്കുന്ന ഒരു മാതൃകയാണിത്.**

ഒരു ഏകീകൃത സംവിധാനത്തിലൂടെ സാധാരണക്കാർക്ക് എളുപ്പത്തിൽ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നത് കേന്ദ്രസർക്കാർ നയമാണ്.കുറഞ്ഞ ചിലവിൽ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന,ആയുഷ്മാൻ ഭാരത് പി എം ജെ എ വൈ പദ്ധതി രാജ്യത്തെ ആരോഗ്യമേഖലയിലെ ഏറ്റവും മികച്ച പദ്ധതികളിലൊന്നാണ്.2 കോടിയിലധികം മധ്യവർഗക്കാരും പാവപ്പെട്ടവരും ഈ പദ്ധതി പ്രയോജനപ്പെടുത്തി സൗജന്യ ചികിത്സ നേടി,അതിൽ പകുതിയും സ്ത്രീകളാണ്.ഇതിന്റെ അടുത്തപടി എന്ന നിലയിലാണ് കേന്ദ്രസർക്കാർ ഇപ്പോൾ ആയുഷ്മാൻ ഭാരത്-ഡിജിറ്റൽ മിഷൻ എന്ന വിപ്ലവകരമായ സംരംഭം ആരംഭിച്ചിരിക്കുന്നത്.സമഗ്രവും,എല്ലാവർക്കും പ്രാപ്യമായതും,രോഗങ്ങൾ തടയാൻ ഉദ്ദേശിച്ചുള്ളതുമായ ഒരു ആരോഗ്യ മാതൃകയാണത്.പദ്ധതിപ്രകാരം രാജ്യത്തെ എല്ലാപൗരൻമാർക്കും ഒരു ആരോഗ്യ ഐഡി ഉണ്ടാവും,അതാണ് അവരുടെ ആരോഗ്യ അക്കൗണ്ട്,ഇതിൽ അവരുടെ ആരോഗ്യസ്ഥിതിയുടെ വിവരങ്ങളെല്ലാം ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തും.രാജ്യത്തെ ആരോഗ്യ സംവിധാനത്തിൽ ഇത് വലിയ മാറ്റങ്ങൾ കൊണ്ടുവരും എന്നുമാത്രമല്ല സാധാരണക്കാർക്ക് ലഭിക്കുന്ന എല്ലാ ആരോഗ്യ സൗകര്യങ്ങൾക്കും സാങ്കേതികവിദ്യയുടെ പിന്തുണയുണ്ടാവുകയും ചെയ്യും.

ഈ വർഷത്തെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പ് കോട്ടയിൽ നടത്തിയ പ്രസംഗത്തിൽ നാഷണൽ ഡിജിറ്റൽ ഹെൽത്ത് ക്യാംപയിനിന്റെ പൈലറ്റ് പദ്ധതി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരുന്നു.ആദ്യഘട്ടത്തിൽ 6 കേന്ദ്രഭരണ പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കി.ഇപ്പോൾ ഈ പദ്ധതി രാജ്യംമുഴുവൻ നടപ്പിലാക്കാൻ പോവുകയാണ്.ചുരുക്കിപ്പറഞ്ഞാൽ ആരോഗ്യവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഒരു ഏകീകൃത പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്ന സംവിധാനമാണ് ഡിജിറ്റൽ ആരോഗ്യ മിഷൻ.

**ചികിത്സാ വിവരങ്ങളടങ്ങിയ ഫയൽ കൊണ്ടുപോകേണ്ട ആവശ്യം വരുന്നില്ല.**

ഒരു രോഗി പുതിയ ആശുപത്രിയിലേക്കോ,നഗരത്തിലേക്കോ പോകുമ്പോൾ ആദ്യം ചെയ്ത കാര്യങ്ങളെല്ലാം വീണ്ടും ആവർത്തിക്കേണ്ടി വരുന്നു.ഇതിന്റെ ഭാഗമായി ഡോക്ടറുടെയും രോഗിയുടെയും വിലപ്പെട്ട സമയം കുറച്ചധികം പാഴാവുന്നു.മാത്രമല്ല മെഡിക്കൽ രേഖകൾ ഇല്ലാതാവുമ്പോൾ ശരിയായ ചികിത്സ കിട്ടാത്ത അവസ്ഥയും ഉണ്ടാകുന്നു.രോഗിയുടെ ചികിത്സാ രേഖകളെല്ലാം ഡിജിറ്റൽരൂപത്തിൽ സൂക്ഷിക്കുന്നതോടെ ഈ പ്രശ്നങ്ങളെല്ലാം അവസാനിക്കുന്നു.ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും ഒരു ഏകീകൃത പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ ഡിജിറ്റൽ ആരോഗ്യ മിഷൻ സഹായിക്കുന്നു.രാജ്യത്തെ പാവപ്പെട്ടവരും മധ്യവർഗക്കാരുമായിരിക്കും ഈ പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ.

മറ്റൊരു വലിയ പ്രയോജനം എന്തെന്നാൽ രോഗിക്ക് സ്വന്തം ഭാഷ മനസിലാക്കുകയും അനുഭവിക്കുന്ന രോഗാവസ്ഥയുടെ ചികിത്സയിൽ അനുഭവസമ്പത്തുമുള്ള ഡോക്ടറെ രാജ്യത്ത് എവിടെനിന്നു വേണമെങ്കിലും തിരഞ്ഞെടുക്കാൻ കഴിയും.ഡോക്ടർമാർ മാത്രമല്ല,ലാബുകൾ,മരുന്നു കടകൾ എന്നിവയെയും വേഗത്തിൽ കണ്ടെത്താം.

**ആരോഗ്യ പരിരക്ഷയുടെ അടിസ്ഥാനം വളരുന്നു**

രാജ്യത്തെ ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്താനായി നിലവിൽ നടക്കുന്ന പരിശ്രമങ്ങളിൽ പുത്തനുണർവ്വുണ്ടാക്കാൻ ഡിജിറ്റൽ ആരോഗ്യ മിഷന് കഴിയും.5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കിയ ആയുഷ്മാൻ ഭാരത് പദ്ധതിയുടൈ  അടുത്തഘട്ടമാണിത്.അന്ത്യോദയയുടെ തുടക്കക്കാരൻ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ജൻമവാർഷികത്തിൽ മൂന്ന് വർഷങ്ങൾക്ക് മുമ്പാണ് ആയുഷ്മാൻ ഭാരത് പദ്ധതി ആരംഭിച്ചത്.രാജ്യത്ത് എല്ലായിടത്തും മെച്ചപ്പെട്ട ആരോഗ്യ അടിസ്ഥാനസൗകര്യങ്ങളും ഗുണമേൻമയുള്ള ചികിത്സയും വിഭാവനം ചെയ്യുന്നതാണ് പുതിയ ആരോഗ്യ നയം.ഈ പദ്ധതിയുടെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എയിംസ് ഉൾപ്പെടെയുള്ള ആശുപത്രികൾ സ്ഥാപിച്ചുവരുന്നു.എല്ലാ 3 ലോക്സഭാ മണ്ഡലങ്ങൾക്കുമായി ഒരു മെഡിക്കൽ കോളേജ് എന്നതും വേഗത്തിൽ പുരോഗമിക്കുന്നു. ഗ്രാമങ്ങളിൽ ആരോഗ്യ ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രാഥമിക ആരോഗ്യ സംരക്ഷണ ശൃംഖലയെ ശക്തിപ്പെടുത്തുന്നു.ഇതുവരെ  അത്തരത്തിലുള്ള 80,000 കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു.ആയുഷ്മാൻ ഭാരത് ഡിജിറ്റൽ ആരോഗ്യ മിഷൻ ആശുപത്രികളിലെ നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവിതം ആയാസരഹിതമാക്കുകയും ചെയ്യുന്നു.ആരോഗ്യ മേഖലയിൽ ആരംഭിച്ച പിഎൽഐ പദ്ധതി സ്വയംപര്യാപ്ത ഭാരതം നിർമ്മിക്കുക എന്ന നിർണ്ണയത്തെ കൂടുതൽ ശക്തമാക്കുന്നു.

**സാങ്കേതികവിദ്യയുമായി ഭാവിയിലേക്ക് തയ്യാറെടുക്കുകയാണ് ഭാരതം**

സദ്ഭരണത്തിനായി സാങ്കേതികവിദ്യയുടെ മികച്ച ഉപയോഗവും അതിന്റെ മുന്നോട്ടുള്ള വ്യാപനവും രാജ്യത്തെ ജനങ്ങളെ ശക്തരാക്കുന്നു.രാജ്യത്തെ വലിയൊരു വിഭാഗത്തെ ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് എത്തിച്ച ഡിജിറ്റൽ ഇന്ത്യ ക്യാംപയിൻ ഒരു ഗെയിം ചെയ്ഞ്ചറാണ്.130 കോടി ആധാർ നമ്പറുകൾ,118 കോടി മൊബൈൽ ഉപഭോക്താക്കൾ,80 കോടി ഇന്റർനെറ്റ് ഉപയോക്താക്കൾ,43 കോടി ജൻ ധൻ അക്കൗണ്ടുകൾ എന്നിവയെല്ലാം രാജ്യത്തുണ്ട്.അത്രയും വ്യാപകമായ രീതിയിൽ കണക്റ്റ് ചെയ്യപ്പെട്ടിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ ലോകത്ത് മറ്റൊരു സ്ഥലത്തുമില്ല.രാജ്യത്തെ ജനങ്ങളും സാങ്കേതികവിദ്യയുടെ പ്രയോജനം തിരിച്ചറിയുന്നു.എല്ലാസമയത്തും ഡിജിറ്റൽ ഇടപാടുകൾ സാധ്യമാക്കുന്ന യുപിഐ ഭാരതത്തിന്റെ വിജയകഥകളിൽ ഒന്നാണ്,ലോകവും ഇത് ശ്രദ്ധിച്ചിട്ടുണ്ട്.സമാനമായി കോ-വിൻ പോർട്ടൽ ഭാരതത്തിന്റെ വാക്സിനേഷന്റെ നട്ടെല്ലാണ്.രാജ്യത്ത് സർക്കാർ നടപ്പാക്കിയ സൗജന്യ വാക്സിനേഷൻ ക്യാംപയിൻ വഴി 90 കോടിയിലധികം ആളുകൾ വാക്സിൻ കുത്തിവെയ്പ്പെടുത്തു കഴിഞ്ഞു.

വലിയ നിർണ്ണയങ്ങളും വലിയ സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കുന്നതിനായി  സ്വാതന്ത്ര്യത്തിന്റെ ഈ യുഗത്തിൽ ആരോഗ്യമുള്ള ഒരു രാജ്യത്തിലേക്കുള്ള പാത വളരെ സുപ്രധാനമാണ്.ഇതിനായി എല്ലാവരും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടവർ,ഡോക്ടർമാർ,പാരാമെഡിക്കൽ ജീവനക്കാർ,ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ എന്നിവർ എത്രയും വേഗത്തിൽ പുതിയ സംവിധാനത്തിലേക്ക് വരണം. ■

## സവിശേഷതകളും പ്രയോജനങ്ങളും

- ആധുനിക ആരോഗ്യ സംരക്ഷണ സംവിധാനത്തിലൂടെ പൗരൻമാരുടെ ശാക്തീകരണം.പൗരൻമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും ആരോഗ്യ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യാമാകും.
- ആരോഗ്യ മേഖലയിലെ സ്വകാര്യ പങ്കാളികളുമായി പങ്കാളിത്തം.ആരോഗ്യ സംരക്ഷണം നൽകുന്നവർ കൂടുതൽ എളുപ്പത്തിൽ ലഭ്യമാവുകയും അവരുടെ ഉത്തരവാദിത്വം വർദ്ധിക്കുകയും ചെയ്യും.
- **ആരോഗ്യ ഐഡി:** മൊബൈൽ ആധാർ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു ഏകീകൃത തിരിച്ചറിയൽ കാർഡ്.ഇതിൽ വ്യക്തിയുടെ ആരോഗ്യ വിവരങ്ങൾ സൂക്ഷിക്കും
- **ഹെൽത്ത് കെയർ പ്രൊഫഷണൽസ് രജിസ്ട്രി:** അംഗീകൃത  ഡോക്ടർമാർ,നഴ്സുമാർ,പാരാ-മെഡിക്കൽ ജീവനക്കാർ,മേഖലയിലെ വിദഗ്ദർ എന്നിവരുടെ വിവരങ്ങളുടെ ശേഖരം.
- **ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രി:** രാജ്യത്ത് ലഭ്യമായിരിക്കുന്ന ആരോഗ്യ സൗകര്യങ്ങൾ(സർക്കാർ,സ്വകാര്യ)സംബന്ധിച്ച വിവിരങ്ങൾ
- **പേഴ്സണൽ ഹെൽത്ത് റെക്കോഡ് അപ്ലിക്കേഷൻ:** ആരോഗ്യ സേതു ആപ്പുമായി ബന്ധിപ്പിച്ചിരിക്കുന്ന വ്യക്തിയുടെ സ്വയം കൈകാര്യം ചെയ്യുന്ന ആരോഗ്യ വിവരങ്ങൾ.
- ഡോക്ടർമാർ,ചികിത്സാ സൗകര്യങ്ങൾ എന്നീ കാര്യങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാം
- നഗരങ്ങളിലും വിദൂര ഗ്രാമങ്ങളിലും താമസിക്കുന്നവർക്ക് ഈ പദ്ധതി ഒരുപോലെ പ്രയോജനം ചെയ്യും.അടിത്തട്ടിൽ ഗുണമേൻമയുള്ളതും മിതമായ ചിലവുള്ളതുമായ ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാവും.
- രേഖകളുടെ സ്വകാര്യത അതീവ പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടും.

ഡിജിറ്റൽ ആരോഗ്യ മിഷൻ പ്രഖ്യാപിച്ചുകൊണ്ട് പ്രധാനമന്ത്രി നടത്തിയ പ്രസംഗം കേൾക്കാനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ

# ഓട്ടോമൊബൈൽ-ഡ്രോൺ വ്യവസായങ്ങൾക്ക് പ്രോത്സാഹനം, കുട്ടികളിലെ പോഷണത്തിനായി പ്രത്യേക പദ്ധതി

രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയാണ് പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് പദ്ധതി.തിരഞ്ഞെടുത്ത 13 മേഖലകൾക്ക് ഇതിനായി 1.97ലക്ഷം കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. അടുത്ത 5 വർഷത്തിൽ ഏകദേശം 37.5 ലക്ഷം കോടിയുടെ അധിക ഉൽപ്പാദനം ഉണ്ടാക്കുകയും ഈ മേഖലകളിലെല്ലാം കൂടി ഒരു കോടിയിലധികം അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.രാജ്യത്തെ ഓട്ടോമൊബൈൽ,ഡ്രോൺ വ്യവസായങ്ങൾക്ക് പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് പദ്ധതി കേന്ദ്രമന്ത്രിസഭാ യോഗം പ്രഖ്യാപിച്ചിരിക്കുന്നു.പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് വാഹനങ്ങൾ,ഹൈഡ്രജൻ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾ എന്നിവയിലേക്കുള്ള രാജ്യത്തിന്റെ മാറ്റത്തിന് ഇത് ആക്കം കൂട്ടും.



**തീരുമാനം:ഓട്ടോമൊബൈൽ-ഡ്രോൺ വ്യവസായങ്ങൾക്ക് പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ്(പി എൽ ഐ)**

**പ്രയോജനം:**ഓട്ടോ-ഡ്രോൺ വ്യവസായങ്ങൾക്ക് ഇത് ഉത്തേജനം പകരും.പരിസ്ഥിതി സൗഹൃദവും കൂടുതൽ ഫലപ്രദവുമായ ഓട്ടോമോട്ടീവ് സാങ്കേതികവിദ്യക്ക് പ്രോത്സാഹനം ലഭിക്കും.അടുത്ത 5 വർഷത്തിൽ 26,058 കോടി രൂപയാണ് ഇൻസന്റീവായി നൽകുക.

- ഓട്ടോമൊബൈൽ മേഖലയിലെ പി എൽ ഐ പദ്ധതി രാജ്യത്ത് ഗുണമേൻമയുള്ള ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ ഉൽപ്പന്നങ്ങളുടെ വർദ്ധനവിന് കാരണമാകും
- 7.6 ലക്ഷം അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.5 വർഷത്തിൽ 42,500 കോടി പുതിയ നിക്ഷേപവും 2.3 ലക്ഷം കോടി അധിക ഉൽപ്പാദനവും ഉണ്ടാവും.
- ഇലക്ട്രിക് വാഹനങ്ങൾക്കും ഹൈഡ്രജൻ വാഹനങ്ങൾക്കും പ്രോത്സാഹനം.സ്വച്ഛ് ഭാരതിന്റെ പ്രചരണത്തിനൊപ്പം ഭാരതത്തിന്റെ നിർമ്മാണശേഷിയും വർദ്ധിക്കും.ആഗോള വാഹനവിപണിയിൽ ഭാരതത്തിന്റെ പങ്കാളിത്തം വർദ്ധിക്കും.
- ഓട്ടോമൊബൈൽ മേഖലക്കുള്ള പുതിയ പി എൽ ഐ പദ്ധതിയും നിലവിൽ അഡ്വാൻസ്ഡ് കെമിസ്ട്രി സെൽ(18.100 കോടി),ഫാസ്റ്റർ അഡാപ്ഷൻ ഓഫ് മാനുഫാക്ചറിങ് ഓഫ് ഇലക്ട്രിക് വെഹിക്കിൾസ്,ഫെയിം(10,000 കോടി) എന്നിവയിലുള്ള പി എൽ ഐ പദ്ധതിയും പരമ്പരാഗത ഫോസിൽ ഇന്ധന അടിസ്ഥാന വാഹന സംവിധാനത്തിൽ നിന്നും മറ്റു ഇന്ധനങ്ങളിലേക്കുള്ള രാജ്യത്തിന്റെ മാറ്റത്തിന് വേഗം കൂട്ടും.
- ഡ്രോൺ വ്യവസായത്തിന് പ്രോത്സാഹനം,അത്യാധുനിക സാങ്കേതികവിദ്യക്ക് പ്രോത്സാഹനം ഇങ്ങനെ: അടുത്ത 3 വർഷത്തിൽ 5000 കോടിയിലധികം രൂപയുടെ നിക്ഷേപം.1500 കോടിയിലധികം രൂപയുടെ ഉൽപ്പാദന വർദ്ധനവ്.പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

**തീരുമാനം:കുട്ടികളിൽ സമഗ്ര പോഷണം ഉറപ്പാക്കാനായി അടുത്ത 5 വർഷത്തേക്ക് സ്കൂളുകളിൽ പി എം പോഷൺ പദ്ധതി തുടരാനുള്ള തീരുമാനത്തിന് അംഗീകാരം**



**പ്രയോജനം:**പോഷകാഹാരക്കുറവ് പരിഹരിക്കാനായി നിരവധി നടപടികളെടുത്തുവരുന്ന സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയായ നാഷണൽ സ്കീം ഫോർ മിഡ് ഡെ മീൽ പദ്ധതിയെ പ്രധാന മന്ത്രി-പോഷൺ ശക്തി നിർമ്മാൺ യോജന എന്ന് പുനർനാമകരണം ചെയ്തു.

- അടുത്ത 5 വർഷത്തേക്ക് 1.3 ലക്ഷം കോടി രൂപ പദ്ധതിക്കായി ചിലവാക്കും.രാജ്യത്തെ 11.20 ലക്ഷം സർക്കാർ/എയിഡഡ് സ്കൂളുകളിലെ 11.80 കോടി കുട്ടികളാണ് പദ്ധതിക്ക് കീഴിലുള്ളത്.ഭക്ഷ്യധാന്യങ്ങൾക്കായി 45000 കോടി രൂപ അധികമായി കേന്ദ്രസർക്കാർ ചിലവാക്കും.3 ലക്ഷത്തിലധികം സ്കൂളുകളിൽ ഇതിനോടകം പോഷക തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള ശ്രമങ്ങൾക്ക് ഇത് ഊർജ്ജം പകരും. ■

# ഭാരതത്തിന്റെ പുരോഗതിയിലാണ് ലോകത്തിന്റെ പുരോഗതി

കൊവിഡിന് ശേഷം ആഗോളതലത്തിൽ ഭാരതത്തിന്റെ പ്രതിച്ഛായ വലിയതോതിൽ വർദ്ധിച്ചു.പ്രതീക്ഷയോടെ ഭാരതത്തിലേക്ക് ഉറ്റുനോക്കുകയാണ് ലോകം.സെപ്റ്റംബറിൽ 65 മണിക്കൂർ നീണ്ട അമേരിക്കൻ സന്ദർശനത്തിനിടെ 24 യോഗങ്ങളിലാണ് പ്രധാനമന്ത്രി പങ്കെടുത്തത്.ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗത്തിൽ ഭാരതത്തിന്റെ പുരോഗതിയിലാണ് ലോകത്തിന്റെ പുരോഗതി എന്ന സന്ദേശം അദ്ദേഹം ലോകത്തിന് നൽകി.



ഐക്യരാഷ്ട്രസഭയിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗം കേൾക്കാനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

ഒരു ലക്ഷ്യമുണ്ടെങ്കിൽ എന്റെ രാജ്യം അനശ്വരമാണ്.ലോകം എന്റെ രാജ്യത്തെ ഓർമ്മിക്കും,എന്റെ രാജ്യത്തിന്റെ ഭാവി നോക്കൂ,മാനുഷിക ക്ഷേമത്തിന്റെ ഭാവി കാണിച്ചു തരുന്ന രാജ്യമാണിതെന്ന് ലോകം അഭിമാനത്തോടെ പറയും.ലോകത്തെ കഷ്ടതകളിൽ നിന്നും രക്ഷിക്കാനുള്ള ശക്തി ഈ രാജ്യത്തിനുണ്ട്.ഇത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകൾ മാത്രമല്ല,ഭാരതത്തെ ലോകത്തിന്റെ നേതാവാക്കാനുള്ള നിർണ്ണയമാണ്.ഭാരതത്തെ ലോകത്തിന്റെ ഗുരു ആക്കണമെന്നത് സ്വാമി വിവേകാനന്ദന്റെ സ്വപ്നമായിരുന്നു.

## ഇന്ത്യ-അമേരിക്ക ഉഭയകക്ഷി ചർച്ച

### ഇൻഡോ-പെസഫിക്, വ്യാപാരം ഉൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ചയായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനും തമ്മിൽ ഓവൽ ഓഫീസിൽ 90 മിനുട്ടിലധികം നീണ്ട ഉഭയകക്ഷി ചർച്ചയാണ് നടന്നത്.ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ ബന്ധം ശക്തിപ്പെടുത്തുന്നതിനും ഭാരതത്തെ ഒരു പ്രധാന പ്രതിരോധ പങ്കാളിയായി ഉയർത്തുന്നതിനുമുള്ള തന്റെ അചഞ്ചലമായ പ്രതിബദ്ധത ബൈഡൻ ആവർത്തിച്ചു.ഇരുരാജ്യങ്ങൾക്കുമിടയിലുള്ള പ്രതിരോധ മേഖലയിലെ വിപുലമായ വ്യാവസായിക സഹകരണം കൂടുതൽ ശക്തമാക്കുന്നതിനെ രണ്ട് നേതാക്കളും സ്വാഗതം ചെയ്തു.



**പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസ്താവന:**

- അധികാരമേറ്റ ശേഷം കൊവിഡ്,കാലാവസ്ഥാ വ്യതിയാനം, ക്വാഡ് തുടങ്ങിയ വിഷയങ്ങളിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു.
- നാം ഈ പ്രപഞ്ചത്തിന്റെ സൂക്ഷിപ്പുകാരാണെന്ന് മഹാത്മാ ഗാന്ധി എപ്പോഴും പറയുമായിരുന്നു.ഈ സ്പിരിറ്റ് ഇന്ത്യക്കും അമേരിക്കക്കും ഇടയിലുള്ള ബന്ധം ശക്തമാക്കും
- ഇന്ത്യക്കും അമേരിക്കക്കും ഇടയിലുള്ള വ്യാപാരത്തിന് അതിന്റേതായ പ്രത്യേകതയുണ്ട്.ഈ ദശാബ്ദത്തിൽ വ്യാപാരമേഖലയിൽ നമുക്ക് പരസ്പരം സഹായിക്കാം.
- അമേരിക്കയുടെ കൈവശമുള്ള നിരവധി കാര്യങ്ങൾ ഭാരതത്തിന് ആവശ്യമുണ്ട്.അമേരിക്കക്ക് ഉപയോഗപ്രദമായ അനവധി വസ്തുക്കൾ ഭാരതത്തിലുണ്ട്.
- ഇന്ത്യ-അമേരിക്ക ബന്ധത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.നാം ജനാധിപത്യ മൂല്യങ്ങൾക്കും പാരമ്പര്യത്തിനും സമർപ്പിതരാണ്.

**പ്രസിഡണ്ട് ബൈഡന്റെ പ്രസ്താവന:**

- ആഗോളതലത്തിലുള്ള നിരവധി വെല്ലുവിളികൾ നേരിടാൻ ഇന്ത്യ-അമേരിക്ക ബന്ധത്തിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.
- 2020ൽ ഇന്ത്യയും അമേരിക്കയും ഏറ്റവും അടുത്ത സുഹൃത്തുക്കളാകുമെന്ന് 2006ൽ ഞാൻ പറഞ്ഞിരുന്നു.
- അമേരിക്കൻ വൈസ്പ്രസിഡണ്ട് ആയിരുന്ന സമയത്ത് നടത്തിയ മുംബൈ സന്ദർശനം ബൈഡൻ ഓർമ്മിച്ചു
- മുംബൈയിൽ ബന്ധുക്കളുണ്ടെന്ന് ബൈഡൻ തമാശരൂപേണ പറഞ്ഞു.ബൈഡൻ എന്ന പേരുള്ള വ്യക്തിയുടേതായി മുംബൈയിൽ നിന്നും കത്ത് ലഭിച്ച കാര്യം അദ്ദേഹം പറഞ്ഞു.
- കൊവിഡ് 19 മുതൽ കാലാവസ്ഥ വ്യതിയാനം വരെ കൈകാര്യം ചെയ്യുന്ന,സ്വതന്ത്രവും തുറന്നതുമായ ഇൻഡോ-പസഫിക് നിലനിർത്തിക്കൊണ്ട്,ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ഇന്ത്യ - അമേരിക്ക ഉഭയകക്ഷി ചർച്ചക്കിടെ പ്രധാനമന്ത്രി നടത്തിയ പ്രസംഗം കേൾക്കാനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

2014ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധികാരത്തിലെത്തിയതിന് ശേഷമാണ് സ്വാമിയുടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളുണ്ടായത്.കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഭാരതത്തിനുണ്ടായിരിക്കുന്ന നവീകരണം അത്ഭുതകരമാണ്.ഈ മാറ്റങ്ങൾ കാരണമാണ് ലോകം മുഴുവൻ പ്രതിസന്ധി നേരിട്ട സമയത്ത് 150-തിലധികം രാജ്യങ്ങളെ സഹായിക്കാൻ ഭാരതത്തിന് കഴിഞ്ഞത്.കഷ്ടതകൾ നിറഞ്ഞ സമയത്ത് ലോകത്തിന് സ്വന്തം കഴിവുകളും സാധ്യതകളും കാണിച്ചുകൊടുത്ത ഭാരതം,പ്രതിസന്ധിയെ നേരിടാനുള്ള കരുത്തും ലോകത്തിന് നൽകി.

സംഭാഷണം,ബഹുമാനം,സഹകരണം,സമാധാനം,സാർവ്വത്രിക സമൃദ്ധി എന്നീ 5 തത്വങ്ങളിൽ അധിഷ്ഠിതമായ പ്രധാനമന്ത്രിയുടെ വിദേശനയത്തിലൂടെ ജി20,ക്വാഡ്,എസ്സി ഒ,ഇയു സമ്മിറ്റ്,ആസിയാൻ,ഈസ്റ്റേൺ എക്കണോമിക് ഫോറം തുടങ്ങിയ ആഗോള വേദികളിൽ ശക്തമായ ശബ്ദമാവാൻ ഭാരതത്തിന് കഴിഞ്ഞു.രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു പ്രധാനമന്ത്രി ഐക്യരാഷ്ട്രസഭ സുരക്ഷ കൗൺസിൽ യോഗത്തിന്റെ അധ്യക്ഷനായി.ശക്തവും ആധുനികവും സ്വയംപര്യാപ്തവും മാനവരാശിക്ക് ഗുണം ചെയ്യുന്നതുമായ ഒരു ഭാരതം കെട്ടിപ്പെടുക്കുക എന്നതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ച്ചപ്പാട്.ഇക്കാരണത്താൽ സെപ്റ്റംബർ 22-25 വരെ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ വിദേശ സന്ദർശനം വിജയകരമായി.ലോകത്തെ നയിക്കാൻ ഭാരതം തയ്യാറാണെന്ന് അദ്ദേഹം ഉറച്ച ശബ്ദത്തിൽ വ്യക്തമായി പറഞ്ഞുവച്ചു.ഭാരതത്തിന്റെ പുരോഗതിയെ ആശ്രയിച്ചാണ് ലോകത്തിന്റെ പുരോഗതിയെന്നും അദ്ദേഹം വ്യക്തമാക്കി.

### ഭാരതത്തിന്റെ മാനവശേഷി,ലോകത്തിന്റെ ശക്തി

ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗത്തിൽ ഭാരതത്തിന്റെ സമ്പന്നമായ ജനസംഖ്യയെ ലോകത്തിന്റെ മാനവവിഭവ ശേഷി എന്നാണ് പ്രധാനമന്ത്രി വിശേഷിപ്പിച്ചത്.ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തെയും ജനാധിപത്യത്തിന്റെ മാതൃസ്ഥാനത്തെയും കുറിച്ചു പറഞ്ഞ പ്രധാനമന്ത്രി സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തെ വ്യത്യസ്തതയുടെയും ശക്തമായ ജനാധിപത്യത്തിന്റെയും മുഖമുദ്രയായി വിശേഷിപ്പിച്ചു.ഡസൻകണക്കിന് ഭാഷകളും നൂറുകണക്കിന് നാട്ടുഭാഷകളും വ്യത്യസ്തങ്ങളായ ജീവിതരീതിയും,ഭക്ഷണവുമുള്ള രാജ്യം ഉത്സാഹഭരിതമായ ജനാധിപത്യത്തിന്റെ മികച്ച ഉദാഹരണമാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.ഇന്ന് ലോകത്തിലെ ഓരോ ആറാമത്തെ വ്യക്തിയും ഭാരതീയനാണ്.ഭാരതീയർ അഭിവൃദ്ധിപ്പെടുമ്പോൾ,ലോകത്തിന്റെ വികസനത്തിനും ചലനമുണ്ടാകുന്നു.അദ്ദേഹത്തിന്റെ വാക്കുകൾ,"ഭാരതം വളരുമ്പോൾ,ലോകം വളരുന്നു,ഭാരതം മെച്ചപ്പെടുമ്പോൾ,ലോകം മാറുന്നു".

## ക്വാഡ് ഉച്ചകോടി

### ലോകസമാധാനവും സുരക്ഷയും ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ ചർച്ച

- ഭാരതം,ജപ്പാൻ,ഓസ്ട്രേലിയ,അമേരിക്ക എന്നീ 4 തന്ത്രപ്രധാന രാജ്യങ്ങളാണ് ക്വാഡ്രിലാറ്ററൽ സെക്യൂരിറ്റി ഡയലോഗ് എന്ന ക്വാഡിലെ അംഗങ്ങൾ.സെപ്റ്റംബർ 24ന് നടന്ന ക്വാഡ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു.
- അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ,ജപ്പാൻ പ്രധാനമന്ത്രി യോഷിഹിഡെ സുഗ,ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ എന്നിവരും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം ഉച്ചകോടിയിൽ പങ്കെടുത്തു.
- ആഗോള നൻമക്കുള്ള ശക്തിയായി ക്വാഡ് പ്രവർത്തിക്കും.ഇൻഡോ-പസഫിക് മേഖലയിലും ലോകത്താകമാനവും സമാധാനവും സമൃദ്ധിയും കൊണ്ടുവരാൻ ക്വാഡിനെ നമ്മുടെ സഹകരണത്തിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.
- ക്വാഡിന്റെ വാക്സിൻ സംരംഭം ഇൻഡോ-പസഫിക് രാജ്യങ്ങൾക്ക് സഹായകരമാകും.ജനാധിപത്യ മൂല്യങ്ങളെ മുറുകെപ്പിടിച്ച് മുന്നോട്ട് പോകാനാണ് ക്വാഡിന്റെ തീരുമാനം.വിതരണ ശൃംഖല,ആഗോള സുരക്ഷ,കാലാവസ്ഥ വ്യതിയാനം,കൊറോണ മഹാവ്യാധി തുടങ്ങിയ വിഷയങ്ങളിൽ ക്വാഡ് സഹകരിച്ച് പ്രവർത്തിക്കും.
- 2004ലെ സുനാമിക്ക് ശേഷം ആദ്യമായാണ് 4 ക്വാഡ് രാജ്യങ്ങൾ ഇൻഡോ-പസഫിക് മേഖലയെ സഹായിക്കാനായി സമ്മേളിക്കുന്നത്.ഇന്ന് ലോകം കൊറോണ മഹാവ്യാധിക്കെതിരെ പോരാടുമ്പോൾ ,മാനവരാശിയുടെ ക്ഷേമത്തിനായി നാം ഒരിക്കൽ കൂടി ഒത്തുചേർന്നിരിക്കുന്നു.



ക്വാഡ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗം കേൾക്കാനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

സ്വയംപര്യാപ്ത ഭാരതം ക്യാംപയിനെ മുന്നോട്ട് കുതിക്കാനുള്ള മന്ത്രമായി പ്രധാനമന്ത്രി വിശേഷിപ്പിച്ചു.ഇത് ഭാരതത്തെ ജനാധിപത്യ മൂല്യങ്ങളുള്ള ലോകത്തിന്റെ വിശ്വസിക്കാവുന്ന പങ്കാളിയാക്കുന്നു.

**കൊവിഡ് മഹാവ്യാധിക്കാലത്ത് ലോകത്തിന്റെ രക്ഷകയായി ഭാരതം**

നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാവ്യാധിയായ കൊവിഡ് 19നെ നേരിടുകയാണ് ഭാരതം.ഭാരതത്തിൽ ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും നടക്കുന്ന നവീകരണം ലോകത്തിന് സഹായകരമായി മാറുന്നു.വിദേശങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ വംശജരായ ഡോക്ടർമാർ,ഇന്നൊവേറ്റേഴ്സ്,എഞ്ചിനീയർമാർ,മാനേജർമാർ തുടങ്ങിയവർക്ക് ഭാരതത്തിന്റെ ജനാധിപത്യ മൂല്യങ്ങളുമായും മാനവരാശി സേവനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ഇത് പ്രചോദനം നൽകുന്നു.ആഗോള സമ്പദ്‌രംഗത്തിന് കൂടുതൽ വ്യത്യസ്തതകൾ വേണ്ടതുണ്ടെന്ന് കൊറോണ മഹാവ്യാധി നമ്മെ പഠിപ്പിച്ചു.ഭാരതത്തിന്റെ വാക്സിൻ വിതരണ സംവിധാനമായ കൊ-വിൻ ദിവസം ലക്ഷക്കണക്കിനാളുകൾക്ക് വാക്സിൻ വിതരണം ചെയ്യാൻ എങ്ങനെയാണ് സഹായിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഐക്യരാഷ്ട്രസഭയിൽ വിശദീകരിച്ചു.പരിമിതമായ വിഭവങ്ങൾ ഉള്ളപ്പോഴും സേവ പരമോ ധർമ്മ എന്ന മന്ത്രം അടിസ്ഥാനമാക്കി ഭാരതം വാക്സിൻ നിർമ്മാണത്തിനായി കൃത്യതയോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.12 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകാൻ കഴിയുന്ന ലോകത്തെ ആദ്യ ഡി എൻ എ വാക്സിൻ ഭാരതം വികസിപ്പിച്ചിട്ടുണ്ട്.കൊറോണക്കായുള്ള നേസൽ വാക്സിന്റെ നിർമ്മാണത്തിലാണ് ഭാരതത്തിലെ ശാസ്ത്രജ്ഞരെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.ലോകത്തെ മുഴുവൻ വാക്സിൻ നിർമ്മാതാക്കളെയും അദ്ദേഹം ഭാരതത്തിലേക്ക് ക്ഷണിച്ചു.ശാസ്ത്രത്തിൽ അടിസ്ഥാനമായ സമീപനം വികസിപ്പിക്കുന്നതിനായി പ്രായോഗിക വിദ്യാഭ്യാസത്തെ ഭാരതം പ്രോത്സാഹിപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.സ്കൂളുകളിൽ ആയിരക്കണക്കിന് അടൽ തിങ്കറിങ് ലാബുകളും,ഇൻക്യുബേറ്ററുകളും സ്ഥാപിച്ചു.ശക്തമായ സ്റ്റാർട്ട് അപ്പ് ഇക്കോ സംവിധാനമാണ് രാജ്യത്തുള്ളത്.

75-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾ നിർമ്മിച്ച 75 ഉപഗ്രഹങ്ങൾ ഭാരതം ബഹിരാകാശത്ത് വിക്ഷേപിക്കും.

**ആഗോളതലത്തിൽ ഭാരതത്തിന്റെ നേട്ടങ്ങൾ**

ഭാരതത്തിൽ ജനാധിപത്യത്തിന്റെ വേരുകൾ എത്ര ശക്തമാണെന്ന കാര്യം സ്വന്തം ജീവിതം കൊണ്ടു തന്നെ പ്രധാനമന്ത്രി ലോകത്തിന് മനസിലാക്കിക്കൊടുത്തു.റെയിൽവെ സ്റ്റേഷനിലെ ചായക്കടയിൽ അച്ഛനെ സഹായിച്ചിരുന്ന കൊച്ചുകുട്ടി പ്രധാനമന്ത്രി എന്ന നിലയിൽ നാലാമത്തെ തവണ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയെ അഭിസംബോധന ചെയ്യുന്നു.ഏറ്റവും കൂടുതൽ കാലം ഗുജറാത്തിന്റെ മുഖ്യമന്ത്രി പദത്തിലിരുന്ന ശേഷം കഴിഞ്ഞ 7 വർഷമായി രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി പദത്തിൽ രാഷ്ട്രസേവനം നടത്തുന്ന അദ്ദേഹം 20 വർഷമായി സ്വജീവിതം ജനസേവനത്തിനായി സമർപ്പിച്ചിരിക്കുകയാണ്.വികസനപ്രവർത്തനങ്ങളുടെ പ്രയോജനങ്ങൾ സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയിലും എത്തണമെന്ന പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ അന്ത്യോദയ തത്വശാസ്ത്രം അടിസ്ഥാനമാക്കിയാണ് ഭാരതത്തിന്റെ ജനാധിപത്യം പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.എല്ലാവരുടെയും വികസനമെന്നതാണ് നവഭാരതത്തിന്റെ നയം.കഴിഞ്ഞ 7 വർഷത്തിൽ 43കോടിയിലധികം ആളുകൾ ബാങ്കിംഗ് സംവിധാനങ്ങളുടെ പരിധിയിൽ വന്നു,36 കോടിയിലധികം ആളുകൾക്ക് ഇൻഷൂറൻസ് പരിരക്ഷ ലഭിച്ചു,50 കോടിയിലധികം ആളുകൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തി,വീടുകളില്ലാത്ത 3 കോടി ആളുകൾക്ക് ഉറപ്പുള്ള വിടുകൾ ലഭ്യമാക്കി.ഭാരതവും ലോകവും ഒരുപോലെ നേരിടുന്ന പ്രശ്നമാണ് ജലമലിനീകരണം.ഇതിനെ മറികടക്കാനായി വലിയ ക്യാംപയിൻ രാജ്യത്ത് ആരംഭിച്ചു.ഇതുവഴി 170 മില്യണിലധികം വീടുകളിൽ പൈപ്പിലൂടെ ശുദ്ധമായ ജലമെത്തിക്കുന്ന നടപടി പുരോഗമിക്കുന്നു.

രാജ്യത്തിന്റെ വികസനത്തിനായി ജനങ്ങൾക്ക് വസ്തുക്കളുടെ(വീട്,ഭൂമി) കൈവശാവകാശ രേഖകൾ ഉണ്ടാകണമെന്നത് വലിയ അന്താരാഷ്ട്ര സംഘടനകളെല്ലാം അംഗീകരിച്ചിട്ടുള്ള കാര്യമാണ്.ലോകത്തെ വലിയ രാജ്യങ്ങളിലെല്ലാം ഭൂമിക്കും വീടിനും അവകാശമില്ലാത്ത നിരവധി ആളുകളുണ്ട്.ഇന്ന് ഡിജിറ്റൽ മാപ്പിംഗിലൂടെ 6 ലക്ഷത്തിലധികം ഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് ഭൂമിയുടെയും വീടിന്റെയും ഡിജിറ്റൽ രേഖകൾ നൽകുന്നതിൽ വ്യാപൃതരായിരിക്കുകയാണ് സർക്കാർ.

**ഭീകരവാദത്തിനെതിരെ ശക്തമായ നിലപാട്**

ലോക സമാധാനത്തിനും സാഹോദര്യത്തിനുമായി നിലകൊണ്ടിട്ടുള്ള രാജ്യമാണ് ഭാരതം.അതുകൊണ്ടാണ് ഐക്യരാഷ്ട്രസഭ പൊതുസഭയെ അഭിസംബോധന ചെയ്യുമ്പോൾ പ്രധാനമന്ത്രി ഒരു രാജ്യത്തിന്റെയും പേര് പരാമർശിക്കാതിരുന്നത്.പക്ഷേ,ഒരു രാജ്യവും അതിന്റെ വൈദഗ്ധ്യത്തെ അതിന്റെ സ്വാർത്ഥതക്കുള്ള ഉപകരണമായി ഉപയോഗിക്കാൻ ശ്രമിക്കരുതെന്ന കൃത്യമായ സന്ദേശം അദ്ദേഹം ലോകത്തിന് നൽകി.അഫ്ഗാനിസ്ഥാനിലെ സമീപകാല സാഹചര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു,ജനങ്ങൾ,കുട്ടികൾ,സ്ത്രീകൾ,ന്യൂനപക്ഷങ്ങൾ എന്നിവർക്കെല്ലാം സഹായം വേണം,എല്ലാവരും അവരവരുടെ ഉത്തരവാദിത്വം നിറവേറ്റണം.ഭീകരവാദത്തെ പിന്തുണക്കുന്ന രാജ്യത്തിന് മുന്നറിയിപ്പ് നൽകിയ പ്രധാനമന്ത്രി,ഭീകരവാദം ഇരുതലമൂർച്ചയുള്ള വാളാണെന്ന് അതുപയോഗിക്കുന്നവർ മനസിലാക്കണമെന്ന് വ്യക്തമാക്കി.അഫ്ഗാനിസ്ഥാന്റെ മണ്ണ് ഭീകരവാദം പ്രോത്സാഹിപ്പിക്കാനായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.

## വൈസ് പ്രസിഡന്റ് കമല ഹാരിസുമായുള്ള കൂടിക്കാഴ്ച

അമേരിക്കൻ സന്ദർശനത്തിനിടെ സെപ്റ്റംബർ 23ന് വാഷിങ്ടൺ ഡിസി യിൽ വൈസ് പ്രസിഡന്റ് കമല ഹാരിസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച്ച നടത്തി.ഇരുരാജ്യങ്ങളിലെയും കൊവിഡ് 19 സാഹചര്യം,വേഗത്തിലുള്ള വാക്സിനേഷൻ,മരുന്നുകളുടെ വിതരണം,ആരോഗ്യ സംരക്ഷണ ഉപകരണങ്ങൾ എന്നീവിഷയങ്ങൾ ഇരുനേതാക്കളും ചർച്ചചെയ്തു.പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭാരതം നടത്തുന്ന നിരന്തര പരിശ്രമങ്ങളെക്കുറിച്ചും ദേശീയ ഹൈഡ്രജൻ മിഷനെപ്പറ്റിയും പ്രധാനമന്ത്രി സംസാരിച്ചു.ഭാരതം സന്ദർശിക്കാനായി പ്രധാനമന്ത്രി വൈസ് പ്രസിഡണ്ട് കമല ഹാരിസിനെ ക്ഷണിച്ചു.



യുഎസ് വൈസ് പ്രസിഡന്റ് കമല ഹാരിസുമായുള്ള ചർച്ചകളുടെ വീഡിയോ കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

### പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി സുഗ യോഷിഹിഡെയുമായുള്ള കൂടിക്കാഴ്ച

ജപ്പാൻ പ്രധാനമന്ത്രിയുമായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യ കൂടിക്കാഴ്ച്ചയാണിത്.ഇരുരാജ്യങ്ങൾക്കുമിടയിലുള്ള ബഹുമുഖ ബന്ധങ്ങൾ നേതാക്കൾ വിലയിരുത്തി.അഫ്ഗാനിസ്ഥാൻ ഉൾപ്പെടെ ആഗോളതലത്തിലും മേഖലയിലും അടുത്തകാലത്തായി ഉണ്ടായ സംഭവവികാസങ്ങളിലുള്ള കാഴ്ച്ചപ്പാടുകൾ ഇരുനേതാക്കളും പങ്കുവച്ചു.സമാധാനപരവും സമഗ്രവുമായ ഒരു ഇൻഡോ-പസഫിക് മേഖല നിലനിർത്തുന്നതിൽ രണ്ട് രാജ്യങ്ങൾക്കുമുള്ള പ്രതിബദ്ധത ഇരുവരും ആവർത്തിച്ചു.ഭാരതത്തിനും ജപ്പാനുമിടയിൽ വളർന്നുവരുന്ന സാമ്പത്തിക പങ്കാളിത്തത്തെ സ്വാഗതം ചെയ്ത നേതാക്കൾ മുംബൈ - അഹമ്മദാബാദ് അതിവേഗ റെയിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുള്ള പ്രതിബദ്ധത ആവർത്തിച്ചു.



### ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസണുമായുള്ള കൂടിക്കാഴ്ച്ച

ക്വാഡ് ഉച്ചകോടിയുടെ ഭാഗമായി അമേരിക്കയിലെത്തിയ ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസണുമായി സെപ്റ്റംബർ 23ന് വാഷിങ്ടൺ ഡിസി യിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ച നടത്തി.ഇരുരാജ്യങ്ങളുമായി ബന്ധപ്പെട്ടതും,മേഖലയിലെയും ആഗോളതലത്തിലെയും നിരവധി വിഷയങ്ങൾ ഇരുനേതാക്കളും ചർച്ച ചെയ്തു.ഇരുരാജ്യങ്ങൾക്കുമിടയിൽ പതിവായി നടക്കുന്ന ഉന്നതതല ചർച്ചകളിൽ(അടുത്തകാലത്തായി നടന്ന ഇന്ത്യ ഓസ്ട്രേലിയ പ്രതിരോധ-വിദേശ മന്ത്രിതല 2+2 ചർച്ച ഉൾപ്പെടെ) ഇരുനേതാക്കളും തൃപ്തി അറിയിച്ചു.പരസ്പര നൻമയും,സ്വാതന്ത്രവും സമൃദ്ധവും നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ളതുമായ ഇൻഡോ-പസഫിക് മേഖലയുടെ പൊതുലക്ഷ്യവും മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സഹകരണം തുടരാൻ ഇരുനേതാക്കളും തീരുമാനിച്ചു.



## പുതിയ ഭാരതം കെട്ടിപ്പെടുക്കാൻ ലോകത്തെ വലിയ കോർപ്പറേറ്റുകളുടെ പിന്തുണ

അമേരിക്കൻ സന്ദർശനത്തിന്റെ ആദ്യദിവസം ലോകത്തെ 5 വലിയ കമ്പനികളുടെ സിഇഒ മാരുമായി പ്രധാനമന്ത്രി വ്യക്തിപരമായ കൂടിക്കാഴ്ച്ച നടത്തിയിരുന്നു.ജനറൽ ആറ്റോമിക്സ് സിഇഒ വിവേക് ലാൽ,അഡോബ് സിഇഒ ശന്തനു നരെയ്ൻ,ക്വാൽകാം സിഇഒ ക്രിസ്റ്റ്യാനോ ആർ അമൊൻ,ഫസ്റ്റ് സോളാർ സിഇഒ മാർക്ക് വിഡ്മർ,ബ്ലാക്ക് സ്റ്റോൺ സിഇഒ സ്റ്റീഫൻ എ ഷ്വവർസ്മാൻ എന്നിവരുമായിട്ടായിരുന്നു കൂടിക്കാഴ്ച്ച.ഭാരതത്തിലെ അവസരങ്ങളെപ്പറ്റി സിഇഒ മാരോട് പറഞ്ഞ പ്രധാനമന്ത്രി നിക്ഷേപം വർദ്ധിപ്പിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചു.ഭാരതത്തിലെ ടെലികോം ഇലക്ട്രോണിക്സ് മേഖലകളിൽ വലിയ നിക്ഷേപം നടത്തുന്നകാര്യം പ്രധാനമന്ത്രി ചർച്ചചെയ്തു.ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ,നിർമ്മാണം എന്നിവയിൽ അടുത്തകാലത്തായി ആരംഭിച്ച പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് പദ്ധതിയെപ്പറ്റി പ്രധാനമന്ത്രി സിഇഒ മാരോട് സംസാരിച്ചു.രാജ്യത്ത് സെമികണ്ടക്ടർ വിതരണ ശൃംഖലയിലുണ്ടായിരിക്കുന്ന വികസനം,പ്രാദേശിക നവീകരണ സംവിധാനം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ചും പ്രധാനമന്ത്രി സംസാരിച്ചു.

**മോഷ്ടിക്കപ്പെട്ട 157 ഭാരതീയ പുരാവസ്തുക്കൾ പ്രധാനമന്ത്രി നരേന്ദ്ര മോദി തിരികെ കൊണ്ടുവന്നു**

അമേരിക്കയിൽ നിന്നു മടങ്ങുമ്പോൾ 157 ഭാരതീയ പുരാവസ്തുക്കളും പ്രധാനമന്ത്രി തിരികെ കൊണ്ടുവന്നു.ഈ പുരാവസ്തുക്കളും ശിൽപ്പങ്ങളും ഹിന്ദു,ബുദ്ധ,ജൈന മതങ്ങളുമായി ബന്ധപ്പെട്ടവയാണ്.ഭൂരിഭാഗവും 11-14 നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നവയാണ്.ബിസി കാലഘട്ടത്തിലുള്ള പുരാവസ്തുക്കളുമുണ്ട്.ഭാരതത്തിൽ നിന്നും മോഷ്ടിക്കപ്പെട്ട പുരാവസ്തുക്കൾ തിരികെ കൊണ്ടുവരാനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ വലിയ പരിശ്രമമാണ് നടത്തിവരുന്നത്.മോഷണം,അനധികൃത വ്യാപാരം,സാംസ്കാരിക വസ്തുക്കളുടെ കള്ളക്കടത്ത് എന്നിവ തടയുന്നതിലുള്ള പ്രതിജ്ഞാബദ്ധത പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനും ആവർത്തിച്ചു.



അന്താരാഷ്ട്ര വ്യാപാരം ഒരു ലൈഫ്-ലൈൻ ആണെന്ന് പറഞ്ഞ പ്രധാനമന്ത്രി അതിനെ വിപുലീകരണത്തിൽ നിന്നും വിലക്കിൽ നിന്നും മാറ്റി നിർത്തണമെന്നാവശ്യപ്പെട്ടു.ഇതിനായി അന്താരാഷ്ട്ര സമൂഹം ഒറ്റക്കെട്ടായി ശബ്ദമുയർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### ഐക്യരാഷ്ട്രസഭയിൽ പരിഷ്ക്കാരങ്ങൾ അത്യാവശ്യം

ഭാരതത്തിന്റെ മഹാനായ നയതന്ത്രജ്ഞനായ ആചാര്യ ചാണക്യൻ നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞിട്ടുണ്ട്,**कालाति क्रमात काल एव फलम् पिबति**,അതായത് ശരിയായ പ്രവർത്തി ശരിയായ സമയത്ത് ചെയ്തില്ലെങ്കിൽ സമയം ആ പ്രവർത്തിയുടെ വിജയം ഇല്ലാതാക്കും.ഇത് പരാമർശിച്ച പ്രധാനമന്ത്രി,പ്രസക്തി നിലനിർത്തണമെന്നുണ്ടെങ്കിൽ ഐക്യരാഷ്ട്രസഭ പ്രയോജനവും വിശ്വാസ്യതയും വർദ്ധിപ്പിക്കണമെന്ന് വ്യക്തമാക്കി.ഐക്യരാഷ്ട്രസഭയിൽ നിന്നു തന്നെ അതിനെ ചോദ്യം ചെയ്യുന്ന നിരവധി സംഭവങ്ങളുണ്ടായി.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന നിഴൽ യുദ്ധങ്ങൾ,ഭീകരവാദം,അഫ്ഗാനിസ്ഥാൻ എന്നിവയെല്ലാം ചർച്ചയായി.എല്ലാവരുടെയും പരിശ്രമമുണ്ടെങ്കിൽ ലോകത്ത് സാമാധാനവും സാഹോദര്യവും വർദ്ദിക്കും.അത് ലോകത്തെ ആരോഗ്യകരവും സുരക്ഷിതവും സമൃദ്ധവുമാക്കും. ■

# സൻസദ് ടിവിയിലൂടെ ജനാധിപത്യത്തിന്റെ ശബ്ദം ശക്തമാകും




**ആശയവിനിമയത്തിലൂടെയും സംഭാഷണങ്ങളിലൂടെയും വിപ്ലവകരമായ മാറ്റങ്ങളാണ് 21-ാം നൂറ്റാണ്ട് കൊണ്ടുവരുന്നത്.ഇതിൽ മാധ്യമങ്ങളും ടെലിവിഷൻ ചാനലുകളും സുപ്രധാന പങ്കുവഹിക്കുന്നു.ജനാധിപത്യത്തിന്റെ ശബ്ദം ശക്തമാക്കാനുള്ള സുപ്രധാന നടപടിയുടെ ഭാഗമായി അമൃത് മഹോത്സവ വർഷത്തിൽ ലോക്സഭ,രാജ്യസഭ ടിവി കളെ സംയോജിപ്പിച്ച് സൻസദ് ടിവി രൂപീകരിച്ചു.**

ഭാരതത്തിന്റെ പാർലമെന്റ് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്.2014ൽ അധികാരമേറ്റശേഷം പാർലമെന്റിലെത്തിയ പ്രധാനമന്ത്രി പടികളിൽ തലകുമ്പിട്ടത് അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.കഴിഞ്ഞ കുറച്ചുവർഷങ്ങളായി പാർലമെന്റ് നടപടികളുടെ വേഗതയും സുതാര്യതയും വർദ്ധിച്ചിട്ടുണ്ട്.പാർലമെന്ററി സംവിധാനമെന്നാൽ രാഷ്ട്രീയം മാത്രമല്ല,രാജ്യത്തിന്റെ ഗതി നിർണ്ണയിക്കുന്ന നയങ്ങളും പാർലമെന്റിൽ നിന്നാണ് വരുന്നത്.

ഈ ചിന്തയിലാണ് ഫെബ്രുവരിയിൽ ലോക്സഭ,രാജ്യസഭ ടിവി കളെ സംയോജിപ്പിച്ച് സൻസദ് ടിവി രൂപീകരിക്കാനുള്ള തീരുമാനമെടുത്തത്.അന്താരാഷ്ട്ര ജനാധിപത്യ ദിനവും ദൂരദർശൻ ദിനവുമായ സെപ്റ്റംബർ 15ന് സൻസദ് ടിവി പ്രവർത്തനം ആരംഭിച്ചു.ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു,പ്രധാനമന്ത്രി നരേന്ദ്ര മോദി,ലോക്സഭ സ്പീക്കർ ഓം ബിർള എന്നിവർ ചേർന്നാണ് സർസദ് ടിവി ഉൽഘാടനം ചെയ്തത്.

**സൻസദ് ടിവി യിലെ പരിപാടികൾ പ്രധാനമായും ഈ 4 വിഭാഗങ്ങളിൽ ഉൾപ്പെട്ടവയായിരിക്കും**

**01** പാർലമെന്റിലെയും ജനാധിപത്യ സംവിധാനങ്ങളിലെയും പ്രവർത്തനങ്ങൾ

**02** ഭരണവും പദ്ധതികളുടെയും നയങ്ങളുടെയും നടത്തിപ്പും

**03** ഭാരതത്തിന്റെ ചരിത്രവും സംസ്കാരവും

**04** നിലവിലെ പ്രശ്നങ്ങൾ,താൽപ്പര്യങ്ങൾ, ആശങ്കകൾ

## സൻസദ് ടിവി പരിപാടികൾ

- **പാർലമെന്റിൽ ഇന്ന്:**സഭയിലെ അതാത് ദിവസത്തെ അജണ്ടയുടെ വിവരങ്ങൾ
- **ഹൗസ് ഹൈലൈറ്റ്സ്:**പാർലമെന്റിലെ ഇരു സഭകളിലെയും സുപ്രധാന നടപടികൾ
- **ഏകം സാത്:**മതങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം വിശദമാക്കുന്ന പരമ്പര
- **മാറുന്ന ഭാരതം:**മാറുന്ന ഭാരതത്തെപ്പറ്റി ചർച്ച
- **സാമ്പത്തിക സൂത്ര:**സർക്കാർ നയങ്ങൾ ഏങ്ങനെ രൂപപ്പെടുന്നു എന്നത് വിശദീകരിക്കുന്ന പരിപാടി
- **ടു ദി പോയിന്റ്:**രാജ്യത്തെ പ്രമുഖ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി
- **ദി ഡിഫൻഡേഴ്സ്:**രാജ്യത്തിന്റെ ആഭ്യന്തര,തന്ത്രപ്രധാന സുരക്ഷ നയങ്ങൾ ലളിതമായ ഭാഷയിൽ വിശദീകരിക്കുന്ന പരിപാടി
- **ചരിത്രം:**രാജ്യത്തിന്റെ സമ്പന്നമായ ചരിത്രവും തത്വശാസ്ത്രവും പ്രേക്ഷകർക്ക് മുമ്പിൽ അവതരിപ്പിക്കുന്ന പരിപാടി.
- **മൈ സ്റ്റോറി:**പാർലമെന്റിലെ വനിതാ അംഗങ്ങളുടെ പ്രയത്നത്തിന്റെയും അവർ നേരിട്ട വെല്ലുവിളികളുടെയും കഥകൾ.
- **ഇന്ത്യയുടെ സ്റ്റാർട്ട് അപ്പ് യാത്ര:**രാജ്യത്തെ യുവസംരംഭകരെ പരിചയപ്പെടുത്തുന്ന പരിപാടി.
- **സ്വതന്ത്ര ഇന്ത്യ @75:**സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി തയ്യാറാക്കിയിരുന്ന പരിപാടികൾ.അമർ ക്രാന്തി,യെ ബി നായക്,ആസാദിയുടെ 75 നാഴികക്കല്ലുകൾ,മാറ്റങ്ങൾ കൊണ്ടുവന്നവർ,ഇന്ത്യയുടെ ഗതിനിർണ്ണയിച്ച 75 നിയമങ്ങൾ എന്നീപരിപാടികൾ ഈ പരമ്പരയിൽ ഉണ്ടാകും.
- **സഭാ ചർച്ചകൾ:**നിയമസഭകളിൽ നടക്കുന്ന ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിലെ ചർച്ചകൾ.
- **നിങ്ങളുടെ എംപി മാർ:**എംപി യുടെ ജീവിതവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഈ പരിപാടിയിൽ കാണാം.
- **ഭാരത് കാ രഹ്നെ വാലാ ഹൂ:**രാജ്യത്തിന്റെ സംസ്കാരം,കല,ചരിത്രം എന്നിവയിലേക്ക് വെളിച്ചം വീശുന്ന പരിപാടി
- **വൈബ്രന്റ് ഇന്ത്യ:**ഒരാഴ്ച്ചത്തെ പ്രവർത്തനങ്ങൾ ചുരുക്കത്തിൽ
- **അഭിവ്യക്തി:**പ്രശസ്ത കലാകാരൻ/കലാകാരി കലാരൂപത്തിന്റെ സവിശേഷതകൾ വിശദമാക്കുന്നു.
- **ആരോഗ്യ ഭാരതം:**രോഗങ്ങളെ മാറ്റിനിർത്താൻ പ്രേക്ഷകർക്ക് ഉപദേശം നൽകുന്ന പരിപാടി
- **സ്മാർട്ട് ഫാർമിങ്:**കാർഷിക മേഖലയിൽ നടക്കുന്ന പരീക്ഷണങ്ങളെയും നേട്ടങ്ങളെയും കുറിച്ചുള്ള പരിപാടി
- **ആർട്ട് ഓഫ് സയൻസ്:**ശാസ്ത്ര സാങ്കേതിക മേഖലയിൽ നടക്കുന്ന പുതിയ കണ്ടുപിടിത്തങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടി
- **ഹലോ ഇന്ത്യ റൗണ്ട്അപ്പ്:**രാജ്യത്തും ലോകത്തും നടക്കുന്ന സംഭവവികാസങ്ങളുടെ വിവരങ്ങൾ
- **ലോകത്തിന്റെ ജനാധിപത്യം:**മറ്റുരാജ്യങ്ങളിലെ പാർലമെന്റുകളിൽ ചർച്ചയാവുന്ന വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ.
- **ഐക്കോണിക് സ്പീച്ച്:**അറിവുകൾ നൽകുന്ന ചെറിയ വീഡിയോകൾ.

പാർലമെന്റിന്റെ മികച്ച പാരമ്പര്യങ്ങൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമൃത് മഹോത്സവ വർഷത്തിൽ സൻസദ് ടിവി ആരംഭിച്ചു.പാർലമെന്റ് നടപടിക്രമങ്ങളുടെ കൃത്യമായ വിവരങ്ങൾ ഇതുവഴി ജനങ്ങൾക്ക് ലഭിക്കും.വിഭവങ്ങളുടെ ഫലപ്രദവും മികച്ചതുമായ ഉപയോഗം ഇതുവഴി സാധ്യമായി.ഗുണമേൻമ മെച്ചപ്പെടുകയും ചിലവ് കുറയുകയും ചെയ്തു.പുതിയ പരമ്പരകൾ രാജ്യത്തിന്റെ സംസ്കാരം,സമ്പദ്‌രംഗം,സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകും.വിവിധ ആഭ്യന്തര,അന്താരാഷ്ട്ര സംഭവവികാസങ്ങൾ സംബന്ധിച്ച വിവരങ്ങളും ജനങ്ങൾക്ക് ലഭിക്കും.

ചടങ്ങിൽ സംസാരിക്കവെ പ്രധാനമന്ത്രി പറഞ്ഞു,"ഭാരതം ജനാധിപത്യത്തിന്റെ മാതാവാണ്.ഭാരതത്തിൽ ജനാധിപത്യം ഒരു സംവിധാനമല്ല,ആശയമാണ്.മികച്ചതും ഗുണമേൻമയുള്ളതുമായ പരിപാടികൾ പ്രക്ഷേപണം ചെയ്താൽ ജനങ്ങൾ ആരും പറയാതെ തന്നെ അവ കാണും.മാധ്യമങ്ങളുടെ കാര്യത്തിൽ ഇത് എത്രത്തോളം ശരിയാണോ,അത്ര തന്നെ ശരിയാണ് പാർലമെന്റ് നടപടിക്രമങ്ങളുടെ കാര്യത്തിലും."അദ്ദേഹം പറഞ്ഞു,"ഉള്ളടക്കമാണ് ബന്ധം".പാർലമെന്റിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച അവബോധം രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഉണ്ടായിരിക്കണമെന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നു.ഇത് മനസിൽ കണ്ടാണ് സൻസദ് ടിവിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.രാജ്യത്തിന്റെ ജനാധിപത്യ വേരുകൾ കൂടുതൽ ശക്തമാക്കാൻ ഇതുവഴി സാധിക്കും. ■

കൃഷി മെച്ചപ്പെടുത്താൻ ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുന്നു

# 35 മെച്ചപ്പെട്ട വിളകൾ പോഷകാഹാരക്കുറവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഗുരുതരമായ വെല്ലുവിളികളെ നേരിടുന്നു

ആരോഗ്യം,വ്യവസായം,കൃഷി അങ്ങനെ മേഖലകൾ ഏതുമാകട്ടെ ജീവിതത്തിന്റെ സർവ്വമേഖലകളിലും ശാസത്രത്തിന് പ്രോത്സാഹനം നൽകി കാലഹരണപ്പെട്ട സമ്പ്രദായങ്ങളെ പൊളിച്ചെഴുതി ഭാരതത്തെ സ്വയംപര്യാപ്തമാക്കാനുള്ള ദിശയിൽ അതിവേഗം മുന്നോട്ടു കുതിക്കുകയാണ് കേന്ദ്ര സർക്കാർ.നവീകരണത്തിലൂടെ പുരോഗതി കൈവരിക്കാൻ സാധ്യതകൾ ഏറെയുള്ള മേഖലയാണ് കാർഷിക മേഖല.ബയോഫോർട്ടിഫൈ ചെയ്തതുൾപ്പെടെയുള്ള 70 മെച്ചപ്പെട്ട വിളകൾ ആദ്യം കർഷകർക്ക് നൽകി.ഇപ്പോൾ പ്രത്യേകതകളുള്ള 35 ഇനം വിളകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് നൽകിയിരിക്കുന്നു.ഈ വിളകൾക്ക് പോഷകമൂല്യം കൂടുതലാണ്,ഒപ്പം കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാനുള്ള ശേഷിയുമുണ്ട്.




ഗോവ സ്വദേശിനി ദർശന പണ്ടേക്കർ,കുട്ടി ആയിരുന്നപ്പോൾ കൃഷിയിൽ അച്ഛനെ സഹായിക്കുമായിരുന്നു.പരമ്പരാഗത കൃഷി നൽകുന്ന ലാഭമാണ് ദർശനയെ ഈ മേഖലയിലേക്ക് ആകർഷിച്ചത്.കൊവിഡ് കാരണമുണ്ടായ ലോക്ക്ഡൗൺ ദർശനയെ ബുദ്ധിമുട്ടിലാക്കി.ദർശനക്ക് നല്ല ലാഭം നൽകിയിരുന്ന തേങ്ങ ഉൽപ്പാദനത്തിൽ വലിയ ഇടിവുണ്ടായി.അവസാനം ദർശന തേങ്ങാ സംസ്കരണത്തിലേക്ക് തിരിഞ്ഞു.ഇപ്പോൾ ദർശന തേങ്ങ ഉണക്കി അതിൽ നിന്നും വെളിച്ചെണ്ണ എടുത്ത് വിൽപ്പന നടത്തുന്നു.ഒരു ലിറ്റർ വെളിച്ചെണ്ണക്ക് 300 രൂപയാണ് ഈടാക്കുന്നത്.ഇത് ദർശനക്ക് മികച്ച ലാഭം നൽകി.അതുമാത്രമല്ല ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ചിൽ നിന്നും പരിശീലനം നേടിയ ശേഷം ദർശന തക്കാളി,മുളക് എന്നിവ പുതിയ രീതിയിൽ കൃഷിചെയ്യുന്നു.സ്വന്തമായുള്ള 4 ഏക്കറിൽ ദർശന ബർമീസ് കമ്പോസ്റ്റും നിർമ്മിക്കുന്നു.

പരമ്പരാഗത കൃഷി നൽകുന്നതിനേക്കാൾ ലാഭം ഭക്ഷ്യസംസ്കരണത്തിൽ നിന്നും ലഭിക്കും.ദർശന പറഞ്ഞു.പ്രധാനമന്ത്രിയുടെ കിസാൻ സമ്മാൻ നിധിയും കൃത്യമായ പരിശീലനവും ദർശനക്ക് പുതിയ പാത തുറന്ന് നൽകി.

# 35 പ്രത്യേക ഇനം വിളകൾ

പോഷകാഹാരക്കുറവും കാലാവസ്ഥാ വ്യതിയാനവും ചെറുക്കാനുദ്ദേശിച്ച് കാർഷിക ഗവേഷണ കൗൺസിൽ വികസിപ്പിച്ചിരിക്കുന്നവയാണ് ഈ വിളകൾ.വരൾച്ചയെ ചെറുക്കുന്ന വെള്ളക്കടല,സ്റ്റെറിലിറ്റി മൊസിക് പ്രതിരോധശേഷിയുള്ള വൻപയർ,പെട്ടെന്ന് പാകമാകുന്ന സോയാബീൻ,രോഗങ്ങളെ ചെറുക്കാൻ ശേഷിയുള്ള നെല്ലിനങ്ങൾ,ഗോതമ്പ്,കമ്പു,ചോളം,വെള്ളക്കടല,കിനോവ,കൂടു,ചതുരപയർ,വൻപയർ എന്നിവയുടെ ബയോഫോർട്ടിഫൈ ചെയ്ത വിത്തിനങ്ങൾ തുടങ്ങിയവയാണ് 35 ഇനങ്ങളിൽ ഉൾപ്പെടുന്നത്.

## പ്രധാനമന്ത്രിയുടെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ:

- കഴിഞ്ഞ 6-7 വർഷങ്ങളിലായി കാർഷിക മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.കൂടുതൽ പോഷകഗുണമുള്ള,കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കാൻ ശേഷിയുള്ള വിത്തിനങ്ങളിലാണ് ഞങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്.
- കഴിഞ്ഞ വർഷം കൊറോണക്കിടെ നിരവധി സംസ്ഥാനങ്ങളിൽ വെട്ടുകിളിയുടെ ആക്രമണമുണ്ടായി.ഇതു ചെറുക്കാനായി രാജ്യം വലിയ പരിശ്രമങ്ങൾ നടത്തി.കർഷകർക്ക് വലിയ നഷ്ടങ്ങളുണ്ടാകാതെ നോക്കി.
- ജലസേചനം ഉറപ്പുവരുത്താനായി ഞങ്ങൾ ജലസേചന പദ്ധതികൾ തുടങ്ങി.വർഷങ്ങളായി കെട്ടിക്കിടന്ന 100 ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ നടപടിയെടുത്തു.വിളകളെ രോഗങ്ങളിൽ നിന്നും സംരക്ഷിക്കാനായി പുതിയതരം വിത്തിനങ്ങൾ കർഷകർക്ക് നൽകി.
- താങ്ങുവില ഉയർത്തുകയും സംഭരണം വർദ്ധിപ്പിക്കുകയും ചെയ്തു.റാബി സീസണിൽ 430 ലക്ഷം മെട്രിക് ടണ്ണിലധികം ഗോതമ്പ് സംഭരിച്ചു.
- കർഷകരെ സാങ്കേതികവിദ്യയുമായി ബന്ധിപ്പിക്കാനായി ബാങ്കുകളിൽ നിന്നും അവർക്കുള്ള സഹായം വേഗത്തിലാക്കി.ഇന്ന് കർഷകർക്ക് കാലാവസ്ഥയുടെ വിവരങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭിക്കുന്നു.അടുത്തകാലത്തായി ക്യാംപയിനിലൂടെ 2കോടിയിലധികം കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ലഭിച്ചു.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പുതിയതരം രോഗങ്ങളും കീടങ്ങളും പകർച്ച വ്യാധികളും ഉണ്ടാകുന്നു.ഇത് മനുഷ്യർക്കും മൃഗങ്ങൾക്കും പച്ചക്കറികൾക്കും ഒരേപോലെ ഭീഷണിയാണ്.ഇതിൽ ആഴത്തിലുള്ള ഗവേഷണം നടത്തേണ്ടതുണ്ട്.
- ശാസ്ത്രവും സർക്കാറും സമൂഹവും ഒന്നിച്ച് പ്രവർത്തിച്ചാൽ അതിന്റെ ഫലം മികച്ചതായിരിക്കും.കർഷകരും ശാസ്ത്രജ്ഞരും തമ്മിൽ അത്തരത്തിലുണ്ടാകുന്ന ബന്ധം വെല്ലുവിളികൾ നേരിടാനുള്ള രാജ്യത്തിന്റെ ശക്തി വർദ്ധിപ്പിക്കും.
- വിളകൾക്ക് പുറമെ മറ്റുമേഖലകളിൽ നിന്നും വരുമാനമുണ്ടാക്കാനുള്ള മാർഗം കർഷകർക്കുണ്ട്.
- ശാസ്ത്രത്തിന്റെയും ഗവേഷണത്തിന്റെയും സഹായത്തോടെ ധാന്യത്തിന്റെയും പയറുവർഗങ്ങളുടെയും ഗുണമേൻമ മെച്ചപ്പെടുത്തേണ്ടതുണ്ട്.ആവശ്യങ്ങൾക്കനുസരിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അവ കൃഷി ചെയ്യാൻ കഴിയണം.

ശാസ്ത്രത്തെ കൃഷിയുമായി ബന്ധിപ്പിച്ച് നവീകരണത്തിലൂടെ ഭാരതത്തെ സ്വയംപര്യാപ്തമാക്കാനുള്ള ശ്രമങ്ങളുടെ പ്രതീകമാണ് ദർശന.നവീകരണത്തിന്റെ പാതയിൽ കഴിഞ്ഞ 7 വർഷത്തിൽ വലിയ പുരോഗതിയാണ് രാജ്യം കൈവരിച്ചത്.35 പുതിയ വിത്തിനങ്ങൾ രാജ്യത്തിന് സമർപ്പിച്ചുകൊണ്ട് സെപ്റ്റംബർ 28ന് നടന്ന ചടങ്ങിൽ പ്രധാനമന്ത്രി പറഞ്ഞു,"ശാസ്ത്രവും സർക്കാരും സമൂഹവും ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ അതിന്റെ ഫലം മികച്ചതാകുന്നു.കർഷകരും ശാസ്ത്രജ്ഞരും തമ്മിലുണ്ടാകുന്ന ഈ ബന്ധം പുതിയ വെല്ലുവിളികൾ നേരിടാൻ രാജ്യത്തെ പ്രാപ്തമാക്കും".കാർഷിക ഗവേഷണ കൗൺസിൽ ഏറെ നാളത്തെ ഗവേഷണത്തിനും പഠനത്തിനും ശേഷമാണ് ഈ വിത്തിനങ്ങൾ വികസിപ്പിച്ചത്.റായ്പൂരിൽ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ബയോളജിക്കൽ സ്ട്രെസ് മാനേജ്മെന്റിന്റെ പുതിയ ക്യാംപസ് പ്രധാനമന്ത്രി ഉൽഘാടനം ചെയ്തു.അടിസ്ഥാനപരവും തന്ത്രപ്രധാനവുമായ ഗവേഷണം,മാനവവിഭവശേഷി വികസനം,ബയോളജിക്കൽ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നയരൂപീകരണത്തിൽ സഹായം എന്നിവ ലക്ഷ്യമിട്ടാണ് ഈ സ്ഥാപനം സ്ഥാപിച്ചിരിക്കുന്നത്. ■




**'ഹവായ് ചപ്പൽ' ധരിച്ച വ്യക്തി 'ഹവായി ജഹാസ്(വിമാനം)'ൽ യാത്ര ചെയ്യുന്നതാണ് എന്റെ സ്വപ്നം. സാധാരണക്കാർക്ക് വിമാനയാത്ര പ്രാപ്യമാക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിജ്ഞാബദ്ധതയാണ് അദ്ദേഹത്തിന്റെ ഈ വാക്കുകളിലുള്ളത്. 2500 രൂപക്ക് വിമാനയാത്ര സാധ്യമാക്കുക വഴി ആ സ്വപ്നം അദ്ദേഹം യാഥാർത്ഥ്യമാക്കി.**

ബീഹാറിലെ ദർഭാംഗയിൽ നിന്നും അച്ഛനൊപ്പം വിമാനത്തിൽ യാത്രചെയ്യുന്ന മുകുന്ദ് ഝ,ഒരു ഫോട്ടോ ട്വീറ്റ് ചെയ്ത ശേഷം അടിക്കുറിപ്പായി ഇങ്ങനെ എഴുതി,"എന്റെ അച്ഛനൊപ്പം ഞാൻ ആദ്യമായാണ് വിമാനത്തിൽ യാത്രചെയ്യുന്നത്.ദർഭാംഗയ്ക്ക് വിമാനത്താവളം നൽകിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അഭിനന്ദനങ്ങൾ".മുകുന്ദിന്റെ ട്വീറ്റിന് മറുപടിയായി പ്രധാനമന്ത്രി ഇങ്ങനെ എഴുതി,"വളരെ സന്തോഷം,വിമാനമാർഗമുള്ള കണക്റ്റിവിറ്റിയും വിമാനത്താവളങ്ങളിലെ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുക്കയാണ്.ദർഭാംഗ വിമാനത്താവളം ബീഹാറിന്റെ പുരോഗതിക്ക് മുതൽക്കൂട്ടാവും".

ഉഡാൻ പദ്ധതി രാജ്യത്തെ വിമാനയാത്രയിൽ കൊണ്ടുവന്ന മാറ്റമാണ് ഇത് കാണിക്കുന്നത്.ചെറിയപട്ടണമായ ദർഭാംഗയിൽ പോലും വിമാനത്താവളം വന്നു.ഇന്ന് ഒരു ഡസനിലധികം വിമാനങ്ങൾ ദർഭാംഗയിൽ നിന്നും പറക്കുന്നു. ദർഭാംഗയിൽ നിന്നും നിരവധി സംസ്ഥാനങ്ങളിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുണ്ട്.മിതമായ ചിലവിൽ വിമാനയാത്ര എന്ന സാധാരണക്കാരുടെ സ്വപ്നം ഇതുവഴി യാഥാർത്ഥ്യമായി.ഇപ്പോൾ 2500 രൂപ ചിലവിൽ 500 കിലോമീറ്റർ യാത്രചെയ്യാൻ കഴിയും.അതായത് ഒരു കിലോമീറ്ററിന് ചിലവ് 5 രൂപ.കിലോമീറ്ററിന് 10രൂപ ചിലവാകുന്ന ടാക്സി യാത്രയേക്കാളും കുറവാണിത്.

**ഉഡാൻ പദ്ധതിയുടെ തുടക്കം**

2016ൽ ആദ്യമായി രാജ്യത്ത് സിവിൽ ഏവിയേഷൻ പോളിസി പ്രഖ്യാപിക്കപ്പെട്ടു.ഇതിൽ ഉഡാൻ ആയിരുന്നു ഏറ്റവും ആകർഷകമായത്.ഉഡെ ദേശ് ക ആം നാഗരിക് എന്നതാണ് ഉഡാൻ എന്ന വാക്കിന്റെ പൂർണ്ണരൂപം.സാധാരണക്കാർക്കും വിമാനയാത്ര എന്നാണ് ഇതിന്റെ അർത്ഥം.ഈ ലക്ഷ്യത്തിലാണ് 2016 ഒക്ടോബറിൽ ഉഡാൻ പദ്ധതി ആരംഭിച്ചത്.

# എങ്ങനെയാണ് ഉഡാൻ വ്യോമയാന മേഖലയെ മാറ്റിയത്

### നേരത്തെ

- 2013ൽ രാജ്യത്തെ വിമാനഗതാഗതത്തെപ്പറ്റി വ്യോമയാന മന്ത്രാലയം വിശദമായ പഠനം നടത്തി.തിരഞ്ഞെടുക്കപ്പെട്ട വലിയ നഗരങ്ങളിൽ മാത്രമാണ് വിമാനത്താവളങ്ങൾ ഉള്ളതെന്ന് ഈ പഠനത്തിൽ വ്യക്തമായി.ചെറുകിട ഇടത്തരം പട്ടണങ്ങളിൽ താമസിക്കുന്നവർക്ക് പ്രയോജനങ്ങൾ ലഭിക്കുന്നില്ലെന്നും പഠനം കണ്ടെത്തി.
- വ്യോമമാർഗമുള്ള കണക്റ്റിവിറ്റിയുടെ 65 ശതമാനവും വ്യോമഗതാഗതത്തിന്റെ 61 ശതമാനവും 6 മെട്രോ നഗരങ്ങൾക്കിടയിൽ മാത്രമാണെന്ന് 2015-16ൽ നടത്തിയ പഠനത്തിൽ കണ്ടെത്തി.

### ഇപ്പോൾ

- നേരത്തെ രാജ്യത്തെ 6 പ്രധാന മെട്രോ നഗരങ്ങളിൽ മാത്രമാണ് വ്യോമമാർത്തിലുള്ള കണക്റ്റിവിറ്റി ഉണ്ടായിരുന്നത്.ഇപ്പോൾ വ്യോമഗതാഗതത്തിന്റെ 70ശതമാനവും ചെറുകിട ഇടത്തരം പട്ടണങ്ങളിലേക്ക് മാറി.
- വ്യോമഗതാഗതം വർദ്ധിച്ചതോടെ സേവനദാതാക്കളുടെ പ്രവർത്തന ചിലവിൽ 12-13ശതമാനം കുറവുണ്ടായി.ആഭ്യന്തര വിമാനസർവ്വീസിൽ,ചെറിയപട്ടണങ്ങളിൽ നിന്നുള്ള യാത്രക്കാരിൽ 5 ശതമാനത്തിന്റെ വർദ്ധനയുണ്ടായി.

## മറ്റുമേഖലകൾക്കും പ്രോത്സാഹനം

**ഇതുവഴി കണക്റ്റിവിറ്റിക്കൊപ്പം വിനോദസഞ്ചാരത്തിലും വ്യാപാരത്തിലും വർദ്ധനയുണ്ടായി.തൊഴിലവസരങ്ങളും കൂടുതലായി സൃഷ്ടിക്കപ്പെട്ടു.**





### തൊഴിൽ

വിമാനത്താവള നടത്തിപ്പ്,എയർക്രാഫ്റ്റ് മെയിന്റനൻസ്,വ്യോമ ഗതാഗത നിയന്ത്രണം,സാങ്കേതിക തൊഴിലാളികൾ എന്നീമേഖലകളിൽ പുതിയ തൊഴിലവസരങ്ങളുണ്ടായി.വ്യോമയാന മേഖലയിൽ 100:1 ആണ് തൊഴിലാളി-എയർക്രാഫ്റ്റ് അനുപാതം.അതായത് പുതിയ ഒരു വിമാനം വരുമ്പോൾ 100 പേർക്ക് തൊഴിൽ ലഭിക്കും.

### ബിസിനസ്

അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ഓർഗനൈസേഷന്റെ റിപ്പോർട്ട് പ്രകാരം മെച്ചപ്പെട്ട വിമാന സേവനം സമ്പദ്‌രംഗത്തിന് 3 ശതമാനവും തൊഴിലവസരങ്ങൾക്ക് 6 ശതമാനവും വളർച്ച നൽകും.ഉഡാൻ പദ്ധതി രാജ്യത്തെ ചെറിയ പട്ടണങ്ങളുടെ വ്യാപാരത്തിലും വർദ്ധനയുണ്ടാക്കി.ഉദാഹരണത്തിന് അഹമ്മദാബാദ്-കിഷൻഗഡ്,ഇൻഡോർ-കിഷൻഗഡ്,ഡൽഹി-കിഷൻഗഡ്,ഹൈദരാബാദ്-കിഷൻഗഡ് റൂട്ടുകൾ ഉഡാൻ പദ്ധതിയിലുണ്ട്.ഇത് കിഷൻഗഡിലെ വ്യാപാരത്തിൽ 3 ഇരട്ടി വർദ്ധനയുണ്ടാക്കി.

### വിനോദസഞ്ചാരം



വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് 46 പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തി.ആഗ്ര,ഉദയ്പൂർ,വാരാണസി,ഗോവ,അഗർത്തല-എയ്സ്വാൾ,ഷില്ലോങ്-കൊൽക്കത്ത,ഗുവാഹത്തി-പെക്യോങ്,ദിമാപൂർ-ഇംഫാൽ എന്നീ റൂട്ടുകൾ ഉഡാൻ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തി.ഏകതാപ്രതിമ നിലനിൽക്കുന്ന സ്ഥലത്ത് സബർമതി നദിയിൽ ജലാശയ വിമാനത്താവളം ആരംഭിച്ചു.ഉത്തരാഖണ്ഡിലെ തെരി ഡാം,തെലങ്കാനയിലെ നാഗാർജ്ജുന സാഗർ,ആൻഡമാൻ-നിക്കോബാർ എന്നിവിടങ്ങളിലും ജലാശയ വിമാനത്താവളങ്ങൾ നിർമ്മിച്ചു വരുന്നു.

2017 ഏപ്രിൽ ഉഡാൻ പദ്ധതിക്ക് കീഴിലെ ആദ്യ വിമാന സർവ്വീസായ ഷിംല-ഡൽഹി സർവ്വീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്തു.ചെറുകിട ഇടത്തരം പട്ടണങ്ങളെ വലിയ നഗരങ്ങളുമായി ബന്ധിപ്പിക്കുക എന്നതാണ് ഉഡാൻ പദ്ധതിയുടെ ലക്ഷ്യം.ഉഡാൻ പദ്ധതിക്ക് കീഴിൽ വിമാനത്തിലെ 1 മണിക്കൂർ യാത്രക്കും ഹെലികോപ്റ്ററിലെ അരമണിക്കൂർ യാത്രക്കും(500 കിലോമീറ്ററിന്)2500 രൂപയാണ് ചാർജ്.

ഈ പദ്ധതിയിൽ വിമാന റൂട്ടുകൾക്കായി സേവനദാതാക്കൾ ലേലം വിളിക്കുന്നു.ഏറ്റവും കുറഞ്ഞ ലേലത്തുക ഉള്ള കമ്പനിക്ക് കരാർ നൽകുന്നു.ആകെയുള്ള സീറ്റുകളിൽ പകുതി/ഏറ്റവും കുറഞ്ഞത് 9/പരമാവധി 40, സീറ്റുകളിൽ വിമാനക്കമ്പനി ഈ തുക ഈടാക്കണം.

# പുതിയ അധ്യായത്തിന്റെ തുടക്കം

- ഉഡാൻ 1,ഉഡാൻ 2,ഉഡാൻ 3,ഉഡാൻ 3.1,ഉഡാൻ 4,ഉഡാൻ 4.1 എന്നിവക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്.പദ്ധതിക്ക് കീഴിൽ 70 വിമാനത്താവളങ്ങളെ തിരഞ്ഞെടുത്തു.നിലവിൽ 53 വിമാനത്താവളങ്ങളിൽ നിന്നായി 369 റൂട്ടുകളിൽ സർവ്വീസ് നടക്കുന്നു.ഇതിൽ 5 ഹെലികോപ്റ്ററുകളും 2 ജലാശയവിമാനത്താവളങ്ങളും ഉൾപ്പെടുന്നു. ഹെലികോപ്റ്ററുകളെയും സീ പ്ലെയിനുകളെയും ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഉഡാൻ പദ്ധതിക്ക് കീഴിൽ 11 സേവനദാതാക്കൾ കുറഞ്ഞ നിരക്കിലുള്ള ടിക്കറ്റുകൾ നൽകുന്നു.സെപ്റ്റംബർ 23 വരെ 1,43,361 വിമാനങ്ങൾ ഉഡാൻ പദ്ധതിക്ക് കീഴിൽ സർവ്വീസ് നടത്തിയിട്ടുണ്ട്.ഇതുവരെ 1341 കോടി രൂപ സർക്കാർ ഇതിനായി സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്,ഈ സബ്സിഡിയാണ് യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലഭ്യമാക്കുന്നത്.



## ഭാവിയുടെ വിമാനം..........

- ഉഡാൻ പദ്ധതിക്ക് കീഴിൽ ഇതുവരെ 72 ലക്ഷം ആളുകൾ വിമാനയാത്ര നടത്തിയിട്ടുണ്ട്.അതുവഴി രാജ്യത്തെ ആഭ്യന്തര യാത്രക്കാരിൽ ചെറുകിട ഇടത്തരം പട്ടണങ്ങളിലെ വിമാനത്താവളങ്ങളിൽ നിന്നുള്ള യാത്രക്കാരുടെ പങ്കാളിത്തം 5 ശതമാനം വർദ്ധിച്ചു.
- 2024ഓടെ 100 അധിക വിമാനത്താവളങ്ങളും 1000 പുതിയ റൂട്ടുകളും ഉഡാൻ പദ്ധതിക്ക് കീഴിൽവരും.30 ഹെലിപോർട്ടുകളും 10ജലാശയവിമാനത്താവളങ്ങളും ആരംഭിക്കും.വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ 10 വിമാനത്താവളങ്ങൾ ആരംഭിക്കും.
- സന്തുലിതമായ പ്രാദേശിക വികസനത്തിന്റെ ഭാഗമായി രാജ്യത്തിന്റെ 5 ജിയോഗ്രഫിക്കൽ മേഖലകളിൽ തുല്യമായാണ് വിമാന സർവ്വീസുകൾ ആരംഭിക്കുക.
- കൃഷി ഉഡാൻ യോജനക്ക് കീഴിൽ കാർഷിക ഉൽപ്പന്നങ്ങൾ വിമാനമാർഗം കൊണ്ടുപോകുന്നതിനുള്ള ക്രമീകരണമുണ്ടാക്കും.ഇത് വടക്ക് കിഴക്കൻ മേഖലക്കും പിന്നാക്ക ജില്ലകൾക്കും വലിയ പ്രയോജനം ചെയ്യും..

കുറഞ്ഞ നിരക്കിൽ ടിക്കറ്റുകൾ കൊടുക്കുന്നത് കാരണം വിമാനകമ്പനികൾക്കുണ്ടാവുന്ന നഷ്ടം വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് രീതിയിലൂടെ സർക്കാർ നികത്തുന്നു.ഉഡാൻ വിമാനങ്ങൾക്കുള്ള വിമാനത്താവള ഫീസ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഒഴിവാക്കി നൽകിയിട്ടുണ്ട്.അതേസമയം തന്നെ സംസ്ഥാന സർക്കാറുകൾ സുരക്ഷ,വൈദ്യുതി,അഗ്നിശമന സൗകര്യങ്ങൾ സൗജന്യമായി നൽകുന്നു.വളരെ സാധാരണ സാഹചര്യത്തിൽ നിന്നും രാജ്യത്തിന്റെ പ്രധാനമന്ത്രി പദത്തിലേക്ക് ഉയർന്ന വ്യക്തിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി.അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ എല്ലാ നയങ്ങളിലും സാധാരണക്കാർക്ക് അതീവ പ്രാധ്യാന്യം നൽകുന്നു.അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി രാജ്യത്തെ മധ്യവർഗത്തിന് വിമാനയാത്ര എന്ന സ്വപ്നം യാഥാർത്ഥ്യമായി.പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു,"ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന വ്യോമയാന വിപണിയാവാൻ രാജ്യത്തെ ഉഡാൻ പദ്ധതി സഹായിച്ചു". ■

# മാതൃരാജ്യം അവർക്ക് പരമപ്രധാനമായിരുന്നു

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഒരു മുന്നേറ്റം മാത്രമായിരുന്നില്ല.കോളനിവാഴ്ച്ചക്കെതിരെ ലക്ഷക്കണക്കിന് ആളുകൾ ഒറ്റക്കെട്ടായി അണിനിരന്ന ചരിത്രത്തിലെ അസാധാരണ സംഭവമായിരുന്നു.മതം,ജാതി,വേഷം,ഭാഷ തുടങ്ങിയ ചിന്തകളെല്ലാം മാറ്റിവച്ച് മാതൃരാജ്യത്തെ ഏറ്റവും മുകളിലായി കണ്ട് ജനങ്ങൾ പോരാടി.സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിൽ രാജ്യം അമൃത് മഹോത്സവം ആഘോഷിക്കുന്ന ഈ വേള,രാജ്യത്തിനായി സർവ്വവും ത്യജിച്ച നമ്മുടെ ധീര ദേശാഭിമാനികളെ ഓർക്കാനും അവരുടെ വീരകഥകൾ വരുംതലുമുറക്ക് പകർന്നുകൊടുക്കാനുമുള്ള അവസരമാണ്...



"രാജ്യം സ്വാതന്ത്ര്യദിനത്തിന്റെ അമൃത് മഹോത്സവം ആഘോഷിക്കുന്ന വേളയിൽ,നാമെല്ലാവരും ആവേശത്തോടെ ഈ ആഘോഷത്തിൽ പങ്കെടുക്കണം.നമ്മുടെ നിർണ്ണയങ്ങൾ നടപ്പിൽ വരുത്തണം.ഇത് നമ്മുടെ കടമയാണ്.രാജ്യത്തിന്റെ സ്വാതന്ത്ര്യസമരം പോലെ,നിങ്ങൾ ചെയ്യുന്നതെന്തും തീർച്ചയായും അമൃതത്തിന്റെ ഒരു തുള്ളിപോലെ പരിപാവനമായിരിക്കും,നിരവധി ഭാരതീയരുടെ പരിശ്രമത്താൽ നിർമ്മിച്ച ഈ അമൃത കുംഭം വരാനിരിക്കുന്ന വർഷങ്ങളിൽ ഉത്സാഹമുണർത്തും.

പ്രധാനമന്ത്രി,നരേന്ദ്ര മോദി

ഒക്ടോബർ 16 ഭാരതത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ദിവസമാണ്.അന്നാണ് ബംഗാളിനെ വിഭജിക്കാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചത്.ഇത് ബാങ്-ബംഗ എന്നും അറിയപ്പെടുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെ ഉയർന്നുവരുന്ന രാഷ്ട്രീയ വിദ്വേഷത്തെ അടിച്ചമർത്തുക,വിഭജിച്ചു ഭരിക്കുക എന്ന നയത്തിന്റെ ഭാഗമായി വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തുക എന്നിവയായിരുന്നു ബംഗാൾ വിഭജനത്തിലൂടെ കഴ്സൺ ലക്ഷ്യമിട്ടത്.ബംഗാൾ മാത്രമല്ല രാജ്യം മുഴുവനും ഈ തീരുമാനത്തെ ശക്തമായി എതിർത്തു.ബംഗാൾ വിഭജന ശ്രമം രാജ്യത്തെ സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്തുകയും 1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യലബ്ധിയിലേക്ക് വഴിയൊരുക്കുകയും ചെയ്തു.ബംഗാൾ വിഭജനം എങ്ങനെയാണോ രാജ്യത്തെ ഏകീകരിക്കുകയും സ്വദേശി വികാരം ജനങ്ങളിൽ ശക്തമാക്കുകയും ചെയ്തത്,സമാനമായി സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിൽ "ഭാരത് ജോഡോ"എന്ന മുദ്രാവാക്യവുമായി രാജ്യം മുന്നോട്ട് കുതിക്കുകയാണ്.

അമൃത് മഹോത്സവത്തിന്റെ ഈ പരമ്പരയിൽ രാജ്യത്തിന് വേണ്ടി ജീവൻ ബലിനൽകിയ മഹത്‌വ്യക്തികളുടെ ധീരകഥകളാണ് ഞങ്ങൾ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നത്....

## നിർമ്മല ദേശ്പാണ്ഡെ:ഗാന്ധിയൻ ആശയങ്ങൾ പിന്തുടർന്ന പ്രശസ്ത യായ സാമൂഹിക പ്രവർത്തക

**ജനനം: 19 ഒക്ടോബർ 1929, മരണം: 1 മെയ് 2008**

പ്രമുഖ ഗാന്ധിയൻ,ചിന്തക,എഴുത്തുകാരി,രാജ്യസഭാഗം എന്നീ വിശേഷണങ്ങളുള്ള നിർമ്മല ദേശ്പാണ്ഡെ വിനോഭ ഭാവെയുടെ ഭൂദാന മുന്നേറ്റത്തിന്റെ സജീവപ്രവർത്തകയായിരുന്നു.23-ാം വയസ്സിൽ മുന്നേറ്റത്തിന്റെ ഭാഗമായി നിർമ്മല വിനോഭ ഭാവെക്കൊപ്പം രാജ്യത്തങ്ങോളമിങ്ങോളം 40000 കിലോമീറ്റർ സഞ്ചരിച്ചു.നാഗ്പൂരിൽ വിമലയുടെയും പുരുഷോത്വം ദേശ്പാണ്ഡെയുടെയും മകളായി ജനിച്ച നിർമ്മല സാമൂഹിക സേവനത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി ജീവിതം മാറ്റിവച്ചു.ജീവിതം മുഴുവനും സമാധാനത്തിനും അഹിംസക്കുമായാണ് അവർ നിലകൊണ്ടത്.ഗാന്ധിയൻ ആദർശങ്ങൾ ശക്തമായി പിന്തുടർന്ന അവർ മികച്ച ഒരു എഴുത്തുകാരിയും ആയിരുന്നു.അവിവാഹിതയായ അവർ 2 തവണ രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു.പദ്മവിഭൂഷൺ നൽകി രാജ്യം അവരെ ആദരിച്ചു.



**ജീവിതം മുഴുവനും സമാധാനത്തിനും അഹിംസക്കുമായി നിലകൊണ്ട വ്യക്തിത്വമാണ് നിർമ്മല ദേശ്പാണ്ഡെ**

## കിറ്റൂരിലെ റാണി ചെന്നമ്മ : ബ്രിട്ടീഷ് ഭരണകൂടത്തെ വിറപ്പിച്ച ധീരവനിത

**ജനനം: 23 ഒക്ടോബർ 1778 മരണം: 21 ഫെബ്രുവരി 1829**

1857ലെ ഭാരതത്തിന്റെ ഒന്നാം സ്വാതന്ത്ര്യസമരത്തിനും 33 വർഷങ്ങൾക്ക് മുമ്പെ ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച ധീരവനിതയാണ് കിറ്റൂരിലെ റാണി ചെന്നമ്മ.ഇക്കാരണത്താൽ അവർ ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെ 'മോർണിംഗ് സ്റ്റാർ'എന്നും അറിയപ്പെടുന്നു.1778 ഒക്ടോബർ 23ന് ബെൽഗാവിയിലെ കകതി ഗ്രാമത്തിലായിരുന്നു നിലവിൽ കർണ്ണാടകയിലുള്ള കിറ്റൂർ എന്ന നാട്ടുരാജ്യത്തെ രാജ്ഞിയായിരുന്ന ചെന്നമ്മയുടെ ജനനം.ദേശായി വംശത്തിലെ രാജാവ് മല്ലശരാജയെ വിവാഹം കഴിച്ചതോടെയാണ് ചെന്നമ്മ കിറ്റൂരിലെ രാജ്ഞിയായത്.1824ൽ രാജാവ് മരിച്ചു.അതേവർഷം തന്നെ അവരുടെ ഏകമകനും മരിച്ചു.തുടർന്ന് ശിവലിംഗപ്പയെ ദത്തെടുത്ത റാണി അദ്ദേഹത്തെ പിന്തുടർച്ചാവകാശിയായി പ്രഖ്യാപിച്ചു.ഇതിൽ കുപിതരായ ബ്രിട്ടീഷ് ഭരണകൂടം ശിവലിംഗപ്പയെ പുറത്താക്കാൻ ഉത്തരവിട്ടു.പിന്തുടർച്ചാവകാശികളില്ലാത്ത നാട്ടുരാജ്യങ്ങളെ പിടിച്ചെടുക്കുന്ന ബ്രിട്ടീഷ് നയം നടപ്പാക്കാൻ ലക്ഷ്യമിട്ടായിരുന്നു ഈ നടപടി.മക്കളില്ലാതെ ഭരണാധികാരികൾ മരിച്ചാൽ രാജ്യത്തിന്റെ പരമാധികാരം നഷ്ടമാകും എന്നതായിരുന്നു ആ നയം.ബ്രിട്ടീഷ് തീരുമാനം അംഗീകരിക്കാതെ റാണി ചെന്നമ്മ അവരോട് യുദ്ധം ചെയ്തു.യുദ്ധത്തിൽ പരാജയപ്പെട്ട റാണിയെ ബ്രിട്ടീഷുകാർ തടവിലാക്കി.1829 ഫെബ്രുവരി 21ന് തടവിൽ റാണി അന്തരിച്ചു.



**ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന്റെ 'മോർണിംഗ് സ്റ്റാർ' എന്നാണ് ചെന്നമ്മ അറിയപ്പെടുന്നത്.**

## ആചാര്യ നരേന്ദ്ര ദേവ:ആദർശത്തിന്റെയും ലാളിത്യത്തിന്റെയും പ്രതിരൂപം

**ജനനം: 31 ഒക്ടോബർ 1889**
**മരണം: 19 ഫെബ്രുവരി 1956**

പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും പണ്ഡിതനും വിദ്യാഭ്യാസ വിദഗ്ധനും സാമൂഹിക നേതാവും സാഹിത്യകാരനുമായിരുന്നു ആചാര്യ നരേന്ദ്ര ദേവ.1889 ഒക്ടോബർ 31ന് ഉത്തർ പ്രദേശിലെ സീതാപൂരിലാണ് ആചാര്യയുടെ ജനനം.അച്ഛൻ ബൽദേവ് പ്രസാദ് അമ്മ ജവഹർ ദേവി.കാശി വിദ്യാപീഠത്തിൽ ചേർന്നതോടെയാണ് ആചാര്യ എന്ന വിശേഷണം അദ്ദേഹത്തിന് ലഭിച്ചത്.മഹാത്മാഗാന്ധിയുടെ ആഹ്വാനം സ്വീകരിച്ച് നിസ്സഹകരണപ്രസ്ഥാനം,ഉപ്പു സത്യാഗ്രഹം,ക്വിറ്റ് ഇന്ത്യ എന്നീ മുന്നേറ്റങ്ങളുടെ ഭാഗമായ ആചാര്യ നിരവധി തവണ അറസ്റ്റിലായി.തികഞ്ഞ സത്യാഗ്രഹി ആയ അദ്ദേഹത്തെ ശ്രേഷ്ഠമായ വ്യക്തിത്വമെന്നാണ് ഗാന്ധിജി വിശേഷിപ്പിച്ചത്.അലഹബാദിലെ താമസക്കാലത്ത് ബാല ഗംഗാധര തിലകൻ,ലാലാ ലജപത് റായ്,ബിപിൻ ചന്ദ്ര പാൽ,അരൊബിന്ദൊ ഘോഷ് എന്നീ നേതാക്കൾ അദ്ദേഹത്തിന്റെ മാതൃകാപുരുഷൻമാർ ആയിരുന്നു.വന്ദെ മാതരം,ആര്യ എന്നീ വർത്തമാന പത്രങ്ങളുടെ സ്ഥിരം വായനക്കാരനായിരുന്നു അദ്ദേഹം.സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും അദ്ദേഹം രാഷ്ട്രസേവനത്തിൽ മുഴുകി.1948ൽ ഉത്തർ പ്രദേശ് നിയസഭയിൽ നിന്നും രാജിവച്ച ആചാര്യ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു.സമരത്തിന്റെയും രാഷ്ട്രസേവനത്തിന്റെയും ത്യാഗോജ്ജലമായ ജീവിതമായിരുന്നു ആചാര്യയുടെത്.1956 ഫെബ്രുവരി 19ന് അദ്ദേഹം അന്തരിച്ചു.

## ജതിൻ ദാസ്-ബ്രിട്ടീഷ് ഭരണകൂടത്തിന്റെ അടിത്തറ ഇളക്കിയ യുവ ദധീചി

**ജനനം: 27 ഒക്ടോബർ 1904, മരണം: 13 സെപ്റ്റംബർ 1929**



സ്വാതന്ത്ര്യസമരത്തിനിടെ നിരവധി തവണ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ അടിത്തറ ഇളക്കിയ വിപ്ലവകാരിയാണ് ജതീന്ദ്രനാഥ് ദാസ്.അദ്ദേഹം ബലിദാനി ആയപ്പോൾ സുഭാഷ് ചന്ദ്ര ബോസ് പറഞ്ഞു,"ഇന്ദ്രന് വജ്രായുധമുണ്ടാക്കാൻ അസ്ഥി നൽകിയ ദധീചി മഹർഷിയെ പോലെയാണ് ജതിന്റെയും ബലിദാനം".1904 ഒക്ടോബർ 27ന് കൊൽക്കത്തയിൽ ഒരു സാധാരണ കുടുംബത്തിലായിരുന്നു ജതീന്ദ്രനാഥ ദാസിന്റെ ജനനം.അച്ഛൻ ബങ്കിം ബിഹാരി ദാസ് അമ്മ സുഹാസിനി ദേവി.മഹാത്മാഗാന്ധിയുടെ ആഹ്വാനം സ്വീകരിച്ച് നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത ജതീന്ദ്രനാഥ് നിരവധി തവണ അറസ്റ്റിലായി.പിന്നീട് വിപ്ലവകാരി സചീന്ദ്ര നാഥ് സന്യാലിനെ പരിചയപ്പെട്ട അദ്ദേഹം ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന വിപ്ലവസംഘടനയുടെ ഭാഗമായി.വിപ്ലവപ്രവർത്തനങ്ങളുടെ ഭാഗമായി അദ്ദേഹം ബോംബ് നിർമ്മിക്കാൻ പഠിച്ചു.1928ലെ കൊൽക്കത്ത കോൺഗ്രസ് സമ്മേളനകാലത്ത് അദ്ദേഹം സുഭാഷ് ചന്ദ്ര ബോസിന്റെ സഹായി ആയി പ്രവർത്തിച്ചു.പിന്നീട് ഭഗത് സിങിന്റെ ആവശ്യപ്രകാരം ബോംബ് നിർമ്മിക്കാനായി ആഗ്രയിലേക്ക് പോയി.ഡൽഹി സെൻട്രൽ അസംബ്ലിയിൽ ഭഗത് സിങും ബടുകേശ്വർ ദത്തും എറിഞ്ഞ ബോംബുകൾ നിർമ്മിച്ചത് ജതീന്ദ്രനാഥ് ദാസ് ആണെന്ന് വിശ്വസിക്കപ്പെടുന്നു.ലാഹോർ ഗൂഢാലോചന കേസിൽ അറസ്റ്റിലായ അദ്ദേഹം തടവ് ശിക്ഷക്ക് വിധിക്കപ്പെട്ടു.ജയിലുകളിൽ രാഷ്ട്രീയ തടവുകാരുടെ അവസ്ഥ കണ്ട അദ്ദേഹം അവർക്കും യൂറോപ്യൻ തടവുകാരുടെ സൗകര്യങ്ങൾ നൽകണമെന്ന് ആവശ്യമുന്നയിച്ചു.ഇതിനായി ലാഹോർ ജയിലിൽ അദ്ദേഹം ഉപവാസ സമരം ആരംഭിച്ചു.ഈ സമരം 63 ദിവസം നീണ്ടു.ഉപവാസ സമരത്തിനിടെ ജതീന്ദ്രനാഥ് ദാസിനെ ഭക്ഷണം കഴിപ്പിക്കാനായി ബ്രിട്ടീഷ് അധികാരികൾ നിരവധി ശ്രമങ്ങൾ നടത്തിയെങ്കിലും പരാജയപ്പെട്ടു.ഉപവാസത്തിന്റെ 63-ാം ദിവസം സെപ്റ്റംബർ 13ന്,25-ാം വയസ്സിൽ അദ്ദേഹം രാജ്യത്തിനുവേണ്ടി ജീവൻ ബലിനൽകി.

**63 ദിവസം നീണ്ട ഉപവാസ സമരത്തിനൊടുവിൽ 25-ാം വയസ്സിൽ രാജ്യത്തിനായി അദ്ദേഹം സ്വജീവിതം ബലിനൽകി**

## അഷ്ഫഖുള്ള ഖാൻ-ബ്രിട്ടീഷുകാരുടെ മൂക്കിന് താഴെനിന്നും ഖജനാവ് കൊള്ളയടിച്ച ധീരനായകൻ

**ജനനം: 22 ഒക്ടോബർ 1900, മരണം: 19 ഡിസംബർ 1927**



1900 ഒക്ടോബർ 22ന് ഉത്തർ പ്രദേശിലെ ഷഹ്ജഹാൻപൂരിലാണ് അഷ്ഫഖുള്ള ഖാന്റെ ജനനം.കകോരി സംഭവത്തിൽ പ്രധാന പങ്കുവഹിച്ച ഉറുദു കവിയായ ഖാൻ റാം പ്രസാദ് ബിസ്മിലിന്റെ അടുത്ത സുഹൃത്തായിരുന്നു.27-ാമത്തെ വയസ്സിൽ സ്വന്തം രാജ്യത്തിന് വേണ്ടി പുഞ്ചിരിയോടെ കൊലക്കയർ ഏറ്റുവാങ്ങിയ ധീര വിപ്ലവകാരികളിൽ ഒരാളാണ് അഷ്ഫഖുള്ള ഖാൻ.അദ്ദേഹം മഹാത്മാ ഗാന്ധി ആരംഭിച്ച നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു.ചൗരി ചൗരയിൽ സ്വാതന്ത്ര്യസമര സേനാനികളും പോലീസുകാരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 22 പോലീസുകാരും 3 സമരക്കാരും മരിച്ചതോടെ ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവച്ചു.1922 ഫെബ്രുവരി 4നായിരുന്നു ഈ സംഭവം.ഗാന്ധിജിയുടെ തീരുമാനത്തിൽ ഖാൻ അസ്വസ്ഥനായിരുന്നു.3 വർഷത്തിന് ശേഷം ചന്ദ്ര ശേഖർ ആസാദിന്റെ നേതൃത്വത്തിൽ വിപ്ലവകാരികളുടെ ഒരു സുപ്രധാന യോഗം നടന്നു.ബ്രിട്ടീഷ് സർക്കാർ പണം കൊണ്ടുപോകുന്ന ഷഹരൻപൂർ-ലഖ്നൗ പാസഞ്ചർ തീവണ്ടി കൊള്ളയടിക്കാനായിരുന്നു പദ്ധതി.1925 ആഗസ്റ്റ് 9ന് അഷ്ഫഖുള്ള ഖാൻ അടങ്ങുന്ന ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ സംഘടന പ്രവർത്തകർ പ്രശസ്തമായ കകോരി തീവണ്ടി കൊള്ളയടി വിജയകരമായി നടപ്പിലാക്കി.സംഭവത്തിന് ശേഷം അദ്ദേഹം ദീർഘനാൾ ഒളിവിലായിരുന്നു.ഖാന്റെ സഹപാഠിയാണ് അദ്ദേഹത്തെ പോലീസിന് ഒറ്റുകൊടുക്കുന്നത്.1926 മെയ് 21നാണ് കകോരി തീവണ്ടി കൊള്ളയടി വിചാരണ ആരംഭിച്ചത്.1927 ജൂലായ് മാസത്തിൽ വിധി പ്രസ്താവിച്ചു.റാം പ്രസാദ് ബിസ്മിൽ,അഷ്ഫഖുള്ള ഖാൻ,ഠാക്കൂർ റോഷൻ സിങ്,രാജേന്ദ്ര ലഹ്റി എന്നിവർക്ക് വധശിക്ഷ വിധിച്ചു.1927 ഡിസംബർ 19ന് 4പേരെയും ഖോരഖ്പൂർ ജയിലിൽ തൂക്കിലേറ്റി.

**27-ാമത്തെ വയസ്സിൽ ഒരു പുഞ്ചിരിയോടെ സ്വന്തം ജീവിതം ബലി നൽകിയ മഹാൻ.**

# ഭാരതത്തിനായി ജീവിതം സമർപ്പിച്ച സിസ്റ്റർ നിവേദിത

**ജനനം: 28 ഒക്ടോബർ 1867, മരണം: 13 ഒക്ടോബർ 1911**



അയർലണ്ടുകാരിയായ മാർഗരറ്റ് എലിസബത്ത് നോബിൾ എന്ന സിസ്റ്റർ നിവേദിത സ്വാമി വിവേകാനന്ദന്റെ ശിഷ്യയായിരുന്നു.വടക്കൻ അയർലണ്ടിലെ ടൈറോണിൽ 1867 ഒക്ടോബർ 28നായിരുന്നു നിവേദിതയുടെ ജനനം.ദൈവത്തിനായി സമർപ്പിക്കപ്പെട്ടവൾ എന്ന അർത്ഥമുള്ള നിവേദിത എന്ന പേര് അവർക്ക് നൽകിയത് സ്വാമി വിവേകാനന്ദനാണ്.സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി സമർപ്പിക്കപ്പെട്ടവൾ എന്ന അർത്ഥവും നിവേദിത എന്ന പേരിനുണ്ട്.ഭാരതീയ സംസ്കാരത്തിൽ ആകൃഷ്ടയായ അവർ ഭാരതത്തെ അവരുടെ കർമ്മഭൂമിയാക്കി മാറ്റുകയും മാതൃരാജ്യമായി സ്വീകരിക്കുകയും ചെയ്തു.ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി പോരാടുന്നവരെ ശക്തമായി പിന്തുണച്ച അവർ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു.രബീന്ദ്രനാഥ ടഗോർ,ജഗദീഷ് ചന്ദ്ര ബസു,അബീന്ദ്രനാഥ് ടഗോർ,നന്ദലാൽ ബോസ് എന്നിവരുമായും അവർക്ക് പരിചയമുണ്ടായിരുന്നു.ബ്രിട്ടീഷ് ഗൂഢാലോചനയെക്കുറിച്ച് അരൊബിന്ദൊ ഘോഷിനോട് പറയുകയും പോണ്ടിച്ചേരിയിലേക്ക് പോകാൻ അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തത് സിസ്റ്റർ നിവേദിതയാണെന്ന് വിശ്വസിക്കപ്പെടുന്നു.ഭാരതത്തിന്റെ കാഴ്ച്ചപ്പാടിലൂടെയുള്ള ചരിത്ര രചനക്കായി രൊമേഷ് ചന്ദർ ദത്തിനെയും ജതുനാഥ് സർക്കാറിനെയും പ്രചോദിപ്പിച്ചത് സിസ്റ്റർ നിവേദിതയാണ്.സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് അവർ വലിയ പ്രാധാന്യം നൽകിയിരുന്നു.കൊൽക്കത്തിൽ പെൺകുട്ടികൾക്ക് മാത്രമായി അവർ ഒരു സ്കൂൾ ആരംഭിച്ചു.സ്വാമി വിവേകാനന്ദന്റെ ഗുരു രാമകൃഷ്ണ പരമഹംസരുടെ ജീവിതസഖി ശാരദാ മാതാവാണ് നിവേദിത സ്കൂൾ ഉൽഘാടനം ചെയ്തത്.സിസ്റ്റർ നിവേദിതയിൽ നിന്നും പ്രചോദമുൾക്കൊണ്ട കേന്ദ്രസർക്കാർ ബേട്ടി ബച്ചാവോ-ബേട്ടി പഠാവോ ക്യാംപയിൻ നടത്തുന്നു.മികച്ച എഴുത്തുകാരിയായിരുന്ന നിവേദിത ഭാരതീയർക്കിടയിൽ ദേശീയ അവബോധം ഉണർത്തുന്നതിനായി നിരവധി പുസ്തകങ്ങൾ എഴുതി.

**പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് സിസ്റ്റർ നിവേദിത വലിയ പ്രാധാന്യം നൽകിയിരുന്നു.**

# ബീഹാർ കേസരി ഡോ.ശ്രീ കൃഷ്ണ സിങ്- സാമൂഹിക നീതിയുടെ പ്രതീകം

**ജനനം: 21 ഒക്ടോബർ 1887, മരണം: 31 ജനുവരി 1961**



പ്രമുഖ ഗാന്ധിയനായ ശ്രീ കൃഷ്ണ സിങ് സ്വാതന്ത്ര്യസമര സേനാനി മാത്രമല്ല,ആധുനിക ബീഹാറിന്റെ ശിൽപ്പിയുമാണ്.ബീഹാർ കേസരി,ബീഹാർ വിഭൂതി,ശ്രീബാബു തുടങ്ങിയ അദ്ദേഹത്തിന്റെ വിശേഷണങ്ങൾ ജനങ്ങൾ അദ്ദേഹത്തിന് നൽകിയിരുന്ന സ്നേഹത്തിന്റെ തെളിവാണ്.നവാഡ ജില്ലയിലെ ഖൻവ ഗ്രാമത്തിലാണ് അദ്ദേഹത്തിന്റെ ജനനം.5 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ അമ്മ മരിച്ചു.മഹാത്മാഗാന്ധിയുടെ ആഹ്വാന പ്രകാരം രാഷ്ട്രീയത്തിലേക്ക് വന്ന അദ്ദേഹം വളരെ ചെറിയ പ്രായത്തിൽ തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി.ബനാറസിൽ സെൻട്രൽ ഹിന്ദു കോളേജിൽ വച്ചാണ് അദ്ദേഹം ഗാന്ധിജിയെ കാണുന്നത്.1917ൽ ഗാന്ധിജി ചമ്പാരൻ സത്യാഗ്രഹം ആരംഭിച്ചപ്പോൾ ശ്രീ കൃഷ്ണ സിങ് ആണ് കർഷകരെ നയിച്ചത്.1921ൽ ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ അഭിഭാഷക വൃത്തി ഉപേക്ഷിച്ച കൃഷ്ണ സിങ് സ്വാതന്ത്ര്യസമരത്തിൽ സജീവ പങ്കാളിയായി.1930ലെ ഉപ്പുസത്യാഗ്രഹത്തിലും അദ്ദേഹം സജീവമായി പങ്കെടുത്തു.സിവിൽ നിയമ ലംഘന മുന്നേറ്റത്തിൽ പങ്കെടുത്തതിന് 1933ൽ അദ്ദേഹം അറസ്റ്റിലായി.1941ലെ സത്യാഗ്രഹ സമയത്ത് ബിഹാറിലെ ആദ്യ സത്യാഗ്രഹി ആയി കൃഷ്ണ സിങിനെയാണ് ഗാന്ധിജി നിർദ്ദേശിച്ചത്.1942ലെ ക്വിറ്റ് ഇന്ത്യ മുന്നേറ്റ സമയത്തും അദ്ദേഹം അറസ്റ്റിലായി.സാമൂഹിക നീതിക്കായി ജീവിതം മുഴുവനും അദ്ദേഹം സമരം ചെയ്തു.ബീഹാർ മുഖ്യമന്ത്രി ആയിരിക്കെ ജമീന്ദാരി സംവിധാനം അദ്ദേഹം അവസാനിപ്പിച്ചു.ദിയോഗറിലെ ബൈദ്യനാഥ ക്ഷേത്രത്തിൽ ദളിതരെ പ്രവേശിപ്പിക്കാനുള്ള മുന്നേറ്റത്തിനും അദ്ദേഹം നേതൃത്വം നൽകി.അദ്ദേഹത്തിന്റെ പരിശ്രമഫലമായി ക്ഷേത്രത്തിൽ ദളിതർക്ക് പ്രവേശനം ലഭിച്ചു.

**സിവിൽ നിയമ ലംഘന മുന്നേറ്റത്തിനിടെ അറസ്റ്റിലായി**



**Narendra Modi** @narendra...
India is using technology in every sphere of governance and healthcare is no exception.

Be it Aarogya Setu or CoWin, technology has been of great help in fighting COVID-19.

Likewise, telemedicine has helped several people.



**Rajnath Singh** @rajnathsingh ·
I welcome PM Shri @narendramodi on his return to India from an extremely successful and fruitful visit to the United States. His visit will certainly go a long way in further strengthening India-USA friendship and shaping the global perspective on the Indian world view.



**Amit Shah** @AmitShah ·
जनता को आपदा हेतु तैयार करना जरुरी है। आपदा के समय त्वरित रिस्पोंड करने में 'आपदा मित्र' ही सबसे पहले सहायता कर सकते हैं।

मोदीजी के नेतृत्व में हम आपदा प्रभावित 350 जिलों में आपदा मित्र कार्यक्रम की शुरुआत करने जा रहे हैं और सभी वॉलंटियर्स के बीमा का जिम्मा भी भारत सरकार उठाएगी।



**Nitin Gadkari** @nitin_gadkari ·
पंक्ति में खड़े आखिरी व्यक्ति की जिंदगी बेहतर हो, दीनदयाल उपाध्याय जी का एकात्म मानव दर्शन का सपना पूरा हो, देश की इकॉनोमी #5TrillionDollar की बने, इसमें सहकारिता मंत्रालय की महत्वपूर्ण भूमिका होगी।
#SahkarSeSamriddhi



**Narendra Singh Tomar** @nst...
सरकार ने शहद के उत्पादन और निर्यात को बढ़ावा देने के लिए राष्ट्रीय मधुमक्खी पालन और शहद मिशन (एनबीएचएम) शुरू किया है।
इसके तहत आज गुजरात सहकारी दुग्ध विपणन संघ लिमिटेड और राष्ट्रीय मधुमक्खी बोर्ड के सक्रिय सहयोग से "अमूल हनी" लॉन्च किया।



**Anurag Thakur** @ianuragtha...
I'm happy to announce the restructuring of sports science and performance management systems in SAI towards better results in Olympics.

Over 300 sports science specialists and high performance coaches, analysts and other personnel to be hired towards targetted results.

# PM in Mann Ki Baat: No one should be left out of vaccine's circle of safety

**EXPRESS NEWS SERVICE**
NEW DELHI, SEPTEMBER 26

PRIME MINISTER Narendra Modi on Sunday greeted the people ahead of the upcoming festival season even as he cautioned them to maintain Covid protocols and to ensure that those who are yet to receive their vaccinations are also inoculated.

In his monthly Mann Ki Baat radio broadcast, recorded before he left for the US for an official visit, Modi said everyone should get the vaccine administered when his or her turn comes and should also ensure that no one is left out of this "circle of safety".

"With regards to vaccination, the country has made many such records which are being talked about the world over," he said. "Those around you who have not gotten vaccinated also have to be taken to the vaccine centre. Even after getting vaccinated, the necessary protocol

generation today is giving khadi the place of pride that khadi had during freedom struggle...

"On October 2, on revered Bapu's birth anniversary, let us aim for another new record... For the festive season, every khadi, handloom, cottage industry purchase of yours should strengthen the campaign for 'Vocal for Local', it should break all old records," said the Prime Minister.

Modi dedicated this month's Mann ki Baat to World Rivers Day, which is marked on Sunday. The Prime Minister said in India, we revere rivers, but on the other hand, we pollute them. Pointing out that great progress was being made through the government's Namami Gange programme, Modi said the money collected through the e-auction of gifts which he has received (launched on September 17 and to continue till October 8), will be given to Namami Gange.

The Prime Minister also mentioned the feat of the team of eight specially-abled persons

## TRACKING THE SECOND SURGE

574 DAYS SINCE PANDEMIC BEGAN

NEW CASES: 26,305
ACTIVE CASES: 3,01,489
TOTAL VACCINATION: 85,60,81,527

| DAILY DEATHS | TOTAL DEATHS | WEEKLY CFR | OVERALL CFR |
|---|---|---|---|
| 278 | 4,47,196 | 0.87% | 1.34% |



TESTS TODAY: 13,68,992 | TOTAL TESTS: 56,46,12,237
WEEKLY POSITIVITY: 1.83% | OVERALL POSITIVITY: 5.96%

### STATES REPORTING MOST CASES

| STATE | NEW CASES | ACTIVE CASES | WEEKLY POSITIVITY | TOTAL VACCINATION |
|---|---|---|---|---|
| Kerala | 15,951 | 1,63,776 | 15.86% | 3,50,64,877 |
| Maharashtra | 3,206 | 37,860 | 2.33% | 7,81,02,782 |
| Tamil Nadu | 1,694 | 17,285 | 1.10% | 4,41,52,468 |
| Mizoram | 1,478 | 15,788 | 16.01% | 11,05,944 |

# Corruption has come down due to schemes: PM

**DC CORRESPONDENT**
**NEW DELHI, SEPT 26**

In his monthly Mann ki baat address on Sunday, Prime Minister Narendra Modi said corruption has reduced very significantly by measures such as depositing money directly into the "Jan Dhan" bank accounts off the poor, adding that through the world's largest health assurance scheme — Ayushman Bharat scheme, more than two and a half crore economically weaker sections of society have got free treatment up to ₹5 lakh in hospital.

The PM devoted much of

poor; eases their life. You are aware of the campaign that the country started regarding Jandhan accounts. Today, because of this the rightful money of the poor is getting credited directly into their accounts and because of this, obstacles like corruption have reduced very significantly."

Modi further said, "It is true that technology can help a lot in economic cleanliness. It is matter of delight for us that even in villages, the common person is getting connected in the direction of digital transactions through fintech UPI... its prevalence has begun increasing.

## Work in Progress



# Come, make in India: Modi woos global vaccine manufacturers

TIMES NEWS NETWORK

PM Narendra Modi on Saturday made an important effort to put India on the front-line of the global fight against Covid-19, by inviting global vaccine manufacturers to "come and make vaccines in India".

"I, today, invite vaccine manufacture around the world — come, make vaccines in India," PM Modi said while addressing the 76th session of the UN General Assembly.

"I want to give this information to UNGA that India has developed the world's first



The Indian community greets PM Modi in New York on Saturday

siderable goodwill when the Modi government launched "Vaccine Maitri" initiative to

for those above 12 years of age, Pune-based biotechnology firm Gennova Biopharma-

# US Prez backs India's UNSC permanent seat

**Press Trust of India**
letters@hindustantimes.com

**WASHINGTON:** US President Joe Biden has reiterated America's support for India's permanent membership on a reformed United Nations Security Council (UNSC) and its entry into the Nuclear Suppliers Group (NSG) during his first in-person bilateral meeting with Prime Minister Narendra Modi at the White House.

President Biden, in his talks with Prime Minister Modi,




# PM returns after 20 meetings in 3-day US visit



PM Narendra Modi at Palam airport on Sunday PHOTO: PTI

**PRESS TRUST OF INDIA**
New Delhi, 26 September

Prime Minister Narendra Modi, who returned to India from the US on Sunday, attended 20 meetings during his 65-hour visit, government sources said.

He also had four long meetings in flights with officials on the way to and back from the US, they added.

Sharing details, sources said Modi had two meetings in flight on Wednesday on the way to the US and three in the hotel upon his arrival.

On September 23, he had five meetings with as many CEOs followed by talks with US Vice President Kamala Harris and bilateral interactions with his Japanese and Australian counterparts Yoshihide Suga and Scott Morrison, respectively. He also chaired three internal meetings.

He had a bilateral meeting with US President Joe Biden the next day and then attended the Quad meet. Sources said Modi also held four internal meetings on September 24.

As Modi left the US for India on September 25, he held two meetings in the flight back, sources said.

Modi, who landed at the Palam airport, was given a warm welcome by BJP leaders, including party chief JP Nadda.

Modi, who walked for nearly two kilometres meeting party workers and the people lined up along the road outside the airport, thanked them for welcoming him.

Citing Modi's meetings with US President Joe Biden and Vice-President Kamala Harris, besides his participation in the Quad meet and address at the UNGA, Nadda said the Prime Minister put across strongly and frankly global issues and also India's views over threats like terrorism and expansionism.

MODI'S MANN KI BAAT

# 'Turn to khadi on Gandhi Jayanti, break all records'

**OUR BUREAU**
New Delhi, September 26

Prime Minister Narendra Modi on Sunday urged people to go in for record purchases of Khadi products on Mahatma Gandhi's birth anniversary on October 2.

In his address at the 81st episode of *Mann Ki Baat*, Modi called for collective efforts to maintain the tradition of remembering rivers and suggested that a "river festival" be celebrated at least once a year across the country. On the occasion of 'World Rivers Day' today, Modi highlighted the importance of rivers.

**Push for khadi**

Modi made a big push for Khadi, ahead of Mahatma Gandhi's birthday and stressed the need to further strengthen the vocal for local programme.

"Before Bapu's birthday, we should break all records in purchasing Khadi, we should be vocal for local. With upcoming festivals, make sure all your



Prime Minister Narendra Modi

purchases are Khadi," Modi said.

He said that Bapu (Mahatma Gandhi) was a proponent of cleanliness and had made cleanliness a mass movement and associated it with the dream of independence.

"Today, the production of Khadi and handloom has increased manifold and its demand has also increased," he added.

**Economic cleanliness**

Modi also drew attention of people to 'economic cleanliness'. He talked of popularity of technology like UPI.

"In the last one month (August), there have been over 350 crore UPI transactions. In this way, we can see how fintech has gone up considerably. Now, on an average over ₹6-lakh crore worth transactions are being put through UPI. It is true that technology can help in financial cleanliness. Nowadays, people in the villages are able to transfer money through UPI," he said.

Modi said that Covid has taught all to pay attention to healthcare and natural products. He spoke of an aloe vera field in Jharkhand run by women and how sanitiser companies are flocking to them.

## Digital Health Mission launch today

**OUR BUREAU**
New Delhi, September 26

Prime Minister Narendra Modi will launch the Pradhan Mantri Digital Health Mission (PM-DHM) on Monday at 11 am via video conferencing.

Currently, PM-DHM is being implemented in pilot phase in six UTs.

"Based on the foundations laid down in the form of Jan Dhan, Aadhaar and Mobile (JAM) trinity and other digital initiatives of the government, PM-DHM will create a seamless online platform through the provision of a wide-range of data, information and infrastructure services, duly leveraging open, interoperable, standards-based digital systems while ensuring the security, confidentiality and privacy of health-related personal information. The Mission will enable access and exchange of longitudinal health records of citizens with their consent," a release said.

RNI No. :
DELMAL/2020/78826
October: 16-31, 2021

ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

RNI Registered No. DELMAL/2020/78826, Delhi Postal License No DL (S)-1/3549/2020-22, WPP NO U (S)-97/2020-22, posting at BPC, Meghdoot Bhawan, New Delhi-110001 On 13-17 advance Fortnightly, (Publishing Date October 6, 2021, Pages-48)



# ആസാദ് ഹിന്ദ്

സ്വാതന്ത്ര്യസമരത്തിനിടെ സംഭവിച്ച നിരവധി നാഴികക്കല്ലുകൾ ഓർമ്മിക്കപ്പെടാതെ പോയിട്ടുണ്ട്.അത്തരത്തിൽ വിസ്മരിക്കപ്പെട്ട സുപ്രധാനമായ സംഭവവികാസമാണ് രാജ്യത്തെ ആദ്യ സ്വതന്ത്ര സർക്കാരായ ആസാദ് ഹിന്ദിന്റെ രൂപീകരണം.ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് 4 വർഷങ്ങൾക്ക് മുമ്പെ 1943 ഒക്ടോബർ 21ന് നേതാജി സുഭാഷ് ചന്ദ്ര ബോസാണ് ആസാദ് ഹിന്ദ് സർക്കാർ രൂപീകരിച്ചത്.അന്ന് 9 രാജ്യങ്ങൾ ഈ സർക്കാരിനെ അംഗീകരിച്ചിരുന്നു.2018ൽ ചരിത്രപരമായ നടപടി എടുത്ത പ്രധാനമന്ത്രി നരേന്ദ്ര മോദി ആസാദ് ഹിന്ദ് സർക്കാരിന്റെ 75-ാം വാർഷികത്തിൽ ചുവപ്പ് കോട്ടയിൽ ത്രിവർണ്ണ പതാക ഉയർത്തി.

> “ഭാരതത്തിന്റെ അസ്തിത്വം എന്ന വികാരം ആദ്യമായി ഉണ്ടാക്കിയത് നേതാജി സുഭാഷ് ചന്ദ്ര ബോസാണ്.ഒരു ഭാരതീയന്റെ കണ്ണിലൂടെ കാണാൻ രാജ്യത്തെ ജനങ്ങളെ ആദ്യം പഠിപ്പിച്ച വ്യക്തി അദ്ദേഹമാണ്
> -നരേന്ദ്ര മോദി,പ്രധാനമന്ത്രി

**Editor**
**Jaideep Bhatnagar**, Principal Director General, Press Information Bureau, New Delhi

**Published & Printed by:**
**Satyendra Prakash**, Principal Director General, BOC on behalf of Bureau of Outreach and Communication

**Published from:**
**Room No–278, Bureau of Outreach and Communication, 2nd Floor, Soochna Bhawan, New Delhi -110003**

**Printed at** Infinity Advertising Services Pvt.Ltd. FBD-One Corporate Park, 10th floor, New Delhi-Faridabad border, NH-1,Faridabad-121003

Malyalam
Vol. 2 Issue 8